KOTTAYAM P BLIC LIBRARY

Call No. M.297 Acc. No. 33202

Author ജോൺസി ജേക്കബ്

Title മുസ്ലിംകളുടെ ഉത്സവങ്ങളും
സംസ്കാരങ്ങളും

KOTTAYAM PUBLIC LIBRARY
KOTTAYAM

# മുസ്ലീംകളുടെ ഉത്സവങ്ങളും സംസ്കാരങ്ങളും

# മുസ്ലീംകളുടെ ഉത്സവങ്ങളും സംസ്കാരങ്ങളും

33202

ഗ്രന്ഥകർത്താ:

**ശ്രീപാദ് ജോഷി**

വിവർത്തനം:

**എസ്. വി. കൃഷ്ണവാരിയർ**

KOTTAYAM PUBLIC LIBRARY
KOTTAYAM

**കേരള സാഹിത്യ അക്കാദമിയുടെ**

**ധനസഹായത്തോടുകൂടി പ്രസിദ്ധീകരിക്കുന്നത്**

---

വിതരണം

**കറൻറ് ബുക്കസ്, തൃശ്ശൂർ**

വില: 1—75

# Muslimkalude Utsavangalum Samskarangalum

Author
SHRIPAD JOSHI
Translated by
S. V. KRISHNA VARIER

First Impression: September 1967
Copies: 1000
Price: 1—75
Cover: Madhavan
Blocks: Sankar Blocks
M297
JOS-M
Rights Reserved
Printed at: Viswabharathi Press, Trichur
Published by: S. V. Krishna Varier
Distributed by: Current Books, Trichur

# വിഷയവിവരം


അവതാരിക – ജനാബ് കെ. സി. കോമുക്കുട്ടി മൌലവി.

പ്രസ്താവന – അബീദ് ഹുസ്സൈൻ, ജാമീയമിലിയ, ന്യൂഡൽഹി.

പ്രസാധകക്കുറിപ്പ്

മുഖവുര – മൂലഗ്രന്ഥകാരൻ.

**ഉത്സവങ്ങൾ**

1 മുഹറം

2 മൌലൂദ്ശ്ശരീഫ: ബാരാവഫാത്

3 മി അറാജ്—ഒരു ശുഭദിനം

4 ശബരാത്ത്

5 ശബേകദ്ര് (ഖദർ)

6 റംസാൻ ഈദ് (ഈദ്–ഉൽ–ഫിതർ)

7 ബക്രീദ് (ഈദ്–ഉൽ–അസ്ഹാ)

**സംസ്കാരങ്ങൾ**

8 ജനനം (ജാതകർമ്മം)

9 ഖിത്താൻ—ബിസ്മില്ലാഹ്

10 നിക്കാഹ് (വിവാഹം)

11 വഫാത് (ശേഷക്രിയ)

12 നമസ്കാരം: മററു ചിലകാര്യങ്ങൾ

മുസ്ലീം മാസങ്ങൾ

# അവതാരിക.

ഇന്ത്യ ഒരേയൊരു രാഷ്ട്രമാണ്. അതു് ഒരേ രാഷ്ട്രമായി ത്തന്നെ നിലകൊള്ളണമെന്നാണ് അതിൻെറ സ്വാതന്ത്ര്യത്തിന്നു വേണ്ടി പ്രവർത്തിച്ചിരുന്ന മഹാത്മാഗാന്ധി, മൌലാനാ ആസാദ് മുതലായ ഭാരതീയ നേതാക്കന്മാരിൽ ബഹുഭൂരിപക്ഷവും ആഗ്ര ഹിച്ചിരുന്നതു്. ജാതിമതഭേദങ്ങൾ ഐക്യഭാരതത്തിന്നു പ്രതി ബന്ധമല്ലെന്നും പ്രതിബന്ധമായിക്കൂടെന്നും അവർ ആത്മാർത്ഥ മായി ആഗ്രഹിച്ചിരുന്നു. നിർഭാഗ്യവശാൽ സ്വാതന്ത്ര്യപ്രസ്ഥാനം നടന്നുകൊണ്ടിരുന്ന കാലത്തുതന്നെ ദ്വിരാഷ്ട്രവാദം ആവിർഭവിച്ചു വിജയംനേടി. അങ്ങിനെ വിഭജനദ്വാരാ വിട്ടുപോയ ഭാഗങ്ങ ളൊഴിച്ചു് ബാക്കിയുള്ളതു മാത്രമാണ് ഇന്നത്തെ സ്വതന്ത്രഇന്ത്യ. ഈ അവശിഷ്ടഭാരതമെങ്കിലും ഒരു മതേതരരാഷ്ട്രമായി സ്ഥിതി ചെയ്യണമെന്നു് രാജ്യക്ഷേമകാംക്ഷികൾക്കെല്ലാം ആഗ്രഹമുണ്ടു്.

എന്നാൽ, സ്വതന്ത്രഭാരതം ഉടലെടുത്തതിന്നുശേഷവും നാനാവിധ ഛിദ്രവാസനകൾ ഇവിടെ അല്പാല്പമായിട്ടെങ്കിലും നിലനില്ക്കുന്നുണ്ടെന്നതു വളരെ പരിതാപകരമാണ്. ഭാഷയു ടേയും സംസ്കാരത്തിൻേറയും പേരിൽ ഈ ഛിദ്രപ്രവണതയെ വളർത്തുവാൻ ഇന്നും ചിലർ പരിശ്രമിക്കുന്നതു കാണുമ്പോൾ യഥാ

ത്ഥരാജ്യസ്നേഹികഠം വ്യസനിക്കാതിരിക്കുകയില്ല. ഇസ്ലാമിക സംസ്കാരത്തിൻെറ പേർ പറഞ്ഞുകൊണ്ടു് ചില മുസ്ലീംകളും പുരാതനസംസ്കാരത്തിൻെറ പേർ പറഞ്ഞുകൊണ്ടു് ചില ഹിന്ദുക്കളും ഇവിടെ പ്രവത്തിച്ചുവരുന്നു. ഈ രണ്ടു സംരംഭങ്ങളേയും വളരാനനുവദിച്ചുകൂടാ. അനുവദിച്ചാൽ രാജ്യം തുണ്ടംതുണ്ടമായിപ്പോകും.

മതത്തിന്നും മതപരമായ ആചാരങ്ങഠംക്കും നമ്മുടെ ഭരണഘടന സംരക്ഷണം നല്കിയിട്ടുണ്ടു്. അതുകൊണ്ടു് മതാഭിവൃദ്ധിക്കും ധമ്മരക്ഷക്കും വേണ്ടിയുള്ള പ്രചാരവേലകഠം ഇവിടെ അനുവദിക്കപ്പെട്ടിരിക്കയാണു്. എന്നാൽ, മതത്തിൻേറയും ധമ്മത്തിൻേറയും സ്ഥാനംതന്നെ സംസ്കാരത്തിന്നും (Culture) നല്കാനുള്ള പ്രവണത ആപത്കരമാണെന്നു നാം മനസ്സിലാക്കണം. വാസ്തവത്തിൽ മതവും സംസ്കാരവും ഒന്നല്ല. വിവിധമതസ്ഥർ ഇടകലൎന്നു ജീവിതം നയിക്കുന്ന ഒരു രാജ്യമാണു് ഇന്ത്യ. തൽഫലമായി ഇവിടെ ഒരു പുതിയ സംസ്കാരം വളൎന്നുവന്നിട്ടുണ്ടു്. അതിന്നു മിശ്രസംസ്കാരമെന്നു വേണമെങ്കിൽ പേരും പറയാം. ഈ മിശ്രസംസ്കാരം നിലനിത്തുന്നതിലാണു് മാതൃഭൂമിയുടെ ക്ഷേമൈശ്വര്യങ്ങഠം സ്ഥിതിചെയ്യുന്നതു്. ഇവിടെ ഇസ്ലാംമതം ഹൈന്ദവസംസ്കാരത്തിലും ഹിന്ദുമതം മുസ്ലീം സംസ്കാരത്തിലും സ്വാധീനം ചെലുത്തിയിട്ടുണ്ടു്. അങ്ങിനെ നിലവിൽ വന്നിട്ടുള്ളതാണു് നമ്മുടെ പുതിയ സംസ്കാരം. അതു് അതേപടി നിലനിന്നുപോയാൽ ആക്കും ഒരാപത്തും വരാനില്ല. നേരേമറിച്ചു് ഹിന്ദുമുസ്ലീം സമ്പക്ക്ത്തിൽനിന്നുളവായ, ആ പവിത്രമായ മിശ്രസംസ്കാരത്തെ വെറുക്കുന്നതാണപകടം.

ഈ സാംസ്കാരികൈക്യം ഇനിയും വളരണം. അതിന്നു പരസ്പരം അറിഞ്ഞിരിക്കുന്നതു അത്യന്താപേക്ഷിതമാണു്. ഹിന്ദുക്കഠംക്കു്, ഇസ്ലാമികാചാരങ്ങളെക്കുറിച്ചും മുസ്ലീംകഠംക്കു് ഹൈന്ദവാചാരങ്ങളെക്കുറിച്ചും ശരിയായ ധാരണ ഉളവാകണം. ഈ ധാരണയുളവാക്കുന്നതിന്നു് ഏററവുമധികം ആഗ്രഹിച്ചിരുന്ന

ആളായിരുന്നു നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജി. അദ്ദേഹത്തിന്നു് ആ ആഗ്രഹം പൂൎത്തിയാക്കാൻ കഴിഞ്ഞില്ല. അതുകൊണ്ടു് അദ്ദേഹത്തിൻെറ വിയോഗത്തിന്നുശേഷം, അദ്ദേഹം നടത്തിവന്ന പരസ്പരധാരണാസംരംഭം പൂൎത്തീകരിക്കേണ്ടതിന്നു നാട്ടിൻെറ വിവിധഭാഗങ്ങളിലായി പല സംഘടനകളും പ്രവൎത്തിച്ചുവരുന്നുണ്ടു്. അവയിലൊന്നാണു് "ഗാന്ധീ ഹിന്ദുസ്ഥാനി സാഹിത്യസഭ" പ്രസ്തുത സഭക്കുവേണ്ടി, മറാഠിയിലും ഹിന്ദിയിലും ഒരു പേരെടുത്ത എഴുത്തുകാരനായ ശ്രീ. ശ്രീപാദജോശി ഹിന്ദിയിൽ എഴുതിയ ഒരു പുസ്തകത്തിൻെറ പരിഭാഷയാണു് "മുസ്ലീംകളുടെ ഉത്സവങ്ങളും സംസ്കാരങ്ങളും" എന്ന ഈ ചെറുപുസ്തകം. ഈ പുസ്തകം വായിച്ചു തെററുതീൎത്തു് ഒരു അവതാരിക എഴുതിക്കൊടുക്കാൻ ശ്രീ. വാരിയർ ആവശ്യപ്പെട്ടപ്പോൾ വിഷയത്തിൻെറ ആവശ്യവും പ്രാധാന്യവും നിമിത്തം ഞാനതു വൈമനസ്യമെന്യേ സമ്മതിച്ചു ഇതരമതസ്ഥൎക്കു മുസ്ലീംകളേയും അവരുടെ ആചാരനടപടികളേയും മനസ്സിലാക്കിക്കൊടുക്കുകയെന്ന ഉദ്ദേശ്യമാണു് ശ്രീ. ജോശിക്കും ശ്രീ. വാരിയൎക്കുമുള്ളതു്., ശ്രീ. ജോശി മഹാരാഷ്ട്രത്തിലെ മുസ്ലീംകളുടെ ആചാരനടപടികൾ കണ്ടു വിവരിച്ചതല്ലാതെ ഓരോന്നിലുമുള്ള മതതത്വങ്ങൾ സസൂക്ഷ്മം പരിശോധിച്ചറിഞ്ഞു് എഴുതിയതല്ലാത്ത സ്ഥിതിക്കു് ഒരു തികഞ്ഞ ഇസ്ലാമികഗ്രന്ഥമായി ആരും ഇതു സ്വീകരിക്കണമെന്നില്ല. ഏതുനിലക്കും മുസ്ലീംകളേയും അവരുടെ ആചാരാദികളേയും സ്വജനങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കുകയെന്ന ലക്ഷ്യത്തിൽ അദ്ദേഹം വിജയിച്ചിരിക്കുന്നു. ഇങ്ങിനെ മുസ്ലീംകളെപ്പററി ഹിന്ദുക്കളും ഹിന്ദുക്കളെപ്പററി മുസ്ലീംകളും എഴുതുകയും ഇരുസമുദായങ്ങളും പ്രത്യേകിച്ചു്, വളൎന്നുവരുന്ന തലമുറയായ വിദ്യാൎത്ഥികളും അവ വായിച്ചറിയുകയും ചെയ്യുന്നതായാൽ പരസ്പരം മനസ്സിലാക്കിക്കൊണ്ടു് ഐക്യം നിലനിൎത്തുവാൻ ഇരുസമുദായങ്ങൾക്കും സാധിക്കുമെന്നതിൽ സംശയമില്ല. മൂലഗ്രന്ഥവുമായി അല്പംചില മാററങ്ങൾവരുത്താൻ ശ്രീ. വാരിയരോടു്

ഞാൻ നിർദ്ദേശിക്കുന്നുണ്ടു്. അതുകൊണ്ടു് ശ്രീ. ജോശിയുടെ പുസ്തകത്തിൻെറ ഒരു സ്വതന്ത്രതർജ്ജമയായിരിക്കും ശ്രീ. വാരിയരുടെ പുസ്തകമെന്നു വായനക്കാർ അറിഞ്ഞിരിക്കേണ്ടതാണു്. സാഹിത്യകാരനായ ശ്രീ. വാരിയരുടെ സാമുദായികസൌഹാർദ്ദത്തിനുള്ള ഈ ഉദ്യമത്തിൽ അദ്ദേഹത്തിന്നു വിജയം നേരുന്നതോടുകൂടി ഞാൻ ഈ പുസ്തകം മഹാജനസമക്ഷം അവതരിപ്പിക്കുന്നു.

കോഴിക്കോട്ടു്,
26–7–1965.

കെ. സി. കോമുക്കുട്ടിമൌലവി.

# പ്രസ്താവന.

നാട്ടിൽ സാംസ്കാരികസമന്വയം ഉളവാക്കുന്നതിന്നായി
സ്വന്തം തൂലികയെ സമർപ്പിച്ച എഴുത്തുകാരിൽ ഒരാളാണ്
എന്റെ ചിരകാലസുഹൃത്തായ ശ്രീ. ശ്രീപാദജോശി. "ഹിന്ദു
സ്താനത്തിൽ വിവിധമതങ്ങളിൽ വിശ്വസിക്കുന്നവരും വിവിധ
ഭാഷകൾ സംസാരിക്കുന്നവരും ഉണ്ടെങ്കിലും അവരുടെയെല്ലാം
ഹൃദയത്തിന്റെ മിടിപ്പ് ഒരേമാതിരിയാണ്, എല്ലാവരുടേയും
ശരീരത്തിൽ വിരാജിക്കുന്നതു് ഒരേ ജീവനാണ്"—ഈ വസ്തുത
മനസ്സിലാക്കാൻ ഇന്ത്യക്കാരുടെ ഭാവങ്ങളുടേയും വിചാരങ്ങളു
ടേയും മേൽ ഭാഷകളും പരിഭാഷകളും ഇട്ടിട്ടുള്ള ആവരണം നീക്കു
കയേ വേണ്ടൂ എന്നാണദ്ദേഹം കരുതുന്നതു്. ഹിന്ദി, ഉർദു,
മറാഠി എന്നീ ഭാഷകൾ സംസാരിക്കുന്നവരിൽ ഓരോ വിഭാഗ
ക്കാരുടേയും ആചാരങ്ങളേയും വിചാരങ്ങളേയും മററുള്ളവർക്കു
മനസ്സിലാക്കിക്കൊടുത്തു് എല്ലാവരുടേയും ഹൃദയങ്ങളെ കൂട്ടി
ച്ചേർക്കാൻ അദ്ദേഹം പരിശ്രമിച്ചിട്ടുണ്ടു്. ഇപ്പോൾ അദ്ദേഹ
ത്തിന്നു ഹിന്ദുക്കളുടേയും മുസ്ലീംകളുടേയും ധാർമ്മികവിശ്വാസ
ങ്ങൾ, ആചാരങ്ങൾ, സമ്പ്രദായങ്ങൾ എന്നിവ അന്യോന്യം
മനസ്സിലാക്കിക്കൊടുത്തു് അവരിൽ സൌഹാർദ്ദമുളവാക്കാൻ
ആഗ്രഹം ജനിച്ചിരിക്കയാണ്. ആ ഉദ്ദേശ്യത്തോടുകൂടി അദ്ദേ

ഹം "ഗാന്ധി ഹിന്ദുസ്താനി സഭ"ക്കുവേണ്ടി എഴുതിയതാണ് "മുസ്ലീംകളുടെ ഉത്സവങ്ങളും സംസ്കാരങ്ങളും" എന്ന ഈ ഗ്രന്ഥം. പ്രസ്തുത സഭ രാഷ്ട്രീയൈക്യത്തിന്നും വിശ്വബന്ധുതയ്ക്കുംവേണ്ടി രാഷ്ട്രപിതാവ് ആരംഭിച്ച പ്രവൃത്തി പൂർത്തിയാക്കാൻവേണ്ടി യാണ് നിലകൊള്ളുന്നതു്.

ഉത്സവങ്ങളും സംസ്കാരങ്ങളും ധർമ്മത്തിന്റേയോ നാഗരിക തയുടേയോ ആത്മാവല്ല; പക്ഷേ, ശരീരമാണ്. ആ ശരീരത്തി ന്റെ ഉള്ളിലേക്കു കടന്നുചെല്ലുന്നവർക്ക് ആത്മാവിന്റെ പ്രകാശം സ്പഷ്ടമായി കാണാവുന്നതാണ്. ഈ പുസ്തകം വായിക്കുന്നവർ മുസ്ലീംകളുടെ ഉത്സവങ്ങളുടേയും ആചാരങ്ങളുടേയും ആരാധനാ ക്രമങ്ങളുടേയും ബാഹ്യാവരണം മാത്രം കണ്ടു് തൃപ്തിപ്പെടാതെ അതിനകത്തുള്ള ആത്മാവിനെ (ചൈതന്യത്തിനെ) ദർശിക്കാൻ പരിശ്രമിക്കും, അതിനെ സ്നേഹത്തോടും ആദരവോടുംകൂടി വീക്ഷിക്കും എന്നു ഞാനാശിക്കുന്നു. കാരണം, ആ ആത്മാവ്, ഈശ്വരൻ ഏകനാണെന്നറിയാനുള്ളതാണ്; ഈശ്വരന്റെ സൃഷ്ടികളെല്ലാം ഒന്നാണ്, അവക്കിടയിൽ ഉച്ചനീചത്വമോ ജാതിവ്യത്യാസമോ ഇല്ല എന്നു ധരിക്കാനുള്ളതാണ്; മതത്തിന്റെ നന്മയെ ലോകത്തിന്റെ നന്മയോടു് സമരസപ്പെടുത്താനുള്ള താണ്; സമുദായത്തിന്റെ ഹിതം വ്യക്തിയുടെ ഹിതത്തേക്കാൾ ശ്രേഷ്ഠമാണ് എന്നു മനസ്സിലാക്കാനുള്ളതാണ്.

ജാമിയാമിലിയാ,
ന്യൂഡൽഹി,
20-4-1963.

ആബിദ്ഹുസ്സൈൻ.

# പ്രസാധകക്കുറിപ്പ്.

ലോകത്തിലെ ഏതാണ്ടെല്ലാ ധർമ്മ(മത)ങ്ങളും, എന്നുവെച്ചാൽ അവയുടെ അനുയായികൾ അധിവസിക്കുന്ന ഏകരാഷ്ട്രം ഭാരതമാണ്. ഇങ്ങിനെ വിവിധമതങ്ങളുള്ളതുകൊണ്ട് ഈ നാട്ടിൻെറ സാംസ്കാരികജീവിതം ഒരുവിധത്തിൽ സമൃദ്ധമായിത്തീർന്നിട്ടുണ്ട്. മതങ്ങൾക്കുതമ്മിൽ മത്സരം ഇല്ലാതിരിക്കാൻ അവയ്ക്കു കൂടുതൽ അടുപ്പവും സാമഞ്ജസ്യവും ഉണ്ടാവുന്നതാവശ്യമാണ്. വിവിധമതങ്ങളുടെ അനുയായികളിൽ ഓരോരുത്തക്കും മററുള്ളവരുടെ ആചാരങ്ങളും സമ്പ്രദായങ്ങളും ഉത്സവാദികളും ശരിയായി മനസ്സിലാവുകയും അങ്ങനെ അവരുടെ പരിചയം വദ്ധിക്കുകയും ചെയ്യുമ്പോഴേ ഇതു സാധ്യമാവൂ. പലപ്പോഴും പരസ്പരവിദ്വേഷത്തിൻേറയും വെറുപ്പിൻേറയും കാരണമായിത്തീരുന്നതു് അജ്ഞതയാണ്. അതവശ്യം നീക്കേണ്ടതുമാണ്.

ഈ ഉദ്ദേശ്യത്തെ മുൻനിത്തി വിഭിന്നമതങ്ങളിലെ ഉത്സവങ്ങളുടേയും സംസ്കാരങ്ങളുടേയും ശരിയായ വിവരംനല്കുന്ന ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാൻ "ഗാന്ധി ഹിന്ദുസ്താനി സാഹിത്യസഭ" പരിപാടിയിട്ടിട്ടുണ്ട്. അതിലേ പ്രഥമ പുസ്തകമായി ഇതു പ്രസിദ്ധീകരിക്കാൻ ഞങ്ങൾക്കതിയായ സന്തോഷമുണ്ട്. ഇതി

ൻെറ രചയിതാവ് ശ്രീ ശ്രീപാദജോശി ഹിന്ദി, ഉർദു, മറാഠി എന്നീ ഭാഷകളിൽ പേരെടുത്ത ഒരെഴുത്തുകാരനാണ്. അദ്ദേഹം വളരെ ക്ലേശിച്ച് വിവരങ്ങൾ ശേഖരിച്ച് തയാറാക്കിയതാണ് ഈ ഗ്രന്ഥം. ഇതിൽ തെററുവരരുത് ആക്ഷേപം. വേദനാജനകമായി ഒന്നും ഉണ്ടാവരുത് എന്നുകരുതി ഞങ്ങളിത് ഇസ്ലാംമതത്തിലേ പണ്ഡിതന്മാരെ കാണിക്കുകയും അവരുടെ നിർദ്ദേശപ്രകാരം ഇതിൽ ചില മാററങ്ങൾവരുത്തുകയും ചെയ്തിട്ടുണ്ട്. എന്നിട്ടും, വല്ല പ്രമാദവും പററിയിട്ടുണ്ടെങ്കിൽ അതു ഞങ്ങളുടെ ശ്രദ്ധയിൽ പെടുത്തിയാൽ അടുത്തപതിപ്പിൽ ശരിപ്പെടുത്തുന്നതുമാണ്.

ഈ പുസ്തകത്തിന്നു ഡാക്ടർ ആബിദ്ഹുസൈൻ അവർകളെപ്പോലെ വിദ്വാനായ ഒരു വ്യക്തിയുടെ പ്രസ്താവനവാങ്ങാൻ കഴിഞ്ഞു എന്നതു വളരെ ചാരിതാർത്ഥ്യജനകമായ ഒരു സംഗതിയാണ്. അദ്ദേഹം, നമ്മുടെ ഉപരാഷ്ട്രപതി ഡാക്ടർ സക്കീർ ഹുസൈൻ സാഹിബിൻെറ വലത്തുകൈയാണെന്നു കരുതപ്പെടുന്നു; 'ജാമിയാമിലിയാ ഇസ്ലാമിയ'യുടെ അഭിവൃദ്ധിയിൽ ഒരു പ്രധാനപങ്കു വഹിച്ചിട്ടുണ്ട്; ആദ്യംതൊട്ടേ ഹിന്ദുമുസ്ലീം മൈത്രിയെ സമർത്ഥിച്ചിരുന്ന ഒരാളുമാണ്. അനേകം ഹിന്ദുപണ്ഡിതന്മാരോട് ഘനിഷ്ഠമായ സംബന്ധമുള്ള അദ്ദേഹം ഇസ്ലാംമതത്തെപ്പററിയും മുസ്ലീം സംസ്കാരത്തെപ്പററിയും അഗാധമായി പഠിച്ചിട്ടുമുണ്ട്.

ഞങ്ങളുടെ പരിപാടിയെ ജനങ്ങൾ ഹൃദയപൂർവ്വം സ്വാഗതംചെയ്യുമെന്നു് ഞങ്ങൾ ആശിക്കുന്നു.

പ്രസാധകന്മാർ.

# മുഖവുര.

നമ്മുടെ ഭാരതത്തിൽ അനേകം ജാതിക്കാരും ധൎമ്മ(മത) ക്കാരും നിവസിക്കുന്നുണ്ടു്. ഇവരൊക്കെ സുഖത്തോടും സന്തോഷത്തോടും സമാധാനത്തോടുംകൂടി ഇരിക്കണമെന്നു നാം ആഗ്രഹിക്കുന്നു. ഈ ഉദ്ദേശ്യത്തോടുകൂടിയാണു് നമ്മുടെ ഭരണഘടന തയാറാക്കിയിട്ടുള്ളതു്. ഇവിടെ ഓരോ വ്യക്തിക്കും മററനേകം സ്വാതന്ത്ര്യങ്ങളുടെകൂടെ മതപരമായ സ്വാതന്ത്ര്യവും ലഭിച്ചിട്ടുണ്ടു്.

എന്നാൽ, സ്വാതന്ത്ര്യം നല്കിയതുകൊണ്ടുമാത്രം വിഭിന്ന മതക്കാരിലും ജാതിക്കാരിലും സൌഹാൎദ്ദമുളവാക്കുക സാധ്യമല്ലെന്നു കഴിഞ്ഞ ഏതാനും ശതാബ്ദങ്ങളിലെ അനുഭവം നമ്മോടു പറയുന്നു. അതിന്നു് ഓരോ ആളും മററുള്ളവരെ ശരിയായി മനസ്സിലാക്കുന്നതു് അവശ്യം ആവശ്യമാണു്. പരിചയം അഥവാ ജ്ഞാനം ഇല്ലാഞ്ഞിട്ടാണു് തെററുധാരണകൾ ഉളവാകുന്നതു്; പിന്നെ എത്ര ആഗ്രഹമുണ്ടായാലും സ്നേഹമോ സൌഹാൎദ്ദമോ ഉണ്ടാവുകയില്ല. ഏതെങ്കിലും തരത്തിൽ ഉണ്ടാക്കിയാൽ അതു് അധികം നിലനില്ക്കുകയും ഇല്ല. ഈ സ്ഥിതി ദൂരീകരിക്കുന്നതിന്നുള്ള ഒരെളിയ പരിശ്രമമെന്നനിലയിൽ ഭാരതത്തിലെ വിഭിന്ന

മതങ്ങളിലെ ഉത്സവങ്ങളുടേയും സംസ്കാരങ്ങളുടേയും വിശദവിവരങ്ങൾ ശേഖരിക്കാൻ ആചാര്യ സ. ജ. ഭാഗവത് എന്നോടാവശ്യപ്പെട്ടു. ഉർദുഭാഷയും സാഹിത്യവും പഠിച്ചതുനിമിത്തം മുസ്ലീം സമുദായത്തോട്ട് പരിചയപ്പെടാൻ എനിക്ക് എളുപ്പമായിരുന്നു. അതിനാൽ, ഞാൻ ആദ്യം മുസ്ലീംകളുടെ ഉത്സവങ്ങളേയും സംസ്കാരങ്ങളേയും വിവരിക്കുന്ന ഒരു ചെറുപുസ്തകം തയാറാക്കാൻ തീരുമാനിച്ചു.

ഇതു തയാറാക്കുന്നതിൽ എനിക്കു രണ്ടു് പുസ്തകങ്ങൾ വളരെ അധികം സഹായകമായിട്ടുണ്ടു്; ഒന്നു്, "ഇസ്ലാമികകോശം" ("Dictionary of Islam" by Thomas Patric Hughes), രണ്ടു്, ശ്രീ. മഹേശ്പ്രസാദ്, മൌലവീ, ആലിംഫാസിൽ എഴുതിയ "ഇസ്ലാമീ ത്യോഹാർ ഔർ ഉത്സവ്" ഈ ഗ്രന്ഥകാരന്മാരോടു് ഞാനതീവകൃതജ്ഞനാണു്.

എന്നാൽ, ഇവയിലില്ലാത്ത പലതും എനിക്കു ശേഖരിക്കേണ്ടിവന്നു. ഇക്കാര്യത്തിൽ സുപ്രസിദ്ധ ഉർദു എഴുത്തുകാരനായ ഡാക്ടർ ആബിദ്ഹുസൈൻ, മറാഠി എഴുത്തുകാരനായ ശ്രീ. സയ്ദ്ആമിൻ, എൻെറ സുഹൃത്ത് ജനാബ് ബാബർയാർ ഖാൻ, മൌലവി ഹബീബുർ റഹ്മാൻ 'നദ്വി' സിദിഖി എന്നിവരിൽനിന്നു ഒട്ടേറെ സഹായം ലഭിച്ചിട്ടുണ്ടു്. ഈ എല്ലാ സുഹൃത്തുക്കളോടും ഞാൻ കൃതജ്ഞനാണു്.

ഈ പുസ്തകം ആദ്യം മറാഠിയിലാണെഴുതിയതു്. ഇതതിൻെറ ഒരേകദേശപരിഭാഷയാണെന്നു പറയാം. മറാഠി സംസാരിക്കുന്ന മുസ്ലീംകൾക്കു് അവരവരുടെ മാതൃഭാഷയിൽത്തന്നെ മുസ്ലീംകളുടെ ഉത്സവങ്ങളെപ്പററിയും സംസ്കാരങ്ങളെപ്പററിയും അറിവുനല്കുക എന്നതായിരുന്നു എൻെറ ഉദ്ദേശ്യം. മഹാരാഷ്ട്രത്തിൽ ആ പുസ്തകത്തിനു കിട്ടിയ സ്വാഗതത്തിൽനിന്നു് ആ

ഉദ്ദേശ്യം ഏറെക്കുറെ സഫലമായെന്നനുമാനിക്കാം. ഉർദു പഠിച്ചവക്കു ഉർദു പുസ്തകങ്ങളിൽനിന്നു് ഈ വിവരങ്ങളെല്ലാം ഗ്രഹിക്കുക സാദ്ധ്യമാണു്. എന്നാൽ, ഗ്രാമാന്തരങ്ങളിൽ വസിക്കുന്ന അല്പശിക്ഷിതരോ അശിക്ഷിതരോ ആയ മുസ്ലീമികാംക്കു് അതു സാദ്ധ്യമല്ല. തങ്ങളുടെ മതത്തിൻെറ മൌലികതത്ത്വങ്ങാം അവക്കറിയില്ല. അവർ പരമ്പരാഗതമായ സമ്പ്രദായമനുസരിച്ചു് ജീവിക്കുന്നു എന്നുമാത്രം. ഈ പുസ്തകത്തിൽനിന്നു ആ സംസ്കാരങ്ങളുടെ അടിയിലുള്ള തത്ത്വങ്ങാം ഏറെക്കുറെ മനസ്സിലാക്കാൻ കഴിയും.

എന്നാൽ, ഇതു മുസ്ലീംകാംക്കു മാത്രം വേണ്ടി എഴുതിയതല്ല. ഇതരമതസ്ഥക്കും ഇതു ഉപയോഗപ്രദമാവണം, അവക്കു മുസ്ലീംകളുടെ മതത്തെപ്പററിയോ സാമുദായികവ്യവസ്ഥയെപ്പററിയോ വല്ല തെററിദ്ധാരണയും ഉണ്ടെങ്കിൽ അതു നീങ്ങണം, നാമെല്ലാം ഒരേ ഭാരതമാതാവിൻെറ സന്താനങ്ങളാണെന്ന ഭാവന എല്ലാവരുടേയും ഹൃദയത്തിലുളവാകണം എന്നതും ഇതിൻെറ ഉദ്ദേശ്യമാണു്. സ്കൂളിൽ പഠിക്കുന്നകാലത്തു് കുട്ടികളുടെ മനസ്സിലുളവാകുന്ന സംസ്കാരം സുദൃഢമായിരിക്കും. അതിനാൽ, വിദ്യാത്ഥികളേയും അദ്ധ്യാപകന്മാരേയും മനസ്സിൽവെച്ചുകൊണ്ടാണു് ഇതെഴുതിയിട്ടുള്ളതു്. 'മുഹറം'. 'ബക്രീദ്'' മുതലായ ഉത്സവങ്ങാംക്കു് സ്കൂളിൽ അവധിയുണ്ടായിരിക്കും. ആ അവസരത്തിൽ അദ്ധ്യാപകന്മാർ വിദ്യാത്ഥികാംക്കു് ആ ഉത്സവങ്ങളുടെ പൂണ്ണവിവരം നല്കുമെന്നാണു് പ്രതീക്ഷിക്കപ്പെടുന്നതു്. പക്ഷേ, അദ്ധ്യാപകന്മാക്കുതന്നെ ശരിയായ വിവരങ്ങളില്ലെങ്കിൽ പിന്നെ അവരെന്താണു് പറഞ്ഞുകൊടുക്കുക? അദ്ധ്യാപകന്മാരുടെ ഈ വിഷമം പരിഹരിക്കാൻ ഈ പുസ്തകം പര്യാപ്തമാവുമെന്നും പ്രൈമറി സ്കൂളുകളിലെയും മിഡിൽ (യു. പി.) സ്കൂളുകളിലേയും അദ്ധ്യാപകന്മാർ ഇതിനെ ഉചിതമാംവണ്ണം ഉപയോഗപ്പെടുത്തുമെന്നും ഞങ്ങാം ആശിക്കുന്നു.

ധമ്മ (ദീൻ) ത്തിന്നും കമ്മകാണ്ഡ (മദ്ഹബ്) ത്തിന്നും തമ്മിൽ എപ്പോഴും വ്യത്യാസം ഉണ്ടായിരുന്നിട്ടുണ്ട്. നാം പലപ്പോഴും കേവലം ബാഹ്യമായ കമ്മകാണ്ഡത്തെ ധമ്മമെന്നു ധരിച്ച് ധമ്മത്തെ ദൂഷിക്കുന്നു. ഇസ്ലാമിൻെറ കാര്യത്തിലും ഇതുതന്നെ സംഭവിച്ചു. ഇസ്ലാംധമ്മം ശരിക്ക മനസ്സിലാക്കാൻ നമ്മളിൽ വളരെ കുറച്ചുപേരേ പ്രയത്നിച്ചിട്ടുണ്ടാവൂ. അത്തരക്കാരുടെ മനസ്സിൽ അതിൻെറ നേരെ ആദരവുളവായിട്ടുമുണ്ടാവും. ഈ സന്ദഭ്ത്തിൽ മഹാത്മാഗാന്ധി, ആചാര്യ വിനോബഭാവെ, സാനെ ഗുരുജി, ആചാര്യ കാക്കാകാലെൽക്കർ, പണ്ഡിററ് സുന്ദർലാൽ, ആചാര്യഭാഗവത് എന്നീ ശ്രേഷ്ഠപുരുഷന്മാരുടെ പേരുകൾ എടുത്തുപറയാം. പക്ഷേ, അവരുടെ എണ്ണം തുലോംകുറവാണ്.

ഹസ്രത്ത് മുഹമ്മദ് (നബി സ. അ) ഇസ്ലാംമതസ്ഥാപകനാണെന്നു കരുതപ്പെടുന്നു. പക്ഷേ, ഖുർആൻ ശരീഫിൽ ഒരിടത്തു ഇങ്ങിനെ പറഞ്ഞിട്ടുണ്ട്: 'വ ഇൻ മിൻ ഉമ്മതിൻ ഇല്ലാ ഖലാ ഫീഹാനദചീർ', 'വലീ കുല്ലി കൌമിൻ ഹാദ്.' ഇതിൻെറ അത്ഥം ഏതാണ്ടിപ്രകാരമാണ്. "'ദൈവത്തിൻെറ നദചീർ' (നബി) വന്നിട്ടില്ലാത്ത ഒരൊററ സമുദായവുമില്ല, ഓരോ സമുദായത്തിലേക്കും നാം ഒന്നല്ലെങ്കിൽ മറെറാരു 'ഹാദി'യെ (നിർദ്ദേശം നല്കുന്നവനെ, പഥപ്രദശ്കനെ) അയച്ചിട്ടുണ്ട്." ഇതിൻെറ അത്ഥം ഹസ്രത്ത്മുഹമ്മദ് (നബി സ. അ) തനിക്കുമുമ്പ് ഹസ്രത്ത് ആദംതൊട്ട് തൻെറ കാലംവരെ ഉണ്ടായിരുന്ന അനേകം മഹാത്മാക്കളേയും പ്രേഷിതരേയും ഇസ്ലാമിൻെറ പ്രവാചകന്മാരായിട്ടാണ് കരുതിയിരുന്നതു് എന്നാകുന്നു. ഖുർആൻ ശരീഫിൽ ഒരിടത്തു് ഇങ്ങിനെ പറഞ്ഞിട്ടുണ്ട്. "നിങ്ങളവരോട്ട് പറയുവിൻ ഞങ്ങൾ അല്ലാഹുവിലും, ഞങ്ങളുടെ ഹൃദയത്തിൽ വെളിപ്പെടുത്തിയതിലും, ഇബ്രാഹിം ഇസ്മായിൽ ഇസ്ഹാക്ക യാഖൂബ് യാഖൂബിൻെറ സന്താനങ്ങൾ എന്നിവക്ക നല്കിയതിലും, മോശക്കും യേശുവിന്നും നബിമാക്കും അവരുടെ രക്ഷിതാ

വിങ്കൽനിന്നു കിട്ടിയതിലും വിശ്വസിക്കും. അവയിൽ ഒന്നി നോട്ടപോലും ഞങ്ങൾ വ്യത്യാസം കാണിക്കുന്നില്ല. ഞങ്ങള വൻെറ മുമ്പാകെ തലകുനിക്കുന്നു.'' കൂടാതെ

''എല്ലാ 'റസൂലു'കളിലും 'ഇൽഹാമികിതാബു' (ഈശ്വരൻ മുഖേന ഹൃദയത്തിൽവന്നതു്) കളിലും വിശ്വാസമപ്പിക്കുന്നതു് ഇസ്ലാമിൻെറ കടമയാണു്. അപ്പോൾ ഇന്ത്യ ചീന മുതലായ രാജ്യങ്ങളിലെ ധമ്മപുരുഷന്മാരുടെ അനേകം അനുയായികൾ മുഖേന ഉണ്ടാക്കപ്പെട്ട പാരമ്പര്യങ്ങളിൽ നാം ശ്രദ്ധിക്കേണ്ടതു ണ്ടു്. അവരെ അധിക്ഷേപിച്ചൊന്നും പറയരുതു്. അവരും ദൈവദൂതന്മാരോ അവരുടെ പ്രതിനിധികളോ ആയിരുന്നിരിക്കാം.''

ഇങ്ങിനെ നോക്കുന്നതായാൽ ഭാരതത്തിലേ രാമൻ കൃഷ്ണൻ ബുദ്ധൻ എന്നിവരും ഇസ്ലാമിൻെറ പ്രവാചകന്മാരാണെന്നു കരുതാം. ഈ കാര്യം സമ്മതിക്കുന്നതായാൽ പിന്നെ ധമ്മം (മതം) സംഘഷത്തിന്നോ ദ്വേഷത്തിന്നോ കാരണമാവുകയില്ല. ഇന്നു് ജ്ഞാനത്തിൻെറ മണ്ഡലങ്ങളെ വ്യാപിക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കയാണു്, വിജ്ഞാനം. ഈ അവസരത്തിൽ നമ്മുടെ ഹൃദയവും അത്രതന്നെ വ്യാപകമാവുന്നില്ലെങ്കിൽ വിജ്ഞാനത്തിൽ നിന്നുളവാകുന്നതു് വിനാശമായിരിക്കും. നാമതിൽനിന്നു രക്ഷപ്പെടാനാഗ്രഹിക്കുന്നുവെങ്കിൽ പ്രേമഭാവനയെ സവ്വത്ര പ്രസരിപ്പിക്കണം; അതിന്നായി നമ്മോടിടഞ്ഞു നില്ക്കുന്നവരുടെ ഭാവനകൾപോലും മനസ്സിലാക്കണം. ഇതിനെല്ലാം അറിവും വിശാലവീക്ഷണവും ആവശ്യമാണു്. ഈ പുസ്തകം ആ മാഗ്ഗത്തിലൂടേയുള്ള ഒരു ചെറിയ കാൽവെപ്പാണു്.

ഇത്തരം പ്രയത്നം ഏകപക്ഷീയമാണെങ്കിൽ അതുകൊണ്ടൊരുലാഭവുമുണ്ടാകയില്ല എന്നതു ശരിതന്നെ. എന്നാലും, ചില

തൊക്കെ ആരംഭിക്കുകതന്നെ വേണം. നാം നിർഭയരായി മുന്നോട്ടു നീങ്ങുന്നതായാൽ നാലുഭാഗത്തുനിന്നും നമുക്കു സ്വാഗതം ലഭിക്കുമെന്നതാണ് നാളിതുവരെയുള്ള അനുഭവം പറയുന്നതു്.

വായനക്കാർ എന്റെ പരിശ്രമത്തെ അനുമോദിക്കുമെന്നും ഈ പുസ്തകത്തെ തികച്ചും ഉപയോഗപ്പെടുത്തുമെന്നും ഞാൻ ആശിക്കുന്നു.

പൂന,
5—5—1963.

ശ്രീപാദജോശി.

കുറിപ്പ്: ദക്ഷിണേന്ത്യയിൽ ഇതിൽനിന്നു് അല്പം ഭിന്നമായ ചില ആചാരക്രമങ്ങൾ കണ്ടുവരുന്നുണ്ടു്.

ഈ പുസ്തകം വിവർത്തനം ചെയ്തകാലത്തു വിവർത്തകൻ തൃശ്ശൂരിന്നടുത്തു് രാമവർമ്മപുരത്തുണ്ടായിരുന്ന ബേസിക് ട്രെയിനിംഗ് കാളേജിലെ ഒരധ്യാപകനായിരുന്നു. ഇതു് ഒരു ഔദ്യോഗിക പ്രസിദ്ധീകരണമല്ല.

പെരിങ്ങണ്ടൂര്,
1—4—'67.

വിവർത്തകൻ.

# ഉത്സവങ്ങൾ

## 1. മുഹ്റം

### കുറച്ചു ചരിത്രം

മിക്ക മുസ്ലീം രാഷ്ട്രങ്ങളിലും പ്രചാരത്തിലുള്ള ഹിജ്റ വഷത്തിലെ ആദ്യത്തേമാസം മുഹറം ആകുന്നു. ഇതൊരറബിശബ്ദമാണ്. അതിൻെറ അത്ഥം 'ഹറാം' എന്നുവെച്ചാൽ, നിഷിദ്ധമായതു് അഥവാ വജ്ജ്യമായതു് എന്നാണ്. ഇസ്ലാമിന്നു മുമ്പു് അറബിസ്ഥാനിൽ ഈ മാസത്തിൽ യുദ്ധവും രക്തച്ചൊരിച്ചിലും ധാമ്മികദൃഷ്ട്യാ നിഷിദ്ധമായിരുന്നു. അതിനാൽ, ഈ മാസത്തിന്നു 'മുഹറം' എന്ന പേരുവന്നു. പിന്നീടു് മുസ്ലീംകൾ ഈ പേരു തുടരുകയും ചെയ്തു. പണ്ടുകാലത്തു് ഈമാസം അതീവ ശുഭമാണെന്നു കരുതപ്പെട്ടിരുന്നു. ഇന്നും അങ്ങിനെയാണ് കരുതുന്നതു്. ഇതിൻെറ പേര് 'സയ്യിദുൽ അശ്ഹർ' എന്നുവെച്ചാൽ എല്ലാ മാസങ്ങളുടേയും യജമാനൻ എന്നാണ്. പക്ഷേ, ഈ മാസത്തിലാണ് ഹസ്രത്ത് ഇമാംഹുസൈൻ ആത്മാഹുതി

ചെയ്തതു്. അതിനാൽ, ഇതിനോട്ട് പവിത്രത കൂട്ടിച്ചേക്കുന്ന തിന്നു പകരം ഇതു് അശുഭവും ദുഃഖദായിയുമാണെന്നു കരുതപ്പെടാൻ തുടങ്ങി. അതിനാൽ, ശ്രദ്ധാലുക്കളായ ചിലർ ഈ മാസത്തിൽ കല്യാണം മുതലായ മംഗലകർമ്മങ്ങൾ ചെയ്യുന്നില്ല. ഈ മാസത്തിൽ സന്താനങ്ങൾ ജനിക്കുന്നതും അശുഭമായിട്ടാണു് കരുതപ്പെടുന്നതു്.

ക്രി. പി. 632-ൽ ഹസ്രത്ത് മുഹമ്മദ് (നബി സ. അ.) ഇഹലോകവാസം വെടിഞ്ഞു. അപ്പോൾ അദ്ദേഹത്തിൻെറ പ്രതിപുരുഷൻ അഥവാ ഖലീഫ് ആരായിരിക്കണമെന്നതു് മുസ്ലീംകൾക്കിടയിൽ ചിന്താവിഷയമായിത്തീൎന്നു. ഐകകണ്ഠ്യമായി അഥവാ ഭൂരിപക്ഷപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന ആളെ ഖലീഫ് ആയി പരിഗണിക്കണമെന്നു ചിലർ അഭിപ്രായപ്പെട്ടു. അവരെ 'സുന്നി'കൾ എന്നു പറയുന്നു. അവരുടെ അഭിപ്രായത്തിൽ ഹസ്രത്ത് അബൂബക്കർ, ഹസ്രത്ത് ഉമർ, ഹസ്രത്ത് ഉസ്മാൻ, ഹസ്രത്ത്അലി എന്നിവരായിരുന്നു ആദ്യത്തെ നാലു ഖലീഫമാർ.

മററു ചിലരുടെ അഭിപ്രായത്തിൽ മുഹമ്മദ്നബി (സ. അ.) ക്കുശേഷം ഖലീഫ സ്ഥാനത്തിന്നുള്ള ശരിയായ അവകാശി ഹസ്രത്ത് അലി മാത്രമാണു്. അതിനാൽ, ഈ രണ്ടാമത്തെ പക്ഷക്കാർ ആദ്യം പറഞ്ഞ മൂന്നുപേരേയും ഖലീഫമാരായിക്കരുതുന്നില്ല. ഇവരെ 'ശീആ' എന്നു പറയുന്നു. 'ശീആ' എന്നതിൻെറ അൎത്ഥം സമുദായമെന്നാണു്. ഇവർ ഹസ്രത്ത് അലി, ഹസ്രത്ത് ഹസൻ, ഹസ്രത്ത് ഹുസൈൻ, ഹസ്രത്ത് സൈനുൽ ആബിദൈൻ, ഹസ്രത്ത് ബാകിർജ ജാഫർ സാദിഖ്, ഹസ്രത്ത് മൂസാ കാസിം, ഹസ്രത്ത് അലിറസാ, ഹസ്രത്ത് മുഹമ്മദ് നകീ, ഹസ്രത്ത് മുഹമ്മദ് തകീ, ഹസ്രത്ത് ഹസൻ അസ്കരി, ഹസ്രത്ത് മഹേദീരിസ്വാനുല്ല എന്നീ 12 ഇമാമുകളെ (ധാൎമ്മികനേതാക്കന്മാരെ) സ്വീകരിക്കുന്നു. അതിനാൽ, ഇവരെ 'ഇമാമിയാ' എന്നും പറയുന്നു. ഇതിൽ മൂന്നാമത്തേ ഇമാമായ ഹസ്രത്ത് ഹുസൈൻ

സാഹബ് മുഹറം 10-ാംനു- ഇറാഖ് ദേശത്തിൽ * കർബലാ അഥവാ കർബ്ബലാ (കർബാ=ദുഃഖം; ബലാ=ആപത്ത്) എന്ന നഗരത്തിന്നരികെവെച്ച് ഒരു യുദ്ധത്തിൽ വധിക്കപ്പെട്ടു. അദ്ദേഹത്തിൻെറ ഓർമ്മക്കായിട്ടാണ് ഈ ഉത്സവം കൊണ്ടാടുന്നതു്.

ഇമാം ഹുസൈൻ വീരസ്വർഗ്ഗം പ്രാപിച്ച ഈ യുദ്ധം വിദേശികളോടോ വിധർമ്മികളോടോ ചെയ്ത യുദ്ധമായിരുന്നില്ല. പ്രത്യുത, ഖിലാഫത്തിന്നായി നടത്തിയ കുടുംബകലഹത്തിൻെറ പരിണാമമായിരുന്നു. അതിൽ ഉഭയപക്ഷവും ഒരേ മതക്കാർ മാത്രമല്ല, ബന്ധുക്കൾകൂടി ആയിരുന്നു. ആ സംഭവം ചുരുക്കി വിവരിക്കാം:

## കർബലയുടെ കഥ

അറബസ്ഥാനിൽ കുറൈശ് എന്നു പേരായ ഒരു സുപ്രസിദ്ധവംശമുണ്ടായിരുന്നു. ആ വംശത്തിൽ ഹാശിം എന്നും ഉമൈയാ എന്നും പേരായ രണ്ടു പരാക്രമശാലികളുണ്ടായി. ഹാശിമിൻെറ ഭാഗിനേയനായിരുന്നു ഉമൈയ. ഇവരുടെ പേരിൽ നിന്നു ബനീ ഹാശിം, ബനീ ഉമൈയാ എന്നു രണ്ടു ശാഖകൾ അഥവാ വംശങ്ങൾ ഉണ്ടായി. (ബനീ എന്നുവെച്ചാൽ മക്കൾ എന്നർത്ഥം) ഇതിൽ ബനീ ഹാശിമിൻെറ ശാഖയിലാണ് ഹസ്രത്ത്മുഹമ്മദ് ജനിച്ചതു്. അദ്ദേഹത്തിൻെറ ജാമാതാവു് (ബീബി ഫാത്തിമയുടെ പതി), നാലാമത്തെ ഖലീഫ ആയിരുന്നു, ഹസ്രത്ത് അലിയും ഈ ശാഖയിലായിരുന്നു. ഹസ്രത്ത്ഹസ്സനും ഇമാം ഹുസൈനും ഹസ്രത്ത് അലിയുടെ പുത്രന്മാരായിരുന്നു; എന്നുവെച്ചാൽ ഹസ്രത്ത് മുഹമ്മദ് നബി (സ. അ)യുടെ ദൌഹിത്രന്മാർ.

---

* കർബല എന്ന നഗരം ബാഗ്ദാദിൻെറ തെക്കുപടിഞ്ഞാറുഭാഗത്തു് 50 നാഴിക ദൂരെ കിടക്കുന്നു. ഹസ്രത്ത് ഹുസൈൻെറ ആത്മാഹുതി ഹേതുവായി അതൊരു പുണ്യസ്ഥലമായിത്തീർന്നു.

അവരൊക്കെ ഈ ശാഖയിൽപെട്ടവരായിരുന്നു. ബനീ ഹാശിം ബനീ ഉമൈയാ എന്നിവർക്കിടയിൽ പരമ്പരാഗതമായ ശത്രുതയുണ്ടായിരുന്നു. ഇതിൽ ബനീ ഹാശിം ശാഖയിലെ ആളുകൾ പ്രബലരായിരുന്നു. അതിനാൽ, മറേറശാഖയിലുള്ളവർക്കു അവരോടൊന്നും ചെയ്യാൻ കഴിഞ്ഞില്ല; എന്നാലും, കഠിനമായ വിദ്വേഷം വെച്ചുപുലർത്തിയിരുന്നു. ഹസ്രത്ത് മുഹമ്മദ് നബി (സ. അ.) ഇസ്ലാംമതം പ്രചരിപ്പിക്കാൻ തുടങ്ങിയപ്പോൾ ബനീ ഉമൈയാ ശാഖയിലെ അബൂസുഫിയാനും മററും ചേർന്നു് അദ്ദേഹത്തെ നിശിതമായി എതിർത്തു. പക്ഷേ, ക്രമേണ ഇസ്ലാംകളുടെ ശക്തി വർദ്ധിച്ചു. ബനീ ഉമൈയാ ശാഖയിൽപെട്ടവർക്കു ഇസ്ലാം മതം സ്വീകരിക്കേണ്ടിവരികയും ചെയ്തു. എന്നാൽ ഒരേ മതാനുയായികൾ ആയതിന്നുശേഷവും ബനീ ഹാശിം ശാഖക്കാരോടു മറുപക്ഷക്കാർക്കു സൌഹാർദ്ദമുളവായില്ല. വൈരത്തിൻെറ അഗ്നി കെട്ടാറിയെന്നു് പുറമേക്കു തോന്നിയിരുന്നുവെങ്കിലും അതു് അകത്തു് നീറിപ്പിടിച്ചുകൊണ്ടിരിക്കയായിരുന്നു.

ക്രി. പി. 632ൽ ഹസ്രത്ത് മുഹമ്മദ് നബി (സ. അ.) ഇഹലോകവാസം വെടിഞ്ഞതിന്നുശേഷം അദ്ദേഹത്തിൻെറ സ്ഥാനത്തു് ഹസ്രത്ത് അബൂബക്കർ ആദ്യത്തെ ഖലീഫ ആയി തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം ശാം (സീരിയാ) പിടിച്ചടക്കാനയച്ച സൈന്യത്തിൽ ബനീ ഉമൈയാ ശാഖയിലെ 'അബൂ സുഫിയാ'ൻെറ പുത്രൻ 'മുആവിയ' തൻെറ ജ്യേഷ്ഠസഹോദരൻെറ ഒരുമിച്ചു് പോയിരുന്നു. ആ രാജ്യം മുസ്ലീംകൾക്കധീനമായി; മുആവിയയുടെ സഹോദരൻ അവിടത്തെ ഭരണാധികാരിയായിത്തീർന്നു. കുറച്ചു ദിവസത്തിന്നുള്ളിൽ അദ്ദേഹം മൃതിയടഞ്ഞു. അപ്പോൾ ആ സ്ഥാനം മുആവിയയ്ക്കു ലഭിച്ചു. വലിയ ഉൽക്കർഷേച്ഛുവും തന്ത്രജ്ഞനുമായിരുന്ന അദ്ദേഹം 40 കൊല്ലത്തോളം അവിടെ ഭരണം നടത്തി, തൻെറ ശക്തി ധാരാളം വർദ്ധിപ്പിക്കുകയും ചെയ്തു.

ഹസ്രത്ത് അബൂബക്കർ രണ്ടുകൊല്ലം ഖലീഫ ആയിരുന്ന ശേഷം 634ൽ പരലോകം പ്രാപിച്ചു. പിന്നെ ഹസ്രത്ത് ഉമർ ഖലീഫയായി. അദ്ദേഹം 11കൊല്ലം ഖിലാഫത്ത് നടത്തി. ഇവരിരുവരും കുറൈശീവംശക്കാരായിരുന്നു എന്നാൽ, ബനീ ഹാശിം ശാഖയോടോ ബനീ ഉമൈയാ ശാഖയോടോ ഇവക്കൊരു സംബന്ധവുമുണ്ടായിരുന്നില്ല. അവർക്കുശേഷം ഖലീഫ ആയി വന്ന ഹസ്രത്ത് ഉസ്മാൻ, ബനീ ഉമൈയാ ശാഖയിൽപെട്ട ആളായിരുന്നു. അദ്ദേഹം ഏതാണ്ട 12 കൊല്ലം ആ സ്ഥാനം വഹിച്ചു. ആ കാലത്തിന്നിടയിൽ അദ്ദേഹം ബനീ ഉമൈയാ ശാഖയിൽ പെട്ടവരോട് കൂടുതൽ ആത്മീയത പുലത്തി പക്ഷപാതംതന്നെ കാണിച്ചു എന്നു് ചിലർ പറയുന്നുണ്ട്. മുആവിയ അദ്ദേഹത്തിൻെറ ബന്ധുവായിരുന്നു. അതിനാൽ ആയാളുടെ സാമത്ഥ്യവും ശക്തിയും വളരെയധികം വദ്ധിച്ചു.

ക്രി. പി. 656ൽ ഹസ്രത്ത് ഉസ്മാൻ വീരസ്വൎഗ്ഗം പ്രാപിച്ചു. അപ്പോൾ ചിലരൊക്കെ ചേന്ന് ബനീ ഹാശിം ശാഖയിലെ ഹസ്രത്ത് അലിയെ നാലാമത്തെ ഖലീഫ ആയി തിരഞ്ഞെടുത്തു. പക്ഷേ, മുആവിയ അതു സമ്മതിച്ചില്ല. അതിനാൽ, ഇരുശാഖകളും തമ്മിൽ വീണ്ടും സംഘഷമുളവായി. അവസാനം ശാം, അതിൻെറ തൊട്ടു പടിഞ്ഞാറുള്ള മുസ്ലീം സംസ്ഥാനം ഇവ രണ്ടും മുആവിയയുടേയും കിഴക്കുള്ള സംസ്ഥാനം ഹസ്രത്ത് അലിയുടേയും ഭരണത്തിൻകീഴിലായി.

ക്രി. പി. 661ൽ ഇറാഖിൽ ഫറാത്ത് (യൂഫ്രടിസ്) നദിയുടെ തീരത്തു് കൂഫാ നഗരത്തിൽവെച്ച് ഹസ്രത്ത് അലിയെ കൊല്ലാനായി ഒരാക്രമണം നടത്തപ്പെട്ടു. രണ്ടു ദിവസത്തെ ഏതിപ്പിന്നുശേഷം അദ്ദേഹം വീരസ്വൎഗ്ഗം പ്രാപിച്ചു. അപ്പോൾ പലരും കൂടി അദ്ദേഹത്തിൻെറ പുത്രൻ ഹസ്രത്ത് ഇമാം ഹസ്സനെ ഖലീഫ ആയി തിരഞ്ഞെടുത്തു. പക്ഷെ 'മുആവിയ' അതു സമ്മതിച്ചില്ല. എന്നുമാത്രമല്ല അദ്ദേഹം ഹസ്രത്ത് ഇമാം ഹസ്സനെ പോ

രിന്നു വിളിക്കുകയും ചെയ്തു. ഹസ്രത്ത് ഇമാം ഹസ്സൻ വലിയ സമാധാനപ്രിയനായിരുന്നു; യുദ്ധമോ കലഹമോ തീരെ ഇഷ്ടപ്പെട്ടിരുന്നില്ല. അതിനാൽ. അദ്ദേഹം മുആവിയോട്ട് ഒരു സന്ധി ചെയ്തു. അതിലേ ഒരു നിബന്ധന ഇതായിരുന്നു: മുആവിയയുടെ മരണാനന്തരം ഹസ്രത്ത് ഇമാം ഹസ്സനോ അദ്ദേഹത്തിൻെറ അടുത്ത ഏതെങ്കിലും ബന്ധുവോ ഖലീഫ ആവണം. പക്ഷേ, ഈ സന്ധിക്കുശേഷം ഏതാണ്ടാറുമാസമേ ഹസ്രത്ത് ഇമാം ഹസ്സൻ ജീവിച്ചിരുന്നിട്ടുള്ളു. 'മുആവിയ'യോ ആയാളുടെ സംഘത്തിലേ ഏതോ വ്യക്തിയോ ഹസ്രത്ത് ഹസ്സന്നു് അദ്ദേഹത്തിൻെറ പത്നിയുടെ കൈകൊണ്ടുതന്നെ വിഷം കൊടുപ്പിച്ചു എന്നു ചിലർ വിശ്വസിക്കുന്നു.

ക്രി. പി. 679ൽ അമീർ 'മുആവിയ' മൃതിയടഞ്ഞു. അപ്പോഠം മുൻപറഞ്ഞ സന്ധിയനുസരിച്ച് ഹസ്രത്ത് ഇമാം ഹസ്സൻെറ അനുജൻ ഹസ്രത്ത് ഇമാം ഹുസ്സൈന്നു ഖിലാഫത്ത് ലഭിക്കേണ്ടതായിരുന്നു. പക്ഷെ, മുആവിയ മരിക്കുന്നതിന്നുമുമ്പുതന്നെ പലരെക്കൊണ്ടും യസീദിനെ ഖലീഫ ആക്കുമെന്നു പ്രതിജ്ഞചെയ്യിച്ചിരുന്നു. ഈ 'യസീദ്'' മുആവിയയുടെ പുത്രനാണു്. അതുവരെ ഖലീഫയെ തിരഞ്ഞെടുത്തതു് ഐകകണ്ഠ്യേനയോ ഭൂരിപക്ഷപ്രകാരമോ ആയിരുന്നു. എന്നാലിപ്പോഠം ഖിലാഫത്തിനെ പരമ്പരാവകാശമാക്കിത്തീർത്തു് മുആവിയ ഒരു പുതിയ സമ്പ്രദായമാരംഭിച്ചു. അതു പ്രജാതന്ത്രത്തിന്നു് കടകവിരുദ്ധവുമായിരുന്നു. യസീദിൻെറ കൈയിൽ അധികാരമുണ്ടായിരുന്നു. അതിനാലദ്ദേഹം, ഇസ്ലാം ലോകത്തിൻെറയാകെ ഖലീഫ് ആയിത്തീർന്നു—ഹസ്രത്ത് ഇമാം ഹുസ്സൈൻെറ അവകാശം മുഴുവനും തട്ടിയെടുത്തു.

കുറച്ചുദിവസത്തിന്നുശേഷം കൂഫ (ഇറാഖ്)യിലെ നിവാസികഠം ഹസ്രത്ത് ഇമാം ഹുസ്സൈന്നു് ഇങ്ങിനെ ഒരു സന്ദേശമയച്ചു: "ഞങ്ങളങ്ങയെ ഞങ്ങളുടെ ഖലീഫായി സ്വീകരിക്കുന്നു. അതിനാൽ, അങ്ങയ്ക്കു ഇങ്ങോട്ടെഴുന്നള്ളുവാൻ ദയവുണ്ടാവണം". ഈ

KOTTAYAM PUBLIC LIBRARY
KOTTAYAM

സന്ദേശം കിട്ടിയപ്പോഠം അദ്ദേഹം ഭാര്യാമക്കളോടും അടുത്ത ചില ബന്ധുക്കളോടും ഒരു ചെറുസൈന്യത്തോടുംകൂടി ഇറാഖി ലേക്കു പോകാനായി മക്കയിൽനിന്നു പുറപ്പെട്ടു. ഇവർ ഇറാഖിൽ ഫെറാത്ത് നദിയുടെ തീരത്തു് 'കർബല' - നഗരത്തിലെത്തിയതു് മുഹറം ഒന്നാംതിയ്യതി ആയിരുന്നു. അവിടെവെച്ചു് അവരെ എതിർക്കാനായി യസീദ് തൻെറ സൈന്യത്തെ അയച്ചിരുന്നു. ആ സൈന്യത്തിൽ നാലായിരം കുതിരപ്പട്ടാളമുണ്ടായിരുന്നു. അവർ ഹസ്രത്ത് ഇമാം ഹുസ്സൈൻെറ കൂടാരം വളഞ്ഞു. അദ്ദേഹത്തിന്നു വെള്ളംപോലും കിട്ടാൻ വഴിയില്ലാതായി. തന്നിമിത്തം ഇമാമിൻെറ കുടുംബക്കാർക്കു്, വിശിഷ്യ ചെറുകുട്ടികഠക്കു വലിയ വിഷമം നേരിട്ടു. സരള ഹൃദയനായ ഇമാമിന്നു് അതു ദുസ്സഹമായിതോന്നി. അദ്ദേഹം സന്ധിസംസാരത്തിന്നു് സന്നദ്ധനായി, ശത്രുവിനോടു് പറഞ്ഞു: "നിങ്ങഠം എൻെറ ധർമ്മദാരങ്ങളേയും ബന്ധുക്കളേയും ഉപദ്രവിക്കുന്നതിന്നു പകരം എന്നെ വധിച്ചുകൊഠംക." പക്ഷേ, യസീദിൻെറ ആളുകഠം അദ്ദേഹത്തിൻെറ വാക്കു് സ്വീകരിച്ചില്ല.

അക്കാലത്തു് ദ്വന്ദ്വയുദ്ധത്തിന്നായിരുന്നു പ്രചാരം. അതിനാൽ, യസീദിൻെറ സൈന്യത്തിലെ ഓരോ ഭടനോടും ഇമാമിൻെറ ഓരോ കൂട്ടുകാരൻ ദ്വന്ദ്വയുദ്ധം ചെയ്യാൻ തുടങ്ങി. അതിൽ യസീദിൻെറ ആഠംക്കാർ ഒട്ടേറെ വധിക്കപ്പെട്ടു. അതിനാൽ, അവർ ധർമ്മയുദ്ധമുപേക്ഷിച്ചു് കൂട്ടയുദ്ധം ചെയ്യാൻ തുടങ്ങി. ഇതിന്നു മറെറന്തുപരിണാമമാണുണ്ടാവുക? ഹസ്രത്ത് ഇമാംഹുസൈനും അദ്ദേഹത്തിൻെറ എല്ലാ കൂട്ടുകാരും വധിക്കപ്പെട്ടു. ആ സമയത്തു് യസീദിൻെറ ആഠംക്കാർ എതിരാളികളോടു് പെരുമാറിയതു് തീരെ മൃഗീയമായ രീതിയിലായിരുന്നു. അവരെ വല്ലാതെ ഉപദ്രവിച്ചു. ഇമാം ഹുസ്സൈൻ വീരമൃത്യുവടഞ്ഞശേഷം അദ്ദേഹത്തിൻെറ മൃതശരീരം മറവുചെയ്യാതെ ഒരിടത്തിട്ടുപോയി. എന്നല്ല, ആ ശരീരത്തിൽനിന്നു ശിരസ്സു് ഛേദിച്ചെടുക്കുകയും

ചെയ്തു അതിന്നുശേഷം ഇമാംസാഹബിൻെറ ഒരുമിച്ചുണ്ടായിരുന്ന ബാലികമാരേയും വനിതമാരേയും അവമാനിച്ചു. പർദ്ദയെല്ലാം പിച്ചിച്ചീന്തി അവരെ ഒട്ടകപ്പുറത്തുകയററി നഗരപ്രദക്ഷിണം ചെയ്യിച്ചു. മരിച്ച യോദ്ധാക്കളുടെ ശിരസ്സ് മുറിച്ച് കുന്തത്തിന്മേൻ തറച്ച് കൂഫാ, ദമിശ്ഖ് എന്നീ നഗരങ്ങളിലെ തെരുവുകളിലൂടേ ഘോഷയാത്രയായി കൊണ്ടുപോയി.

## ഉത്സവപരിപാടി

ഇമാം ഹുസൈൻ തൻെറ ആത്മാർപ്പണം ഹേതുവായി 'സൈയിദുശ് ശുഹദാ'(ഹുതാത്മാക്കളുടെ രാജാവ്) 'ശഹീദേ ആസം' (ശ്രേഷ്ഠനായ ഹുതാത്മാവ്) എന്നീ പേരുകളിൽ സുപ്രസിദ്ധനാണ്.

ഹസ്രത്ത് ഇമാം ഹുസൈൻ മുഹറം 10-ാംനു- വെള്ളിയാഴ്ചയാണ് ആത്മാഹുതി ചെയ്തതു്. (ഹിജ്റ വർഷം 61; ക്രി. പി. 680 ഒക്ടോബർ 10.) അതിനാൽ, അതൊരു ദുഃഖദിനമാണെന്നു കരുതപ്പെടുന്നു. അദ്ദേഹം മുഹറം 1_ാംനു- തന്നെ കർബലയിൽ കുടുങ്ങിപ്പോയിരുന്നു. അതിനാൽ, ഒന്നാം തീയതി മുതൽ ഉത്സവപരിപാടികൾ ആരംഭിക്കുന്നു; എന്നുവെച്ചാൽ ദുഃഖം ആചരിക്കാൻ തുടങ്ങുന്നു. ഏഴ്, എട്ട്, ഒമ്പതു് തിയ്യതികളിൽ ഇമാമിൻെറ ആൾക്കാർ വെള്ളംപോലും കിട്ടാതെ വളരെയധികം ക്ലേശിച്ചിട്ടുണ്ട്. അതിനാൽ, ആ ദിവസങ്ങൾക്കു പ്രത്യേകം പ്രാധാന്യമുണ്ട്. ഒമ്പതും പത്തും തിയ്യതികൾക്കിടയിലെ രാത്രി വധരാവാണ്. ആ സമയത്താണ് ഹസ്രത്ത് ഇമാം ഹുസൈൻ തൻെറ ആൾക്കാർക്ക് ഉപദേശം നല്കിയതും അവരെ സമാശ്വസിപ്പിച്ചതും. അതിനാൽ, ആ രാത്രിക്കു പ്രത്യേകം മഹത്വമുണ്ട്.

ഈ സംഭവം ഹേതുവായി മുഹറം ശബ്ദത്തിൻെറ മൌലികാർത്ഥം (വർജ്ജ്യം അഥവാ നിഷിദ്ധം) പ്രചാരത്തിലില്ലാതായി;

അതിൻെറ പുതിയ അൎത്ഥം (ദുഃഖം) പ്രചാരത്തിൽവന്നു. ഈ സംഭവത്തിന്നുശേഷം ഏതാണ്ടു് 400 കൊല്ലംവരെ ബാഗ്ദാദിൽ ഖലീഫമാൎക്കു വലിയ ശക്തിയായിരുന്നു. അവരെല്ലാം യാഥാസ്ഥിതികരായ സുന്നികളുമായിരുന്നു. അവരെ ഭയപ്പെട്ടു് 'ശീആ' വംശക്കാൎക്കു തങ്ങളുടെ ദുഃഖം പരസ്യമായി പ്രകടിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. അവർ 'സുന്നി'കളോടിടകലൎന്നു് ജീവിതം നയിച്ചുവന്നു. പിന്നീട്ടു്, ക്രി. പി. 11–ാംശതാബ്ദത്തിൽ ബാഗ്ദാദിലേ രാജാക്കന്മാൎക്കു പതനം സംഭവിക്കയും 'ശീആ' വംശക്കാരുടെ പ്രാബല്യം വൎദ്ധിക്കയും ചെയ്തപ്പോൾ, ബുവയ്യാ ഭരണത്തിൻെറ കാലത്തു്, ആദ്യമായി ഹിജ്റ വൎഷം 400ൽ അതായതു് ക്രി. പി. 1109ൽ ശോകം ആചരിക്കുന്ന പതിവാരംഭിച്ചു. ആദ്യകാലത്തു് ജനങ്ങൾ അങ്ങാടിയിൽ കറുത്ത കമ്പിളിതൂക്കിയിടുകയും നെഞ്ചിലടിച്ചു നിലവിളിക്കുകയും ചെയ്യുക പതിവായിരുന്നു. ക്രമേണ ദുഃഖാചരണത്തിനു് പുതിയ പുതിയ സമ്പ്രദായങ്ങൾ ആവിഷ്കരിക്കാൻ തുടങ്ങി. ഉത്സവം 'ശീആ'വംശക്കാരുടേതാണു്. ആ വംശക്കാർ ഏററവുമധികം ഉള്ളതു് ഇറാഖിലാണു്. അതിനാൽ, അവിടെയാണു് ഇതു് ആഭാടപൂൎവ്വം ആഘോഷിക്കുന്നതു്. ഭാരതീയർ പരമ്പരയാ ഉത്സവപ്രിയരാണു്, അതിനാൽ, ഈ നാട്ടുകാൎക്കു് ഈ ഉത്സവവും വളരെ വേഗം പ്രിയമായിത്തീൎന്നു. സാമാന്യേന സുന്നിവംശക്കാരും, അവരുടെ മതമനുസരിച്ചു് മുഹറം ആഘോഷിക്കുന്നതു് അനുചിതമാണെങ്കിലും, ഇതിൽ പങ്കുകൊള്ളാറുണ്ടു്. പക്ഷേ, ചിലപ്പോൾ രണ്ടു വിഭാഗക്കാരും തമ്മിൽ ശണ്ഠയും ഉണ്ടാവാറുണ്ടു്. പ്രത്യേകിച്ചു് ശീആ വിഭാഗക്കാർ ആദ്യത്തെ മൂന്നു ഖലീഫമാരെ, എന്നുവെച്ചാൽ ഹസ്രത്തു് അബൂബക്കർ, ഹസ്രത്തു് ഉമർ, ഹസ്രത്തു് ഉസ്മാൻ എന്നിവരെ, ദൂഷിച്ചു പറയുമ്പോൾ, അവരുടെ നിന്ദാഗീതങ്ങളാലപിക്കുമ്പോൾ (അതിനെ 'തബ്റാ' എന്നു പറയുന്നു) ഈ ശണ്ഠ രൂക്ഷതരമാവുന്നു. ഉത്തരപ്രദേശത്തു് ലഖ്നൌ തുടങ്ങിയ നഗരങ്ങളിൽ, 'ശീആ' വിഭാഗക്കാർ അധികമുള്ള

തെരുവുകളിൽ മുഹറക്കാലത്തു് 'തബ്റാ' വളരെയധികമായിരിക്കും. തന്നിമിത്തം 'ശീആ' സുന്നിമത്സരം കൊട്ടമ്പിരിക്കൊള്ളുക പതിവായിരുന്നു. പലരും മുതിയടയുകപോലും ചെയ്തിരുന്നു. എന്നാൽ, ഇപ്പോഴം അവർ തമ്മിൽ ഒരൊത്തുതീപ്പിലെത്തിയതുപോലെ തോന്നുന്നുണ്ടു്.

## താജിയ (ताज़िया)

ഈ ഉത്സവത്തിൽ താജിയക്കുള്ള പ്രാധാന്യം അദ്വിതീയമാണ് എന്നു കരുതപ്പെടുന്നു. സുപ്രസിദ്ധ ചക്രവൎത്തി തൈമൂർലംഗ് (ക്രി. പി. 1336–1405) ആണ് ആദ്യമായി താജിയ നിൎമ്മിക്കുന്ന സമ്പ്രദായം ആരംഭിച്ചതെന്നു പറയുന്നു. ഇന്ത്യയിൽ ലഖ്നൌ, ഭോപാൽ, ബറോഡ മുതലായ രാജ്യങ്ങളിൽ എതാണ്ടുകൊല്ലം മുഴവനും താജിയ നിൎമ്മിക്കാറുണ്ടത്രെ. ഇതു് ഹസ്രത്ത് ഇമാം ഹുസ്സൈൻെറ കബറിൻെറ ഒരു പ്രതീകമാണ്. താജിയ എന്നതു് ഒരറബിവാക്കാണ്. അതിൻെറ അൎത്ഥം മരണാനന്തരമുള്ള വിലാപം, കരച്ചിലും തൊഴിച്ചിലും, ദുഃഖാചരണം എന്നൊക്കെയാണ്. ഇതിന്നുള്ള മറെറാരുപദമാണ് 'താബൂത്'. അതിൻെറ അൎത്ഥം മൃതശരീരം വെച്ചടച്ച് കബറിൽ അടക്കം ചെയ്യുന്ന പെട്ടി എന്നാണ്. സാധാരണമായി ഈ താജിയ മരംകൊണ്ടാണുണ്ടാക്കുക. അതിന്മേൽ വിവിധവൎണ്ണത്തിലുള്ള മാർബിൾ പേപ്പറോ തീൎത്തകിടോ ഒട്ടിച്ചുവെക്കുന്നു. ചില ദിക്കിൽ പഞ്ഞി, കരിമ്പിൻകഷണം, കണ്ണാടി, മിഠായി, താംബൂലം എന്നിവകൊണ്ടും അലങ്കരിക്കാറുണ്ടു്. ലഖ്നൌവിലെ ഇമാംബാഡയിൽ മെഴുകുകൊണ്ടു നിൎമ്മിച്ച മനോഹരമായ ഒരു താജിയയുണ്ടു്.

ഈ താജിയകളുടെ ആകൃതിക്കും വ്യത്യാസമുണ്ടു്. ചിലതു് അഞ്ചാറാളുകൾക്കു നിഷ്പ്രയാസം എടുത്തു നടക്കത്തക്കവിധത്തിൽ അത്ര ചെറുതായിരിക്കും. ചിലതെടുക്കാൻ അമ്പതറുപതാ

ളുകൾ വേണ്ടിവരും. എല്ലാ താജിയകളും മുസ്ലീംകളുടെ വകയായിരിക്കുമെന്നും വിചാരിക്കരുതു്. ഹിന്ദുക്കളുടെ വകയും ധാരാളമുണ്ടായിരിക്കും. പ്രത്യേകിച്ചു് ദക്ഷിണേന്ത്യയിൽ മുസ്ലീംകളുടെ സംഖ്യ കുറവായ സ്ഥലങ്ങളിൽ ഇക്കാര്യത്തിൽ ഹിന്ദുക്കളാണു് മുന്നിട്ടുനില്ക്കുന്നതു്. ക്രി. പി. 1906ൽ ലഖ്നൌ നഗരത്തിൽ മാത്രം ഹിന്ദുക്കളുടെ താജിയകളുടെ എണ്ണം 1100 ആയിരുന്നുവത്രെ. താജിയ നിർമ്മിക്കുന്നതിൽ ജനങ്ങൾക്കുണ്ടായിരുന്ന താത്പര്യം ഇപ്പോൾ അല്പം കുറഞ്ഞിട്ടുണ്ടു്.

## ഘോഷയാത്ര

ഈ താജിയകൾ വലിയ ആർഭാടത്തോടെ ഒരു ഘോഷയാത്രയുടെ നിലയിൽ നഗരത്തിൽനിന്നു പുറത്തേക്കെടുത്തുകൊണ്ടുപോകുന്നു. താജിയ വളരെ വിലപിടിച്ചതാണെങ്കിൽ അതിൻെറ ഒരു ഭാഗം മാത്രം വേറെ എടുത്തു്. ഭൂമിയിൽ കുഴിച്ചിടുന്നു. ആ സ്ഥാനത്തെ കർബല എന്നു പറയുന്നു. മുഹറത്തിൻെറ ഘോഷയാത്ര രാമലീലയുടെ ഘോഷയാത്രപോലെ ആഡംബരപൂർണ്ണമായിരിക്കും. എല്ലാററിന്നും മുമ്പിൽ വാദ്യക്കാർ, പിന്നെ പച്ചക്കൊടികളും കറപ്പുകൊടികളും പിടിച്ച കുറേ പേർ. അതിന്നു പിന്നിൽ കമനീയമായി അലങ്കരിച്ച പലതരം താജിയകൾ. അങ്ങിനെ ആ ഘോഷയാത്ര മന്ദ മന്ദം മുന്നോട്ടു നീങ്ങുന്നു. താജിയകളുടെ മുന്നിലും പിന്നിലും ദുഃഖമാചരിക്കുന്നവരുടെ ചെറുതും വലുതുമായ സംഘങ്ങളുണ്ടായിരിക്കും. അവരത്യുച്ചത്തിൽ വിളിച്ചു പറയും: “യാ അലീ! യാ അലീ! ഹായ്! ഹായ്! യാ ഹസ്സൻ! യാ ഹുസ്സൈൻ! ഹായ്! ഹായ്!”

ഈ ഘോഷയാത്രയിൽ പലരും ‘മർസിയാ’ (=ശോകഗീതം) ആലപിക്കുകയും നെഞ്ചിലടിക്കുകയും ചെയ്യുന്നു. (ഈ ഗീതങ്ങളിൽ ആരുടെയെങ്കിലും മരണത്തെപ്പററിയുള്ള ചർച്ചയും അതിനെത്തുടർന്നുള്ള വിലാപവുമുണ്ടാവും. എന്നാൽ, സാധാരണമായി ഹസ്രത്തു് ഇമാം ഹസ്സനേയും ഇമാം ഹുസ്സൈൻെറയും മര

ണത്തെപ്പററിയും അവരുടെ കുടുംബക്കാരുടെ ദുഃഖത്തെപ്പററിയും കർബലയിലേ ഹൃദയഭേദകമായ സംഭവങ്ങളെപ്പററിയും വർണ്ണിക്കുന്ന ഗീതങ്ങളെയാണു് 'മർസിയാ' എന്നു പറയുന്നതു്.)

## ഹിന്ദുക്കളുടേയും മുസൽമാന്മാരുടേയും ഉത്സവം

സൂക്ഷ്മതയുള്ളവരായ ചില മുസ്ലീംകൾ താജിയയെ എതിക്കുന്നുണ്ടു്. അതു മൂർത്തിപൂജയുടെ ഒരു പ്രകാരമാണെന്നു കരുതിയിട്ടാവാം അവരങ്ങിനെ ചെയ്യുന്നതു്. എന്നാൽ, ഹിന്ദുസ്ഥാനത്തിൽ ആരും ഇതിനെ എതിക്കുന്നില്ല. സുന്നികളിൽ പലക്കും താജിയയിൽ ധർമ്മവിരുദ്ധമായ ഒന്നും ഉള്ളതായി തോന്നുന്നില്ല. അവരും 'ശീആ' വിഭാഗക്കാരെപ്പോലെ വളരെ ഉത്സാഹപൂർവ്വം അതിൽ പങ്കുകൊള്ളുന്നു. ഹിന്ദുക്കൾ വിശിഷ്യ അക്ഷരാഭ്യാസമില്ലാത്ത സ്ത്രീകൾ താജിയയെ പൂജിക്കുന്നു, വഴിപാടു കഴിക്കുന്നു. പൂക്കളെച്ചിക്കുന്നു, മാല ചാർത്തുന്നു; നിവേദ്യങ്ങൾ കഴിക്കുന്നു, പട്ടുവസ്ത്രങ്ങളും രോമവസ്ത്രങ്ങളും ചാർത്തുന്നു; പലഹാരങ്ങൾ, താംബൂലം, സർവ്വത്തു് മുതലായവ നിവേദിക്കുന്നു. അങ്ങിനെ നിവേദിച്ച പദാർത്ഥങ്ങൾ പവിത്രമാണെന്നു് കരുതപ്പെടുന്നു. കർബലയിലേയ്ക്കു് എഴുന്നള്ളിച്ചുകൊണ്ടുപോകുമ്പോൾ താജിയയുടെ ചുവട്ടിലൂടേ നൂണുപോകുന്നതു് ഒരു പുണ്യകർമ്മമായി കരുതപ്പെടുന്നു.

ഹസ്രത്തു് ഇമാം ഹുസ്സൈനും മററും വെള്ളം ദാഹിച്ചാണു് മരിച്ചതു്. അതിനാൽ അവരുടെ പേരിൽ വെള്ളം അഥവാ സർവ്വത്തു് കുടിക്കാൻ കൊടുക്കുന്നതു് ഒരു പുണ്യകാര്യമായി ഹിന്ദുക്കളും കരുതുന്നുണ്ടു്. സന്താനങ്ങൾ അകാലത്തു് മരിച്ചുപോകാറുള്ള പലരും തങ്ങളുടെ മക്കളുടെ ദീർഘായുസ്സിന്നായി അവരെ ഇമാം ഹുസ്സൈന്നുവേണ്ടി ഫക്കീരാക്കുകയും പിന്നെ അവരെക്കൊണ്ടു പീടികകളിൽ ഭിക്ഷ യാചിക്കുകയും ചെയ്യുന്നു.

ദക്ഷിണേന്ത്യയിൽ മുഹറം പ്രമാണിച്ചുള്ള ഘോഷയാത്രയിൽ എഴുന്നള്ളിക്കാറുള്ള ഒരു വിശിഷ്ടവസ്തുവാണു് "നാൽ

സാഹബ്''. അതു് ഹസ്രത്ത് ഇമാം ഹുസ്സൈന്റെ കുതിരയുടെ ലാടത്തിന്റെ പ്രതീകമാണെന്നാണ് സങ്കല്പം. (ഹൈദരാബാദിൽ എഴുന്നള്ളിക്കുന്നതു് ഇമാം ഹുസ്സൈന്റെ കുതിരയുടെ നാൽ(=ലാടം)തന്നെയാണത്രേ!) ഈ ലാടത്തിനെ ഒരു കോലിന്മേൽ കൊടിയുടെ മാതിരി കെട്ടിത്തൂക്കുന്നു. അതിന്നു താഴെ വിവിധ വർണ്ണത്തിലുള്ള വസ്ത്രങ്ങൾ (പുതപ്പ് മുതലായവ) തൂക്കിയിടുന്നു. ഈ കൊടിയെയാണ് 'നാൽ സാഹബ്'' എന്നു പറയുന്നതു്. ചില ദിക്കിൽ കൈപ്പടത്തിന്റെ ആകൃതിയിൽ വെള്ളികൊണ്ടു് ഒരു സാധനമുണ്ടാക്കി അതു ആത്മാഹുതി ചെയ്തവരുടെ കൈപ്പടത്തിന്റെ പ്രതീകമാണെന്നു സങ്കല്പിക്കുന്നു. 'നാൽ സാഹബി'നെപ്പോലെ അതും കോലിന്മേൽ കെട്ടിത്തൂക്കി അതിന്റെ താഴെ വിലപിടിച്ച വസ്ത്രങ്ങൾ തൂക്കിയിടുന്നു. ഇതിനെ 'പഞ്ജാ സാഹബ്'' എന്നു പറയുന്നു. 'നാൽ സാഹബ്'' അല്ലെങ്കിൽ 'പഞ്ജാ സാഹബ്'' എടുത്തു് നൃത്തംവെക്കുന്നവരിൽ ചില ഹിന്ദുക്കളും ഉണ്ടായിരിക്കും. എല്ലാവരും ''ദൂലാ! ദൂലാ! യാ ഹസ്സൻ! യാ ഹുസ്സൈൻ!'' എന്നു് ഉച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ടാണ് നൃത്തംവെക്കുക.

ചില ദിക്കിൽ താജിയ വെയ്ക്കേണ്ട സ്ഥലത്തിന്നടുത്തായി ഒരഗ്നികുണ്ഡമുണ്ടാക്കി ചിലർ അതിന്നു ചുററും നൃത്തംവെക്കുകയും ചാടിക്കളിക്കുകയും ചെയ്യുന്നു. ചിലർ തീയിലേക്കും ചാടും. പക്ഷേ, അവൎക്കു പൊള്ളുകയില്ലത്രെ! ഇതിൽ ചില ഹിന്ദുക്കളും പങ്കെടുക്കാറുണ്ടു്. അങ്ങിനെ മുഹറം ഹിന്ദുക്കളുടേയും മുസ്ലീംകളുടേയും ഉത്സവമായിത്തീൎന്നിട്ടുണ്ടു്.

ഈജിപ്തു്, തുർക്കിസ്ഥാൻ, സീരിയ, അറബിസ്ഥാൻ, അഫ്ഘാനിസ്ഥാൻ, ഇറാൻ മുതലായ പ്രദേശങ്ങളിൽ താജിയ നടപ്പില്ലത്രേ. ഇവിടെ ഒരു കാര്യം നാം ഓൎമ്മവെക്കണം. ഹസ്രത്ത് മുഹമ്മദ് നബിയുടെ മഹാനിൎവ്വാണത്തിന്നുശേഷം ഏഴു നൂററാണ്ടിന്നുശേഷമാണ് താജിയ നടപ്പായതു്. എന്നുവച്ചാൽ ഇസ്ലാമിന്റെ മൌലികതത്വങ്ങളിൽ ഇതിന്നാധാരമായി ഒന്നും കാണ

കയില്ല. ഉത്സവപ്രിയരായ ജനങ്ങളുടെ സഹജസ്വഭാവം ഹേതുവായിട്ടാണ് ഈ ഉത്സവത്തിന്നു് ഇത്ര പ്രചാരം സിദ്ധിച്ചതു്. ഇറാൻ മുതലായ രാജ്യങ്ങളിൽ കർബലയിലെ സംഭവങ്ങളെ ആധാരമാക്കി നാടകം കളിക്കുന്നുണ്ടു്. അവിടങ്ങളിൽ ഘോഷയാത്രയുടെ മുമ്പിൽ വളരെ ഉയരത്തിൽ കൊടികൾ പാറിക്കളിക്കുന്നുണ്ടാവും. അവയുടെ നിറം ശോകസൂചകമായിരിക്കും, എന്നുവെച്ചാൽ കറുപ്പായിരിക്കും. ചിലതിന്മേലെല്ലാം ചിത്രപ്പണികളും ചെയ്തിട്ടുണ്ടാവും. ഈ കൊടികൾക്കു പിന്നിൽ പ്രകാശമാനമായ പല അലങ്കാരങ്ങളും ഉണ്ടായിരിക്കും. അതിൻെറ പിന്നിൽ കവചധാരികളായ കുതിരസ്സവാരിക്കാർ. അവർ യസീദിൻെറ കുതിരപ്പട്ടാളത്തിൻെറ സ്മരണയുളവാക്കുന്നു. ഇവരുടെ കൈകൊണ്ടാണല്ലോ ഹസ്രത്ത് ഇമാം ഹുസ്സൈൻ വധിക്കപ്പെട്ടതു്. അതിൻെറ പിന്നിൽ യസീദിൻെറ മോടിയേറിയ കുതിര വരുന്നു. അതിൻേറയും പിന്നിൽ ദുഃഖമാചരിക്കുന്നവരുടെ ഒരു വലിയ സമൂഹം. അവർ ഉച്ചത്തിൽ വിളിച്ചു ചോദിക്കുന്നു. "ഹുസ്സൈൻ ചേ ശുദ്?" (ഹുസ്സൈന്നു് എന്തു സംഭവിച്ചു?) അതിന്നുത്തരമായി എല്ലാവരും മാറത്തടിച്ച് "ഹുസ്സൈൻ ശഹീദ് ശുദ്!" (ഹുസ്സൈൻ രക്തസാക്ഷിയായിത്തീൎന്നു) എന്നു് ഉത്തരം നല്കുന്നു. ഇതിന്നു പിന്നിൽ കയ്യിൽ വലിയ ചങ്ങല അല്ലെങ്കിൽ കയർ എടുത്തുകൊണ്ടു് ചിലർ നടക്കുന്നു. അവർ മുതുകിലും കഴുത്തിലും അടിക്കുന്നു, ചോരയൊലിക്കുന്നു. അതിനുശേഷം ഇമാം ഹുസ്സൈൻെറ കുതിര വരുന്നു. എല്ലാററിന്നും പിന്നിൽ വാളുകൊണ്ടു സ്വന്തം ശരീരത്തിൽ വെട്ടി മുറിയേല്പിച്ചുകൊണ്ടു ചിലർ നടക്കുന്നു.

ഇങ്ങിനെ ഈ ഉത്സവം വ്യത്യസ്തദേശങ്ങളിൽ വ്യത്യസ്തരീത്യാ ആഘോഷിക്കപ്പെടുന്നു. ഈ എല്ലാ ആഘോഷങ്ങളിലും പ്രധാനമായിട്ടുള്ളതു് ഒരു കാര്യമാണ്: ഹസ്രത്ത് ഇമാം ഹുസ്സൈൻെറ ദാരുണമായ വധത്തിൻെറ ഓൎമ്മയെ പുതുക്കി ദുഃഖമാചരിക്കുക. ഇതിൽനിന്നു ഇതു് കരുണയുടെ ഉത്സവമാണെന്നു തെളിയുന്നു.

KOTTAYAM PUBLIC LIBRARY
KOTTAYAM.
33282

# 2. മൌലൂദ് ശരീഫ്: ബാരാ വഫാത്

## എന്താണ് മൌലൂദ് ശരീഫ്?

ഹിജ്റ വഷം റബീ ഉൽ അവ്വൽ അഥവാ റബീ ഉൽ ഊലാ എന്ന മൂന്നാമത്തെ മാസം 12-ാംനു-യാണ് ഹസ്രത്ത് മുഹമ്മദ് നബി ഭൂജാതനായതു് എന്നു കരുതപ്പെടുന്നു. അതിനാൽ, ഈ ദിവസവും അതോടൊപ്പം റബീ ഉൽ അവ്വൽ മാസവും പവിത്രമായി പരിഗണിക്കപ്പെടുന്നുണ്ടു്. ഈ മാസത്തിന്നു വേറേയും രണ്ടു പേരുകളുണ്ടു്: 'ശഹർ മീലാദ്', 'ശഹർ മൌലദുന്നബി' ('ശഹർ' എന്നാൽ മാസമെന്നും 'മീലാദ്' എന്നാൽ ജനിച്ച സമയം എന്നും അത്ഥം) 'മീലാദ്' എന്നതിൻെറ അത്ഥം സ്വദേശം അഥവാ ജന്മഭൂമി എന്നാണു്. നബി എന്നാൽ പ്രവാചകൻ അഥവാ പ്രേഷിതൻ.)

ലോകത്തിൽ 'ശീആ' മുസ്ലീംകളേക്കാളധികമാണു് 'സുന്നി' മുസ്ലീംകളുടെ സംഖ്യ. ഈ സുന്നി മുസ്ലീംകൾ റബീ ഉൽ അവ്വൽ മാസം 12-ാംനു- മുഹമ്മദ് നബിയുടെ ജന്മദിനം വളരെ ശ്രദ്ധയോടും ഉത്സാഹത്തോടുംകൂടി ആഘോഷിക്കുന്നു. ഈ ഉത്സവത്തെ 'മൌലൂദ്ശരീഫ' എന്നു പറയുന്നു. 'മൌലൂദ്' എന്ന അറബി ശബ്ദത്തിൻെറ അത്ഥം നവജാതശിശു, കുട്ടി, ശിശു,

ജനനസമയം എന്നെല്ലാമാണ്; 'ശരീഫ' എന്നതിന്നർത്ഥം ശുഭം പവിത്രം സജ്ജനം എന്നും 'മൌലൂദ് ശരീഫ' എന്നതിന്നർത്ഥം 'ശുഭമായ ജന്മദിനം' എന്നാണ്. കൃഷ്ണാഷ്ടമി, രാമനവമി എന്നിവയെപ്പോലെ മൌലൂദ് ശരീഫ എന്നതിന്നു നമുക്ക് 'മുഹമ്മദ് ദ്വാദശി' എന്നും പറയാം. ഇതിൻെറ മറെറാരു പേർ 'ഈദ്–എ–മീലാദ്'' എന്നുവെച്ചാൽ 'ജന്മോത്സവം' എന്നാണ്.

## ചരിത്രം

ഹസ്രത്ത് മുഹമ്മദ് നബിയുടെ ജന്മദിനം ആഘോഷിക്കാനാരംഭിച്ചതു് അദ്ദേഹത്തിൻെറ മരണാനന്തരം അഞ്ചുനൂററാണ്ട കഴിഞ്ഞിട്ടാണ്. ഇറാക്കിലെ മൂസൽ നഗരത്തിലെ ഒരു ഭക്തൻ ക്രി. പി. 12-ാംനൂററാണ്ടിൻെറ അവസാനത്തിലാണ് ഈ പതിവു തുടങ്ങിയതു്. അദ്ദേഹത്തിൻെറ മേൽനോട്ടത്തിൽ ഇറാഖിലെ അറബൽ നഗരത്തിലെ ചക്രവർത്തി അബു–സ–ഈദ്–മുസഫർ ആദ്യമായി ക്രി. പി. 1207–ൽ ഈ ഉത്സവം വമ്പിച്ചതോതിൽ കൊണ്ടാടി. അതിന്നുശേഷം കൊല്ലംതോറം ഈ ഉത്സവം ആഘോഷിച്ചുവരുന്നുണ്ട്. ഈ സുദിനത്തിൽ ദാനപുണ്യാദി ശുഭകാര്യങ്ങരം ചെയ്യുകയും ആനന്ദോത്സവം കൊണ്ടാടുകയും ചെയ്തു. അചിരേണ അതൊരു പതിവായിത്തീൎന്നു.

ആരംഭത്തിൽ ചിലർ ഈ ഉത്സവത്തെ എതിൎത്തുകൊണ്ട പറഞ്ഞു: ഈ സമ്പ്രദായം ഇസ്ലാമിൻെറ ആരംഭകാലത്തുണ്ടായിരുന്നില്ല, ഇതു പിൽകാലത്തു് വന്നതാണ്, ഇതിൽ വ്യക്തിപൂജയുള്ളതിനാൽ ഇതു് ധൎമ്മത്തിന്നു വിരുദ്ധമാണ്. പക്ഷേ, ജനങ്ങരംക്ക മുഹമ്മദു നബിയുടെ നേരെയുണ്ടായിരുന്ന നിഷ്ഠയും ആത്മീയതയും നിമിത്തം അവർ ഈ വിരോധത്തിന്നു യാതൊരു മഹത്വവും നല്കിയില്ല. ഈ ഉത്സവം ഹേതുവായി ജനങ്ങരംക്ക് മുഹമ്മദ് നബിയുടെ ജീവിതവും പ്രവൃത്തികളും പ്രകീൎത്തിക്കാനും മനസ്സിലാക്കാനും അവസരം ലഭിക്കുന്നു. അതിനാൽ, ചില പണ്ഡിതന്മാരും ഇതിനെ സമൎത്ഥിച്ചു.

വഹാബി സമ്പ്രദായക്കാരായ മുസ്ലീംകളും 'ശീആ' വംശക്കാരും മൌലൂദ് ഉത്സവം ആഘോഷിക്കുന്നില്ല; പ്രത്യുത, അതിനെ വിരോധിക്കുന്നു. പണ്ടുകാലത്തു് ചില നാട്ടുരാജാക്കന്മാർ മൌലൂദ് ആഘോഷിക്കുന്ന സുന്നികളെ വല്ലാതെ ഉപദ്രവിച്ചിരുന്നു.

## ഉത്സവപരിപാടി

ഭാരതത്തിൽ മൌലൂദ് ശരീഫിന്നു് വളരെയധികം പ്രചാരമുണ്ടു്. ഒരുപക്ഷേ, ഹിന്ദുക്കളുടെ ജന്മാഷ്ടമി, രാമനവമി മുതലായ ഉത്സവങ്ങൾ കണ്ടു് മുസ്ലീംകൾക്കു് ഈ ഉത്സവത്തോടു് ഇത്ര താത്പര്യം ഉളവായിത്തീർന്നതാവാം. 'ഈദ്_എ_മീലാദ്' ദിവസം രാത്രി ഒരു പ്രദേശത്തെ എല്ലാ മുസൽമാന്മാരും ഒരു സ്ഥാനത്തു് ഒത്തുചേരുന്നു. അവിടെ പണ്ഡിതനായ ഒരാൾ ഹസ്രത്ത് മുഹമ്മദിൻെറ ജീവിതത്തെപ്പററിയും പ്രവൎത്തനങ്ങളെപ്പററിയും സംസാരിക്കുന്നു. അല്ലെങ്കിൽ ഒരു ലേഖനം തയ്യാറാക്കി വായിക്കുന്നു. ചിലപ്പോൾ മുഹമ്മദ് നബിയെ പ്രശംസിച്ചെഴുതിയ കവിതകളും വായിക്കും. അതിനുശേഷം അവിടെ വന്നുചേൎന്നവൎക്കെല്ലാം മധുരപലഹാരം കൊടുക്കുന്നു; ചിലർ സദ്യയും ഏൎപ്പാടുചെയ്യാറുണ്ടു്.

ഹിന്ദുസ്ഥാനത്തിൽ റബീ ഉൽ അവ്വൽ മാസം 12_ാംനു മാത്രമല്ല ഈ ഉത്സവം കൊണ്ടാടുന്നതു്. ആ മാസത്തിൽ എപ്പോഴെങ്കിലും കുറച്ചു ദിവസം ഇതാഘോഷിക്കുന്നു. ഹിന്ദുക്കൾ സത്യനാരായണപൂജ നടത്തുകയും തങ്ങളുടെ ആഗ്രഹങ്ങൾ പൂൎണ്ണമാവുന്നതിന്നായി വഴിപാടുകൾ കഴിക്കുകയും ചെയ്യുന്നതുപോലെതന്നെ മുസ്ലീംകൾ മൌലൂദ് കഴിക്കാമെന്നു നേരുകയും ആഗ്രഹം സഫലമാവുമ്പോൾ അതു നടത്തുകയും ചെയ്യുന്നു. ആ അവസരങ്ങളിൽ ഇന്ന സ്ഥലത്തു് ഇന്ന ദിവസം മൌലൂദ് ഉണ്ടാവുമെന്നു ജനങ്ങളെ മുൻകൂട്ടി അറിയിക്കുന്നു. അന്നു് ആ സ്ഥലം മനോഹ

രമായി അലങ്കരിക്കുന്നു. ധാരാളം വിളക്കുകൾ വെക്കുന്നു. ചന്ദനത്തിരിയും മററും കത്തിക്കുന്നു. ഏതെങ്കിലും ഒരു മുസ്ലീം പണ്ഡിതനോടു് മുഹമ്മദ് നബിയുടെ ജന്മകഥ വർണ്ണിക്കാൻ പറയുന്നു. കഥ പറയാൻ തുടങ്ങിയാൽ സദസ്യരെല്ലാം അതു ഭക്ത്യാദരപൂർവ്വം ശ്രദ്ധിച്ചു കേൾക്കുന്നു. പ്രഭാഷണത്തിന്നുശേഷം പ്രസാദം —മധുരപലഹാരങ്ങൾ—വിതരണം ചെയ്യുന്നു. ഹിന്ദുക്കൾ വിശ്വാസപൂർവ്വം സത്യനാരായണൻെറ പ്രസാദം വാങ്ങിക്കഴിക്കുന്നതുപോലെ മുസ്ലീംകൾ വിശ്വാസാദരങ്ങളോടെ മൌലൂദിൻെറ പ്രസാദം വാങ്ങിക്കഴിക്കുന്നു. ഈ ഉത്സവത്തിൽനിന്നു് ഒരു കാര്യം വ്യക്തമാവുന്നുണ്ടു്: ഭാരതത്തിലെ ജനത ഏതു ധർമ്മത്തിൽ പെട്ടവരായാലും ശരി ഏതു സമ്പ്രദായത്തിൽപെട്ടവരായാലും ശരി അവരുടെ മൌലിക വിശ്വാസങ്ങളും താത്പര്യങ്ങളും ഏതാണ്ടൊരേ തരത്തിലായിരിക്കും. അതെ; അവരുടെ ബാഹ്യരൂപം ധർമ്മത്തിന്നും സമ്പ്രദായത്തിന്നുമനുസരിച്ചു് വ്യത്യസ്തമായേക്കാം. സത്യനാരായണൻെറ കഥക്കും പ്രസാദത്തിന്നും മൌലൂദ് ശരീഫിൻെറ കഥയോടും പ്രസാദത്തിനോടുമുള്ള സമാനത ഈ ദൃഷ്ട്യാ ഭാരതീയ ജനതയുടെ ഐക്യത്തെ സുദൃഢമാക്കുന്നു.

## ബാരാ വഫാത്ത്

ഹസ്രത്ത് മുഹമ്മദ് നബിയുടെ ജന്മതിഥിയും പുണ്യതിഥിയും (ചരമദിനം) വ്യത്യസ്തദേശങ്ങളിൽ വ്യത്യസ്തമായിട്ടാണു് പരിഗണിച്ചുവരുന്നതു്. ശ്രീമഹേശപ്രസാദ്, മൌലവി ആലിം ഫാസിൽ ഒരിടത്തു ഇങ്ങിനെ എഴുതിയിട്ടുണ്ടു്: ഞാൻ ഇറാൻ സന്ദർശിച്ച സമയത്തു് അവിടത്തുകാർ ഹസ്രത്ത് മുഹമ്മദിൻെറ ജന്മതിഥി റബീ ഉൽ അവ്വൽ മാസം 16_ാംനു-യും ചരമദിനം സഫർ മാസം 20_ാംനു-യും ആണെന്നു കരുതുന്നുവെന്നു എനിക്കു മനസ്സിലായി ”

ഭാരതവാസികൾ മുഹമ്മദ് നബി ജനിച്ച മാസവും തിയ്യതിയും മരിച്ച മാസവും തിയ്യതിയും ഒന്നാണെന്നു വിശ്വസി

ക്കുന്നു. അതനുസരിച്ച് റബീ ഉൽ അവ്വൽ 12-ാംനു-തന്നെ യാണ് മുഹമ്മദ് നബിയുടെ ശ്രാദ്ധദിനം. ബാരാ അഥവാ ബാരഹ് ഹിന്ദി ശബ്ദമാണ്. അതിൽനിന്നുതന്നെ ഭാരതത്തിന്നു പുറത്തു് ഈ ശബ്ദത്തിന്നു പ്രചാരമില്ല എന്നു സ്പഷ്ടമാവുന്നു. 'വഫാത്'' എന്ന അറബി ശബ്ദത്തിൻെറ അൎത്ഥം 'മരണ'മെന്നാണ്.

## ഉത്സവപരിപാടി

ഈ ദിവസം സ്വഭവനത്തിൽവെച്ചും പള്ളികളിൽവെച്ചും മുഹമ്മദ് നബിയുടെ ആത്മാവിന്നു ശാന്തി ലഭിക്കുന്നതിന്നായി 'ഫാത്തിഹ' വായിക്കുന്നു; നബിയെപ്പററിയുള്ള സ്തുതിഗീതങ്ങളും ചൊല്ലാറുണ്ടു്. ചിലേടത്ത് 'ഫാത്തിഹ' വായിച്ചുകൊണ്ടു് ഘോഷയാത്ര നടത്തും. 'അൽ ഫാത്തിഹ' എന്നാൽ ഖുർ ആൻ ശരീഫിലെ ഒന്നാമത്തെ 'സൂറത്ത്' എന്നാണ്. (ഇതിനെത്തന്നെ 'സൂറത്തുൽഹംദ്'' എന്നുവെച്ചാൽ കീൎത്തനാദ്ധ്യായം എന്നും പറയുന്നു.) രോഗികളുടെ ആരോഗ്യത്തിന്നായും മരിച്ചവരുടെ ആത്മശാന്തിക്കായും 'ഫാത്തിഹ' വായിക്കാറുണ്ടു്.

KOTTAYAM PUBLIC LIBRARY
KOTTAYAM.

## 3. മിഅറാജ്—ഒരു ശുഭദിനം.

അറബി ഭാഷയിലെ 'ഉറൂജ്' (എഴുന്നേല്ക്കൽ, ഉത്ഥാനം, ഉന്നതി) എന്ന ശബ്ദത്തിൽനിന്നു് വന്നതാണ് 'മിഅറാജ്', 'മേരാജ്' അഥവാ 'മേഅരാജ്' എന്നീ ശബ്ദങ്ങൾ. ഇതിൻെറ അൎത്ഥം ഏണി അഥവാ മേലോട്ടു കയറുന്നതിന്നുള്ള സാധനം എന്നാണ്. (ശബ്ദകോശത്തിൽ ഇതിന്നു മററൊരൎത്ഥംകൂടി കൊടുത്തിട്ടുണ്ടു്. ഹസ്രത്ത് റസൂലെ ഖുദാ സല്ലില്ലാഹ അലൈഹി വസല്ലം ആൽമേ മലകൂതിൽ അൻവാരേ ഇല്ലാഹിയെ കണ്ട അവസരം.) ഇതിനെത്തന്നെ 'ഇസ്റാ' എന്നുവെച്ചാൽ 'രാത്രി സഞ്ചരിക്കുക' എന്നും പറയുന്നു. ഈ ദിവസം രാത്രി മുഹമ്മദ് നബി ആകാശത്തുപോയി ദൈവത്തിൻെറ അടുക്കൽനിന്നു് മുസ്ലീംകൾക്കായി അഞ്ചുനേരത്തെ നമാസ് (നിസ്കാരം) വാങ്ങി വന്നു എന്നാണ് മുസ്ലീംകളുടെ വിശ്വാസം. അതിനാൽ, മുസ്ലീംകളുടെ ദൃഷ്ട്യാ ഈ ഉത്സവത്തിന്നു് അത്യധികം പ്രാധാന്യമുണ്ടു്. ഈ സംഭവം നടന്നതു് രാത്രിയിലാണ്; അതിനാൽ, ഇതിനെ 'ശബ് മേരാജ്' അഥവാ 'ശബേ മേരാജ്' എന്നും പറയുന്നു. 'ശബ' എന്നതു് പാൎസി ശബ്ദമാണ്. അതിൻെറ അൎത്ഥം രാത്രി എന്നാണ്. ഇതിനെ 'മേരാജ് ശരീഫ്' എന്നുവെച്ചാൽ ശ്രേഷ്ഠമായ അഥവാ ഉത്തമമായ 'മേരാജ്' എന്നും പറയുന്നു.

## ചരിത്രം

ഈ സംഭവത്തെ 'മിശ്കാത്തുൽ മസാബീഹ്' എന്ന പുസ്തകത്തിൽ ഇങ്ങിനെ വർണ്ണിച്ചിട്ടുണ്ട്: (ഇതിൽ മുഹമ്മദ് നബി തൻെറ അനുഭവം സ്വയം വിവരിച്ചിരിക്കയാണ്):

"ഞാനൊരു ദിവസം രാത്രി മക്കയിൽ കിടന്നുറങ്ങുകയായിരുന്നു. എൻെറ വീടിൻെറ മേൽപുര പിളന്ന് ഹസ്രത്ത് ജിബ്രീൽ ആകാശത്തുനിന്നിറങ്ങിവന്നു; എൻെറ മാർവിടം പിളന്ന് അകത്തുനിന്നു് ഹൃദയം പുറത്തേക്കെടുത്തു. മാർവിടത്തെ * സംസമിലെ തീർത്ഥംകൊണ്ടു കഴുകി. പിന്നെ എൻെറ ഹൃദയത്തിൽ 'ഈമാൻ' (മതവിശ്വാസം) 'ഹിക്മത്' (വിജ്ഞാനം) എന്നിവ രണ്ടും നിറച്ച് അതിനെ വീണ്ടും യഥാസ്ഥാനത്തു വെച്ചു. ഹസ്രത്ത് ജിബ്റീൽ എനിക്കു സവാരി ചെയ്യാനായി 'ബുറാഖ്' എന്നൊരു മൃഗത്തെ കൊണ്ടുവന്നു. അതു കഴുതയേക്കാൾ വലുതും കോവർ കഴുതയേക്കാൾ ചെറുതും ആയിരുന്നു; വളരെ വേഗം ഓടിയിരുന്നു. അതിൻെറ ഓരോ അടിയും ദൃഷ്ടിയെത്തുന്നത്ര ദൂരത്താണ് പതിച്ചിരുന്നതു്. ആ 'ബുറാഖി'ൻെറ പുറത്തിരുന്നുകൊണ്ടു് ഞാൻ ജിബ്രീലിൻെറ കൂടെ പോയി, ഒന്നാം ആകാശത്തിൻെറ വാതില്ക്കലെത്തി. അവിടെ ഹസ്രത്ത് ജിബ്രീൽ കാവൽക്കാരനോടു വാതിൽ തുറക്കാൻ ആവശ്യപ്പെട്ടു. ഉടനെ കാവൽക്കാരൻ ചോദിച്ചു: "ആരാണ് അതു്?"

ജിബ്രീൽ: "ഞാൻ, ജിബ്രീൽ ആകുന്നു."

"നിങ്ങളുടെ കൂടെ മററാരെങ്കിലുമുണ്ടോ?"

"ഉണ്ടു്, എൻെറ കൂടെ മുഹമ്മദ് ഉണ്ടു്."

---

* സംസം: മക്കയിലെ ഒരു കിണർ. ഹസ്രത്ത് ഇസ്മായിൽ നബിയുടെ കാലെരടിയിട്ടാണ് അതുണ്ടായതെന്നു കരുതപ്പെടുന്നു. അതിലെ വെള്ളം അതീവ പവിത്രമാണെന്നും കരുതപ്പെടുന്നു.

"എന്താ മുഹമ്മദിനേയും കൂട്ടിക്കൊണ്ടു വന്നിട്ടുണ്ടോ?"

"ഉവ്വ്, വിളിച്ചുകൊണ്ടുവന്നിട്ടുണ്ട്."

"എന്നാൽ, അകത്തേയ്ക്കു വരൂ. മുഹമ്മദ്, നിങ്ങൾക്കു സ്വാഗതം!" എന്നു പറഞ്ഞു് കാവൽക്കാരൻ വാതിൽ തുറന്നു. ഹസ്രത്ത് ജിബ്‌രീലിനോടൊപ്പം ഞാനാദ്യമായി സ്വർഗ്ഗത്തിലേക്കു പ്രവേശിച്ചു.

"അവിടെ ഞാൻ ഒരസാധാരണ വ്യക്തിയെ കണ്ടു. ആയാളുടെ ഇടത്തും വലത്തും നിരവധി നിഴലുകളുണ്ടായിരുന്നു. വലത്തോട്ടു തിരിയുമ്പോൾ ആയാളുടെ മുഖം പ്രസന്നമാവുന്നു. ഇടത്തോട്ടു തിരിയുമ്പോൾ ആയാൾ കരയാൻ തുടങ്ങുന്നു. അതു കണ്ടു് ഞാൻ ഹസ്രത്ത് ജിബ്‌രീലിനോടു ചോദിച്ചു: "അദ്ദേഹം ആരാണ്? ഇങ്ങിനെ ചിരിക്കാനും കരയാനും കാരണമെന്തു്?" ജിബ്‌രീൽ പറഞ്ഞു: "അദ്ദേഹമാണ് നിങ്ങളുടെ പൂർവ്വപിതാവായ ഹസ്രത്ത് ആദം! ഇടത്തും വലത്തുമുള്ള നിഴലുകൾ അദ്ദേഹത്തിൻെറ സന്താനങ്ങളുടെ ആത്മാക്കളാണ്. വലത്തുഭാഗത്തുള്ളവ സ്വർഗ്ഗത്തിലേക്കു പോകും, ഇടത്തുഭാഗത്തുള്ളവ നരകത്തിലേക്കും. അതുകൊണ്ടാണദ്ദേഹം വലത്തോട്ടു നോക്കുമ്പോൾ ചിരിക്കുകയും ഇടത്തോട്ടു നോക്കുമ്പോൾ കരയുകയും ചെയ്യുന്നതു്."

"ഈ അരുൾപാടു കേട്ടു് ഞാൻ ഹസ്രത്ത് ആദമിനെ വന്ദിച്ചു അപ്പോൾ അദ്ദേഹം എന്നെ ആശീർവാദപൂർവ്വം സ്വാഗതംചെയ്തു.

ഇതിന്നുശേഷം ഹസ്രത്ത് ജിബ്‌രീൽ എന്നേയുംകൂട്ടി രണ്ടാമത്തെ ആകാശത്തിലെത്തി. അവിടെയും കാവൽക്കാരനുമായി ആദ്യത്തെ മാതിരി സംഭാഷണം നടന്നു. രണ്ടാമത്തെ ആകാശത്തിലേക്കും ഞങ്ങൾക്കു പ്രവേശനം ലഭിച്ചു. അവിടെ ഞങ്ങൾ ഹസ്രത്ത് യഹ്‌യാ, ഹസ്രത്ത് ഈസാമസീഹ് (യേശുക്രിസ്തു) എന്നിവരെ കണ്ടു. അങ്ങിനെ ഓരോന്നായി ആറു ആകാശങ്ങൾ

പിന്നിട്ടു. അവിടെ ഞങ്ങൾ യൂസുഫ്, മൂസ (മോസസ്) എന്നി വരെ കണ്ടു. ഹസ്രത്ത് മൂസയെ വന്ദിച്ചുകൊണ്ട് ഞാൻ മുന്നോട്ടു നടന്നു. അപ്പോൾ അദ്ദേഹം എന്നോടു പറഞ്ഞു: "എനിക്കു ശേഷം സ്വർഗ്ഗത്തിൽ പ്രവേശനം കിട്ടിയിട്ടുള്ളതു നിനക്കാണ്. അതിനാൽ, എൻെറ അനുയായികളേക്കാൾ (ജൂതന്മാർ ഇസ്രേലിയർ എന്നിവരേക്കാൾ) വേഗത്തിൽ നിൻെറ അനുയായി കൾക്ക് (മുസ്ലീംകൾക്ക്) സ്വർഗ്ഗപ്രാപ്തിയുണ്ടാവും.

"ഏഴാമത്തെ ആകാശത്തിൽ പ്രവേശിച്ചപ്പോൾ ഞങ്ങൾ ഹസ്രത്ത് ഇബ്രാഹിമിനെ കണ്ടു. അദ്ദേഹത്തെ വന്ദിച്ച് ഞങ്ങൾ മുന്നോട്ടു പോയി. അവസാനം ഞങ്ങൾ 'ശജറത്തുൽ മുന്നഹാ' എന്ന മരത്തിന്നടുത്തെത്തി. 'ശജറത്തുൽ മുന്നഹാ' എന്നാൽ അവസാനത്തെ ഇലന്തവൃക്ഷം എന്നർത്ഥം. ആ വൃക്ഷം വിവിധ വർണ്ണങ്ങളാൽ പ്രകാശമാനമായിരുന്നു. എനിക്കതു് പെട്ടെന്നു തിരിച്ചറിയാൻപോലും സാധിച്ചില്ല. അവിടെ നാലു നദികളുണ്ടായിരുന്നു. അവയെപ്പററി ജിബ്‌രീൽ പറഞ്ഞു: "ഈ രണ്ടു ഗുപ്തനദികളും സ്വർഗ്ഗത്തിലെ നദികളാണ്. പ്രകടരൂപ ത്തിൽ പ്രവഹിക്കുന്നവയിൽ ഒന്നു് നീല (നയിൽ) നദിയും മറേറതു ഫറാത്ത് (യൂഫ്രടീസ്) നദിയുമാണ്." പിന്നീടെനിക്കു 'ബൈതുൽ മ അമൂർ' എന്നു പേരായ മന്ദിരം കാണിച്ചുതന്നു. അവിടത്തെ മണ്ണിന്നു കസ്തൂരിയുടെ മണമുണ്ടായിരുന്നു. അവിടെ എനിക്ക് ഒരു കപ്പ് സർവ്വത്തും ഒരു കപ്പു പാലും ഒരു കപ്പു തേനും തന്നു. ഞാൻ രണ്ടാമത്തെ കോപ്പ മാത്രം എടുത്ത് അതിലെ പാൽ കുടിച്ചു. അപ്പോൾ ഹസ്രത്ത് ജിബ്‌രീൽ എന്നോടു പറഞ്ഞു: "പാൽതന്നെയാണ് ധർമ്മം. ഇനി നിങ്ങ ളുടെ അനുയായികൾ ധാർമ്മികരാവും."

"അവസാനം ഹസ്രത്ത് ജിബ്‌രീൽ എന്നെ ഒരിടത്തേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെ ദൈവത്തിൻെറ അരുളപ്പാടുകൾ കേട്ടിരുന്നു. ഞങ്ങൾക്കു തമ്മിൽ രണ്ടു കമാനങ്ങളുടെ (ധനുസ്സുക

ളടെ) അന്തരമേ ഉണ്ടായിരുന്നുള്ളൂ. ഖുദാ താലാ (പരമദൈവം) എന്നോടരുൾചെയ്തു: "നിൻെറ അനുയായികൾ ദിവസത്തിൽ 50 പ്രാവശ്യം നിസ്കരിക്കണം." ഞാൻ ആ കല്പന ശിരസാ വഹിച്ചുകൊണ്ടു് താഴത്തെ ആകാശത്തിലേക്കു മടങ്ങി. അവിടെ ഹസ്രത്ത് മൂസ എന്നോടു ചോദിച്ചു: "ദൈവം നിനക്കെന്തു തന്നു?"

"അമ്പതു പ്രാവശ്യത്തെ നിസ്കാരം."

"അപ്പോൾ ഹസ്രത്ത് മൂസ പറഞ്ഞു: "നിൻെറ അനുയായികൾക്കു ദിവസത്തിൽ 50 പ്രാവശ്യം നിസ്കരിക്കുക സാധ്യമല്ല. നിനക്കുമുമ്പു് ഞാനും ഇസ്രായിൽക്കാരോടു് ഇതു പറഞ്ഞിരുന്നു. പക്ഷേ, ഞാനതിൽ പരാജയപ്പെട്ടു. അതിനാൽ, നീ ദൈവത്തിൻെറ അടുക്കൽ ചെന്നു് നിസ്കാരത്തിൻെറ എണ്ണം ചുരുക്കി തരാൻ പറയണം. ചുരുക്കി മേടിക്കണം."

"അപ്പോൾ ഞാൻ വീണ്ടും 'അല്ലാഹു'വിൻെറ അടുക്കൽ ചെന്നു് അപേക്ഷിച്ചു: "എൻെറ അനുയായികൾക്കു് ഇത്രയും നിസ്കാരത്തിൻെറ ഭാരം വഹിക്കുക സാധ്യമല്ല. അതിനാൽ, അതിൻെറ എണ്ണം ചുരുക്കിത്തരണം." അപ്പോൾ ദൈവം അതിൽ കുറച്ചെണ്ണം (അഞ്ചുപത്തു്) ചുരുക്കിത്തന്നു. മടക്കത്തിൽ വീണ്ടും ഹസ്രത്ത് മൂസയെ കണ്ടു. അദ്ദേഹം പറഞ്ഞു: "ഇത്ര ഭാരവും നിൻെറ കൂട്ടകാർക്കു വഹിക്കുക സാധ്യമാവില്ല." അതിനാൽ, ഞാൻ വീണ്ടും ദൈവസന്നിധിയിൽ ചെന്നു് നിസ്കാരത്തിൻെറ എണ്ണം ചുരുക്കിത്തരാനപേക്ഷിച്ചു. അവസാനം ദിവസേന അഞ്ചുപ്രാവശ്യം നിസ്കരിക്കണമെന്നാജ്ഞാപിച്ചുകൊണ്ടു് ദൈവം പറഞ്ഞു: ഈ അഞ്ചു നിസ്കാരംകൊണ്ടു് 50 നിസ്കാരത്തിൻെറ ഫലം —പുണ്യം—കിട്ടും. കാരണം, എൻെറ ആജ്ഞയിൽ മാററമുണ്ടാവാറില്ല"

"ഞാൻ അഞ്ചു നിസ്കാരം എന്ന അമൂല്യവസ്തു വാങ്ങിക്കൊണ്ടുമടങ്ങിയപ്പോൾ ഹസ്രത്ത് മൂസ വീണ്ടും എന്നോടു് പറഞ്ഞു:

"നിൻെറ അനുയായികൾക്കു ദിവസേന അഞ്ചുപ്രാവശ്യം നിസ്കരിക്കാനും ആവില്ല. അതിനാൽ, നീ ദൈവസന്നിധിയിൽ ചെന്നു് അതിനിയും ചുരുക്കിവാങ്ങണം." അപ്പോൾ ഞാൻ പറഞ്ഞു: "ഞാൻ നിസ്കാരത്തിൻെറ എണ്ണം ഇത്രയും ചുരുക്കിച്ചു. അതിന്നായി പലവുരു ദൈവസന്നിധിയിൽ ചെന്നു പ്രാർത്ഥിച്ചു. ഇനിയും അവൻെറ അട്ടക്കലേക്കുപോകാൻ എനിക്കു ലജ്ജതോന്നുന്നു. ഞാനെൻെറ അനുയായികൾക്കായി അഞ്ചുനേരത്തെ നിസ്കാരവുമെട്ടത്താണു് പോകുന്നതു്!"

ഇസ്ലാമിൻെറ ആവിർഭാവത്തിന്നുശേഷം ഒരു പന്തീരാണ്ടു കഴിഞ്ഞതാണു് പാവനവും അത്ഭുതകരവുമായ ഈ സംഭവമുണ്ടായതെന്നാണു് മുസ്ലീംകൾ വിശ്വസിക്കുന്നതു്. ഇതിൻെറ തിയ്യതിയെപ്പററി മുസൽമാന്മാൎക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ടു്. മുസ്ലീംകൾ ഈ സംഭവത്തിൻെറ പാവനസ്മരണക്കായി ഹിജറവൎഷം റജബ് മാസം 26-ാംനു- മീഅറാജ് ആഘോഷിക്കുന്നു.

ശ്രദ്ധാലുക്കളായ ചില മുസ്ലീംകൾ ഹസ്രത്ത് മുഹമ്മദ് നബി തൻെറ ഭൌതികശരീരത്തോടുകൂടിയാണു് ആകാശത്തിലേക്കു പോയതെന്നു വിശ്വസിക്കുന്നുണ്ടു്. എന്നാൽ, അഭ്യസ്തവിദ്യരായ പല മുസ്ലീംകളും നബിയുടെ ജീവാത്മാവുമാത്രമാണു് സ്വൎഗ്ഗത്തിലേക്കുപോയതു് എന്നു കരുതുന്നു. ചിലർ മറെറാരു വിധത്തിലും പറയുന്നുണ്ടു്: "ഹസ്രത്ത് മുഹമ്മദ്നബി മിഅറാജ് സംബന്ധിച്ചുള്ള ഈ കാര്യങ്ങൾ സ്വപ്നത്തിൽ കണ്ടതാണു്; നബിയുടെ സ്വപ്നവും സത്യമാവാനിടയുണ്ടു്. അതിനാൽ മിഅറാജ് സംബന്ധിച്ച കാര്യങ്ങളും സത്യമാണു്."

## ഖുർആൻ ശരീഫിൽ പറയുന്നതു്

ഖുർആൻ ശരീഫിൽ മിഅറാജിൻെറ ഉല്ലേഖനം 'ബനീ ഇസ്രാഈൽ' എന്ന 17-ാം സൂറത്തിൻെറ ആരംഭത്തിൽ മാത്രമേ വന്നിട്ടുള്ളൂ.

"സുബ്ഹാനല്ലാദീ അസ്റാ ബി അബ്ദിഹീ ലൈലൻ മിനൽ മസ്ജിദിൽ ഹറാമി ഇലൽ മസ്ജിദിൽ അഖ്സാ" ഇത്യാദി. എന്നുവെച്ചാൽ "തൻെറ ദാസനെ - ഹസ്രത്ത് നബിയെ — മസ്ജിദിൽ ഹറാമിൽനിന്നു (മക്കയിൽനിന്നു) അഖ്സാ (യരുശലം)വരെ കൊണ്ടുപോയ ആ ദൈവം പരിശുദ്ധനാകുന്നു. ദൈവം അവൻെറ ചുററം പ്രസാദം വർഷിച്ചു; അവന്നു് തൻെറ ചില ചിഹ്നങ്ങൾ കാട്ടിക്കൊടുക്കുന്നതിന്നായി. വാസ്തവത്തിൽ ആ ദൈവം കാണുകയും കേൾക്കുകയും ചെയ്യുന്നവനാണു്. നാം ആ ദൈവത്തെ സ്തുതിക്കുന്നു."

മിഅറാജ് സംബന്ധിച്ചുള്ള കാര്യങ്ങൾ ഹദീസുകളിൽ മാത്രമേ കാണുന്നുള്ളു. ഹദീസുകൾ മുഹമ്മദ് നബിയുടെ ചില സമകാലീനന്മാർ അദ്ദേഹത്തിൽനിന്നു കേട്ട സംഭവങ്ങളും വാക്കുകളും രേഖപ്പെടുത്തിയിട്ടുള്ള ധർമ്മഗ്രന്ഥങ്ങളാണു്.

## ഹസ്രത്ത് അബൂബക്കർ പറയുന്നതു്

മിഅറാജിനെപ്പററി മുഹമ്മദ്നബി പറഞ്ഞ കാര്യങ്ങൾ കേട്ടു് ചില 'കാഫിറുക'ൾ (നാസ്തികന്മാർ) ഹസ്രത്ത് അബൂബക്കറുടെ അടുക്കലേക്കു ചെന്നു. ഇദ്ദേഹം മുസ്ലീംകളുടെ ആദ്യത്തേ ഖലീഫയും മുഹമ്മദുനബിയുടെ ശ്വശുരനുമാണു്. അവർ അദ്ദേഹത്തോടു് പറഞ്ഞു: "താൻ ഇന്നലെ രാത്രി യരുശലത്തിൽ പോയി മടങ്ങിവന്നു എന്നു മുഹമ്മദുനബി ജനങ്ങളോടു് പറയുന്നുണ്ടു്." അതുകേട്ടു് അബൂബക്കർ ചോദിച്ചു: "എന്തു് മുഹമ്മദുനബി ഇങ്ങിനെ പറയുന്നുണ്ടോ?"

ജനങ്ങൾ: "ഉവ്വ്" എന്നു പറഞ്ഞതുകേട്ടു് അബൂബക്കർ പറഞ്ഞു: "അപ്പോൾ അതു സത്യമായിരിക്കണം, ഞാനതു ഹൃദയപൂർവ്വം വിശ്വസിക്കുന്നു."

കാഫിറുകൾ ചോദിച്ചു: "ഇതു പച്ചയായ — ബുദ്ധിവിരുദ്ധമായ — കാര്യം നിങ്ങൾ വിശ്വസിക്കുന്നുവോ?"

അബൂബക്കർ പറഞ്ഞു: "ഇതിലുമധികം ബുദ്ധിവിരുദ്ധമായ കാര്യങ്ങൾ ഞാൻ വിശ്വസിക്കുന്നുണ്ട്. മുഹമ്മദുനബിയുടെ അടുക്കലേക്കു ദിവസേന സ്വർഗ്ഗത്തിൽനിന്നു ദൈവദൂതന്മാർ വരുന്നുണ്ടെന്നുപോലും ഞാൻ വിശ്വസിക്കുന്നു!"

അന്നുമുതൽ ജനങ്ങൾ ഹസ്രത്ത് അബൂബക്കർക്കു 'സിദ്ദീഖ്' എന്നുവെച്ചാൽ വലിയ സത്യവാൻ എന്ന ബിരുദം(പദവി)നല്കി.

## കാര്യപരിപാടി

മിഅറാജ് ദിവസം രാത്രി 'ഇശാനിസ്കാര'ത്തിന്നുശേഷം എന്നുവെച്ചാൽ ഏതാണ്ടൊമ്പതുമണിക്കു് എല്ലാവരും പള്ളിയിൽ ഒത്തുചേരുന്നു. പള്ളിയിലെ ഇമാം അവർക്കു് മിഅറാജിനെപ്പററി വിവരിച്ചുകൊടുക്കുന്നു. പിന്നെ എല്ലാവരും നിസ്കരിക്കുകയും പറേറന്നു ഉപവാസമനുഷ്ഠിക്കുകയും ചെയ്യുന്നു.

# 4. ശബരാത്ത്.

## ശബേ ബരാത്ത് എന്നതിൻെറ അപഭ്രംശം— ശബരാത്ത്

ഹിജറ വർഷത്തിൽ എട്ടാമത്തെമാസം 'ശഅബാൻ'ആകുന്നു. ഈമാസം 15-ാംനു- രാത്രി (14-ാംനു- അസ്തമിച്ചതിനു ശേഷമുള്ള രാത്രി) യാണ് ഈ ഉത്സവം വരുന്നതു്. ഇതിനെ 'ശബരാത്ത്'' എന്നും 'ശബ ബരാത്ത്'' അഥവാ 'ശബേ ബരാത്ത്' എന്നും പറഞ്ഞുവരുന്നു. 'ശബ്'' എന്നതിൻെറ അൎത്ഥം 'രാത്രി' എന്നാണ്; 'ബരാത്ത്'' എന്നതിൻെറ അൎത്ഥം ആദേശപത്രം, കല്പന (order), ബാങ്കിൽനിന്നോ ഖജാനയിൽനിന്നോ പണമെടുക്കുന്നതിന്നുള്ള എഴുത്ത്, ചെക്ക് എന്നെല്ലാമാണ്. ചില ശബ്ദകോശങ്ങളിൽ 'ബരാത്ത്'' എന്നതു് അറബിശബ്ദമാണെന്നു പറഞ്ഞിട്ടുണ്ടു്. മററുചിലതിൽ പാർസി ശബ്ദമാണെന്നും. അറബിയിൽ 'ബറാ അത്ത്'' എന്നൊരു ശബ്ദമുണ്ടു്, അതിൻെറ അൎത്ഥം പ്രകാശം, ഉന്നതി, കൃപ എന്നൊക്കെയാണ്. ചിലർ 'ശബരാത്ത്'' എന്നതു് 'ശബേ ബറാ അത്'' എന്നതിൻെറ അപഭ്രംശമാണെന്നു കരുതുന്നു. അറബിയിൽ രാത്രി എന്ന അൎത്ഥത്തിൽ ''ലൈല്'' എന്നൊരു ശബ്ദമുണ്ടു്. അതിനാൽ, ശബരാത്ത് എന്നതിന്നു

'ലൈലതുൽ ബരാ അത്ത്'' എന്ന ശബ്ദവും അറബിയിൽ പ്രചാരത്തിലുണ്ട്. ഈ രാത്രി ശഅബാൻ മാസത്തിൻെറ മദ്ധ്യത്തിലാണ് വരുന്നതു്. അതിനാൽ, ഇതിന്നു് 'ലൈലത്തുന്നിസ്സ മിൻ ശഅബാൻ' എന്നുവെച്ചാൽ 'ശഅബാൻ മാസത്തിൻെറ മദ്ധ്യത്തിൽവരുന്ന രാത്രി' എന്നും പേരുണ്ട്.

## ശബരാത്തിൻെറ മഹത്ത്വം

ചിലരുടെ വിശ്വാസം ഇതാണ്: ശബരാത്ത് പ്രമാണിച്ച ജനങ്ങരംക്ക നരകത്തിൽനിന്നും പാപങ്ങളിൽനിന്നും മോചനം ലഭിക്കുന്നു; പാപാത്മാക്കരം പുണ്യവാന്മാരായിത്തീരുന്നു. മററു ചിലർ വിശ്വസിക്കുന്നതു് ഇപ്രകാരമാണ്: ഈ രാത്രിയിൽ ജനങ്ങളുടെ പാപപുണ്യങ്ങളുടെ കണക്ക തയ്യാറാക്കുന്നു; പിന്നെ ഒരു കൊല്ലത്തിലിടയ്ക്ക് ആരൊക്കെ ജനിക്കും ആരൊക്കെ മരിക്കും എന്നതിൻെറ ഒരു പട്ടിക തയാറാക്കുന്നു; ഓരോ ആരംക്കും തൻെറ പാപപുണ്യത്തിന്നനുസരിച്ച് സുഖമോ ദുഃഖമോ പങ്കിട്ടുകൊടുക്കുന്നു.

ചില ജ്ഞാനികരം ഇങ്ങിനെയും പറയുന്നുണ്ട്: ഹസ്രത്ത് മുഹമ്മദിന്നു ഖുർആൻ ശരീഫ് ലഭിച്ചതു് ഈ രാത്രിയിലാണ്. എന്നാൽ, അതു റംസാൻമാസം 27-ാംനു- രാത്രിയാണ് ലഭിച്ചതു് എന്നു മററുചില വിദ്വാന്മാർ വിശ്വസിക്കുന്നു. ആ രാത്രിയെ ശബേ കദ്ര് (ഖദ്ർ) അഥവാ ലൈലതുൽകദ്ര് (ഖദ്ർ) എന്നു പറയുന്നു.

## അലുവതിന്നുന്ന പതിവു്

ഉഹദ് യുദ്ധത്തിൽ മുഹമ്മദ് നബിയുടെ ചില പല്ലുകരം പൊട്ടിപ്പോയി. അതിനാൽ, ആ അവസരത്തിൽ അദ്ദേഹത്തിന്നു അലുവതിന്നേണ്ടതായിവന്നു. ആ സംഭവത്തെ അനുസ്മരിച്ചുകൊണ്ട് ശബരാത്തിന്നു് അലുവതിന്നുന്നതു് ഒരു പതിവായിത്തീർന്നു. ഉഹദ് യുദ്ധം വാസ്തവത്തിൽ ശവ്വാൽ മാസത്തിലാണ്

നടന്നതു്. അതിനാൽ, ശബരാത്ത് പ്രമാണിച്ചുണ്ടാകുന്ന അലുവയെ അതിനോട്ട് ബന്ധപ്പെടുത്തുന്നതു ഉചിതമല്ലെന്നു് ചില വിദ്വാന്മാർ പറയുന്നു. അതുപോലെതന്നെ ഈ ദിവസം മസൂർ പരിപ്പു വേവിച്ചതോ മറേറതെങ്കിലും പ്രത്യേക പദാത്ഥമോ തിന്നണമെന്നു് ഒരു ധമ്മഗ്രന്ഥത്തിലും പറഞ്ഞിട്ടില്ല. അതൊക്കെ ബാഹ്യമായ കാര്യങ്ങളാണു്.

## ഉത്സവപരിപാടി

പകൽ മുഴുവനും പട്ടിണികിടന്നു് രാത്രി ഉറക്കമൊഴിച്ചു് ഈശ്വരോപാസനചെയ്യുക, കബ്രുസ്ഥാനിൽ (ശ്മശാനത്തിൽ) പോയി മരിച്ചവക്കായി പ്രാത്ഥന നടത്തുക—ഇവ രണ്ടുമാണു് ശബരാത്തിൻെറ പ്രധാനമായ ധാമ്മികപരിപാടികൾ. ഇതിൽ നിന്നു് ഇതു് ആത്മനിരീക്ഷണത്തിന്നുള്ള രാത്രിയാണെന്നു തെളിയുന്നു. തങ്ങളുടെ പൂവ്വജന്മാരെ അനുസ്മരിച്ചു് അവരുടെ ആത്മാക്കളുടെ ശാന്തിക്കും സദ്ഗതിക്കും വേണ്ടി—ഹിന്ദുക്കളുടെ ശ്രാദ്ധം പോലെ—പ്രാത്ഥനനടത്തുക; അവരുടെ പേരിൽ ദാനധമ്മാദികൾ ചെയ്യുക, എന്നിവയും ഈ ഉത്സവത്തിൻെറ ഉദ്ദേശ്യങ്ങളായിരിക്കാം. പക്ഷേ, ഇവിടെ അതിൻെറ സ്വരൂപം വളരെ വികൃതമായിത്തീന്നിട്ടുണ്ടു്. അലുവതിന്നുക; വിളക്കു വെക്കുക— ഇവ രണ്ടുമാണു് ഇപ്പോൾ ഈ ഉത്സവത്തിൻെറ പ്രധാന പരിപാടികൾ. കരിമരുന്നു കത്തിക്കാനും പടക്കം പൊട്ടിക്കാനും വേണ്ടി ഈ രാത്രി ഒട്ടേറെ പണം ചെലവാക്കുന്നുണ്ടു്. ഇതൊക്കെ ഇസ്ലാമിൻെറ മൌലികസിദ്ധാന്തങ്ങൾക്കെതിരാണു്. ഒരുപക്ഷേ, ഹിന്ദുക്കളുടെ ദീവാളി കണ്ടിട്ടാവാം മുസ്ലീംകൾ ഇതൊക്കെ ഏപ്പാടുചെയ്തതു്. ദീവാളിയെപ്പോലെതന്നെ വീടിൻെറ ചുമരുകൾ വെള്ളവലിക്കുക പുതിയ പാത്രങ്ങൾ വാങ്ങുക എന്നിവയ്ക്കും ഈ ഉത്സവത്തിൽ മഹത്വം നൽകപ്പെട്ടിട്ടുണ്ടു്. മനുഷ്യൻെറ ഉത്സവപ്രിയതയുടെ മുമ്പിൽ ധമ്മ(മത)ത്തിന്നു പലപ്പോഴും പരാജയപ്പെടേണ്ടിവരുന്നു. അതിന്നൊരുദാഹരണമാണിതു്.

# 5. ശബേകദ്ര് (ഖദ്ർ)

'ശബ' എന്നാൽ രാത്രി, കദ്ര് എന്നാൽ ഭാഗ്യനിർണ്ണയം എന്നർത്ഥം. അല്ലാഹുവിൻെറ പരിപാടി തയാറാക്കൽ, അല്ലാഹുവിൻെറ ആജ്ഞനൽകൽ. 'ശബ്' എന്ന ശബ്ദം പാർസിയിലുള്ളതാണ്. അറബിയിലുള്ള മൂലശബ്ദം 'ലൈലതുൽകദ്ര്' എന്നാണ്; അതിലെ 'ലൈല' ശബ്ദത്തിന്നർത്ഥം രാത്രി എന്നാണ്. 'ശബേകദ്ര' മൌലികമായി ഒരു അറബി ഉത്സവമാണെങ്കിലും നമ്മുടെ നാട്ടിൽ 'ലൈലതുൽകദ്ര' എന്നതിനേക്കാളധികം പ്രചാരം 'ശബേകദ്ര' എന്ന ശബ്ദത്തിനാണ്.

## ഖുർആനിൽ പറയുന്നതു്

റംസാൻമാസം 27-ാംനു-ത്തെ ഈ രാത്രി മുസ്ലീംകളുടെ ദൃഷ്ട്യാ അത്യന്തം പവിത്രമാണ്. കാരണം ഈ രാത്രിയിലാണ് ഹസ്രത്ത് മുഹമ്മദിന്നു് ഖുർആൻ ശരീഫ് ലഭിച്ചതു്. ഇതിനെപ്പററി ഖുർആനിലെ സൂറത്തുൽ ഖദ്ർ എന്ന അധ്യായത്തിൽ ഇങ്ങിനെ പറഞ്ഞിട്ടുണ്ടു്: "ഇന്നാ, അൻസൽ നാഹു ഫീ ലൈലത്തുൽ കദ്റി വമാ അദ്റാക്കമാ ലൈലത്തുൽ കദ്റി ലൈല

മ്മിൻ അൽഫി ശഹർ തനസ്സലുൽ മലായിക്കത്തു വർറൂഹു ഫീ ഹാബി ഇദ്നിറബ്ബി ഹിം മിൻ കല്ലി അംരിൻ സലാമുൻ, ഹിയ ഹത്താമത് ഇൽഫജ്ജ്''.

(അൎത്ഥം: നാം ശബേകദ്രിന്നു ഖുർ ആൻ പ്രകടമാക്കി. നിങ്ങൾക്കറിയാമോ ശബേകദ്ര എന്താണെന്നു്? ഈ ഒരു രാത്രി ആയിരം മാസങ്ങളേക്കാൾ ശ്രേഷ്ഠമാണു്. ആ സമയത്തു് ദൈവദൂതന്മാരും ജിബ്രീലും ദൈവത്തിൻെറ കല്പനകൾ വഹിച്ചുകൊണ്ടു താഴോട്ടു വരുന്നു. ഇതു ശാന്തിയും സമാധാനവും നിറഞ്ഞ രാത്രിയാണു്. നേരം പുലരുന്നതുവരെ ഈ പരിശുദ്ധരാത്രിയുടെ ശാന്തിയും സമാധാനവും പ്രവഹിച്ചുകൊണ്ടിരിക്കുന്നു.''

## ഉത്സവപരിപാടി

ഈ രാത്രിയാണു് അല്ലാഹു അടുത്തകൊല്ലത്തേക്കുള്ള കാര്യങ്ങൾ നിൎണ്ണയിക്കുന്നതു്, ജനങ്ങളുടെ ഭാഗ്യം നിൎണ്ണയിക്കുന്നതു് എന്നു കരുതപ്പെടുന്നു. അതിനാൽ, ഈ രാത്രിമുഴുവനും ഈശ്വരഭക്തി, പ്രാൎത്ഥന, ഉപാസന, ജപം, തപം, എന്നിവയ്ക്കായി വിനിയോഗിക്കുക എന്ന സമ്പ്രദായം തുടൻവരുന്നു. അതനുസരിച്ചു് ഓരോ മുസ്ലീമും ഈ ദിവസം സന്ധ്യക്കു കുളിച്ചു് ദേഹശുദ്ധി വരുത്തി രാത്രി പള്ളിയിൽ ചെന്നു് ദൈവത്തെപ്പററി ചിന്തിക്കുന്നു, മനനം ചെയ്യുന്നു. അന്നു രാത്രി പള്ളിയിൽ നല്ല തിരക്കുണ്ടായിരിക്കും. അതിനാൽ ധൎമ്മനിഷ്ഠയുള്ള ഏകാന്തപ്രിയന്മാർ പള്ളിയിൽ പോയി നമസ്കരിച്ചു സ്വഗൃഹത്തിൽ വന്നിരുന്നു് ജപിക്കുന്നു. (ഹിന്ദുക്കൾക്കിടയിൽ ശരദ്പൂൎണ്ണിമയെപ്പററി ഇങ്ങിനെ ഒരു വിശ്വാസമുണ്ടു്: അന്നുരാത്രി ലക്ഷ്മീഭഗവതി 'കോജാഗരി' (ആരാണുണൎന്നിരിക്കുന്നതു്?) എന്നു ചോദിച്ചു ഭൂമിയിലെങ്ങും ചുററിനടക്കുമത്രെ. അതിനാൽ, ഈ പൂൎണ്ണിമയ്ക്കു 'കോജാഗരി' എന്നു പേരുതന്നെ വന്നിട്ടുണ്ടു്. ശബേകദ്രിനോടു് 'കോജാഗരി'യെ താരതമ്യപ്പെടുത്താവുന്നതാണു്.)

ശബേകദ്രിനെപ്പററി മുഹമ്മദ് നബി അരുളിച്ചെയ്തതു് ഇപ്രകാരമാണ്: "ഈ ദിവസം രാത്രി ലോകത്തിൽ സഞ്ചരിക്കുന്ന ദൈവദൂതന്മാരുടെ എണ്ണം മണൽത്തരികളേക്കാളും അധികമാണ്" (ഇബ്നുകസീർ) ഭഗവാനോടടുക്കാൻ ഏററവുമധികം സാധ്യതയുള്ള ഒരു സമയമാണ് ഇതു്. അതിനാൽ, ഈ രാത്രി ഉറങ്ങിക്കഴിക്കുന്നതിന്നു പകരം ഈശ്വരവിചാരത്തിൽ മുഴുകിയിരിക്കണം.

## തിയ്യതി നിർണ്ണയം

ഖുർആനിലെ സൂരത്തുൽ കദ്റിലെ 185-ാം വചനത്തിൽ ഇങ്ങിനെ പറഞ്ഞിട്ടുണ്ടു്: "ഖുർആൻ ശരീഫ് അവതരിച്ചതു് റംസാൻ മാസത്തിലാണ്. അതിനാൽ, ശബേകദ്ര അഥവാ ലൈലത്തുൽകദ്ര വരുന്നതു് റംസാൻ മാസത്തിലാണെന്നു തീച്ച്പ്പെടുത്താം. എന്നാൽ, ഇതിൻെറ തീയതി ഖുർആനിൽ നിന്നു നിർണ്ണയിക്കുക സാധ്യമല്ല. അതിന്നു പരമ്പരാഗതമായ വിശ്വാസത്തെ അഥവാ മാമൂലിനെ ആശ്രയിക്കേണ്ടിവരുന്നു. അതുപ്രകാരം അതു് റംസാൻമാസം 27-ാംനു-യാണ്. എന്നാലും റംസാൻമാസം 21, 23, 25, 29 എന്നീ തീയതികളും പവിത്രമാണെന്നു കരുതപ്പെടുന്നു; അത്യധികം ധമ്മനിഷ്ഠരായ ചിലർ ഈ അഞ്ചു രാത്രികളും ഈശ്വരഭജനയിലും പൂജയിലും തന്മയരായിക്കഴിയുന്നു.

## നിരന്തരചിന്തനം ആവശ്യം

ഇതിൻെറ താത്പര്യം ജനങ്ങൾ കൊല്ലത്തിൽ കേവലമൊരു രാത്രി ഭഗവദ്ഭക്തി കാണിക്കണമെന്നല്ല, പല മുസ്ലീം വിദ്വാന്മാരും പറയുന്നതു് ഇങ്ങിനെയാണ്: "കൊല്ലം മുഴുവനും ഈശ്വരോപാസന ചെയ്തവക്കേ ഈ രാത്രിയിലെ ഉപാസന കൊണ്ടു് പുണ്യം ലഭിക്കു."

"അത്തർശീബു വത്തർഹീബ്" എന്ന ഗ്രന്ഥത്തിൽ ഈ പരിശുദ്ധരാത്രിയെപ്പററി പറഞ്ഞിട്ടുള്ളതു് എല്ലാവരുടേയും ചിന്തക്കു വിഷയമാവേണ്ടതാണ്:

"ലൈലത്തുൽ കദ്രിന്നു ഹസ്രത്ത് ജിബ്‌രീൽവന്നു ജനങ്ങളുടെ കൈ പിടിക്കുന്നു. ഹസ്രത്ത് ജിബ്‌രീലിൻെറ കൈ പിടിക്കാൻ സാധിച്ചവരുടെ ഹൃദയം മൃദുവായിത്തീരുന്നു, അവരുടെ കണ്ണിൽനിന്നൊഴുകുന്ന കണ്ണീരിൻെറ മാത്ര വദ്ധിക്കുന്നു."

മനുഷ്യൻ കൂടുതൽ ഉദാരശീലനും പ്രേമവാനും പരിശുദ്ധനും ആവാൻ പ്രയത്നിക്കുന്നതിന്നുള്ളതാണ് ശബേകദ്ര എന്നു മനസ്സിലാവുന്നു. അതു ഹിന്ദുക്കളുടെ ശിവരാത്രിക്കു തുല്യമാണ് ശ്രദ്ധാത്ഥം നോക്കിയാൽ അതൊരാഘോഷ[illegible]ാ ഉത്സവമോ അല്ല, പ്രത്യുത, ഒരു ഗംഭീരവ്രതമാണ്.

KOTTAYAM PUBLIC LIBRARY
KOTTAYAM.

# 6. റംസാൻ ഈദ്. (ഈദ്-ഉൽ-ഫിതർ)

## ആനന്ദോത്സവം

ഹിന്ദുക്കഠം ദീവാളി എന്നപോലെ മുസ്ലീംകഠം വലിയ ആനന്ദത്തോടെ ആഘോഷിക്കുന്ന ഒരുത്സവമാണ് 'റംസാൻ ഈദ്.' മുസ്ലീംകളുടെ മററുത്സവങ്ങളുടെകാര്യത്തിൽ ശിആ, സുന്നി, വഹാബി, ഖാരിജി എന്നീ സമ്പ്രദായക്കാർ തങ്ങളുടേതായ അഭിപ്രായം വെച്ചുന്നുണ്ട്. എന്നാൽ, റംസാൻ ഈദ്, ബക്രീദ് എന്നീ രണ്ടുത്സവങ്ങളുടെ കാര്യത്തിൽ ഒരഭിപ്രായവ്യത്യാസവും കാണുന്നില്ല; ഇവ രണ്ടും എല്ലാമുസ്ലീംകളും ഒരുപോലെ ആഘോഷിക്കുന്നു.

## വിവിധ പേരുകഠം

'ഈദ്''ശബ്ദം അറബിയിലെ 'ഊദ്'' അഥവാ 'ഔദ്''എന്ന ശബ്ദത്തിൽനിന്നു വന്നതാണ്. അതിൻെറ അർത്ഥം മടങ്ങിവരിക, പ്രതിവർഷം വരിക, ചുററുക എന്നെല്ലാമാണ്. 'ഈദ്'' ഓരോ കൊല്ലവും (മടങ്ങി) വരുന്നു. അങ്ങിനെ ആ പേരുണ്ടായി. ഇതു് ആനന്ദോത്സവമാണ്. ഈദ് എന്നതിന്നു് ഹർഷം ആനന്ദം സന്തോഷം എന്നീ അർത്ഥങ്ങളുണ്ട്. ഈ ഉത്സവം റംസാൻ മാസ

ത്തിലെ ഉപവാസം (റോസ) അവസാനിപ്പിച്ചതിന്നുശേഷം ശവ്വാൽമാസം ഒന്നാംതിയ്യതിയാണ് വരുന്നതു്. അതിനാൽ, ഇതിനെ 'റംസാൻ ഈദ്' എന്നും പറയുന്നു. ഒരു മാസം തുടൎച്ചയായി ഉപവാസമനുഷ്ഠിക്കുന്നവർ അതവസാനിപ്പിക്കുന്നതു് ഈദ് ദിവസമാണു്. എന്നുവെച്ചാൽ ഇത് ഉപവാസം അവസാനിപ്പിക്കുന്നതിന്നുള്ള ദിവസം കൂടിയാണു്. അറബിയിൽ 'അൽ ഫിത്തർ' എന്നതിൻെറ അൎത്ഥം 'ഉപവാസം അവസാനിപ്പിക്കുക' എന്നാണു്. അതുനിമിത്തം ഈദിന്നു് 'ഈദുൽ ഫിത്തർ' എന്ന പേരും പ്രചരിക്കാനിടയായി. ഈ ഉത്സവത്തിന്നു ബക്രീദിനോളം മഹത്ത്വമില്ല. അതിനാൽ, ഇതിനെ 'ഈദേ സാഗീർ' എന്നുവെച്ചാൽ 'ചെറിയ ഈദ്' എന്നും പറയാറുണ്ടു്. ഈ ദിവസം മുസ്ലീംകൾ ദാനം, പുണ്യം, ഖൈരാത് (കാഴ്ച, കാണിക്ക) എന്നുവെച്ചാൽ 'സദക്കാ' എന്നിവ ചെയ്യാറുണ്ടു്. അതിനാൽ, ഈ ഈദിന്നു് 'ഈദുസ്സദ്ക്കാ' എന്നും പേരുണ്ടു്. ഇങ്ങനെ ഈ ഉത്സവത്തിന്നു് പല പേരുകളും പ്രചാരത്തിലുണ്ടു്.

## ചന്ദ്രദൎശനം

ഹിജ്റവൎഷം ഒമ്പതാമത്തേ മാസം റംസാൻ ആകുന്നു. മുസ്ലീംകളുടെ കാലഗണന ചന്ദ്രദൎശനത്തെ ആധാരമാക്കിക്കൊണ്ടുള്ളതാണു്. അതനുസരിച്ചു് ചന്ദ്രദൎശനം മുതൽ—റംസാൻ മാസം പിറക്കുന്നതോടുകൂടി—ഉപവാസം (റോസ) ആരംഭിക്കുന്നു. അടുത്ത മാസപ്പിറവിയോടേ അതവസാനിക്കുകയും ചെയ്യുന്നു. അതിനാൽ, ഉത്സവദിവസം ആദ്യംതന്നെ നിൎണ്ണയിക്കുക സാധ്യമല്ല. കാർമേഘാവൃതമായ ആകാശത്തിൽ പ്രതിപദചന്ദ്രനെ കാണാൻ കഴിയാതെവന്നാൽ ഈദ് 24 മണിക്കൂർ നീങ്ങിയേക്കാനിടയുണ്ടു്. ഏതെങ്കിലുമൊരു മുസ്ലീമിന്നു് അന്നു് ചന്ദ്രദൎശനം ലഭിച്ചാലുടനേ ആയാൾ ആ വിവരം എല്ലാദിക്കിലും എത്തിക്കുന്നു. വിവരം കിട്ടിയ ഉടനേ ജനങ്ങൾ 'റോസ' ആരംഭിക്കുന്നു. അവസാനിപ്പിക്കുന്നതും ഈ രീതിയിൽത്തന്നെയാണു്. ചന്ദ്ര

ദൎശനം തീരേ അസംഭാവ്യമായിവരുമ്പോ൦ തലേ മാസത്തിലേ 30 ദിവസം കഴിഞ്ഞാൽ ഉപവാസം ആരംഭിക്കുന്നു. രോഗികൾ, അന്ധന്മാർ, അംഗഭംഗംവന്നവർ, അടിമകൾ, മൂന്നുദിവസത്തിലധികം നീണ്ടുനില്ക്കുന്ന യാത്രയിലേൎപ്പെട്ടവർ, ചെറുകുട്ടികൾ, ഗൎഭിണികൾ, പെററണിക്കാത്തസ്ത്രീകൾ മുതലായവൎക്കു 'റോസ' നിർബ്ബന്ധമല്ല. രോഗികൾ രോഗം മാറിയാൽ—യാത്രക്കാർ യാത്ര അവസാനിച്ചാൽ—ബാക്കികാലം തീൎച്ചയായും ഉപവാസമനുഷ്ഠിക്കണം.

## റംസാൻെറ മഹത്വം

'റംസ്' എന്ന ശബ്ദത്തിൻെറ അൎത്ഥം കത്തുക, വെയിൽ കൊണ്ടു് കാലുപൊള്ളുക എന്നാണ്.. ഹിജ്റ വൎഷത്തിലേ ഒമ്പതാമത്തേതായ ഈ മാസം തുൎക്കികളുടെ കണക്കനുസരിച്ചു് വേനല്ക്കാലത്താണ് വന്നിരുന്നതു്. അതിനാൽ, ഇതിന്നു് ഈ പേരു വന്നു. അല്ലെങ്കിൽ ഇങ്ങിനെയും ആവാം: മാസങ്ങളുടെ പേരു നിൎണ്ണയിച്ച കാലത്തു് അറേബ്യയിൽ വളരെയധികം ചൂടുള്ള കാലമായിരുന്നു റംസാൻമാസം. ഉപവാസം അഥവാ 'റോസ' കൊണ്ടു് മനുഷ്യൻെറ പാപം കരിഞ്ഞുപോകുന്നു. ഈ ആശയമനുസരിച്ചാണ് ഈ പേരു നൽകിയതു്. ഹിന്ദുക്കളുടെ ഉപോഷണം അഥവാ ഉപവാസം ഉണ്ടല്ലോ, അതിൽനിന്നു വ്യത്യസ്തമാണ് റംസാൻ കാലത്തെ ഉപവാസം അഥവാ 'റോസ'. ഹിന്ദുക്കൾ വ്രതങ്ങളിൽ സാധാരണ 24 മണിക്കൂറല്ല 36 മണിക്കൂറാണ് ഉപവാസമനുഷ്ഠിക്കുന്നതു്. പക്ഷേ, റോസ കേവലം 12 മണിക്കൂർ നേരത്തേക്കാണ്. ഉന്മപ്രഭാതം മുതൽ സൂര്യാസ്തമനംവരെ. എന്നാൽ, ഈ സമയത്തിന്നിടയിൽ ഒരുതുള്ളി വെള്ളംപോലും കുടിക്കുകയില്ല. ചിലർ ഉമിനീരിറക്കുന്നതുപോലും തെററാണെന്നു കരുതുന്നു. അതിനാൽ, വേനൽക്കാലത്തു് റംസാൻ വന്നാൽ ആ കൊല്ലത്തെ റോസ ഒരു കഠിനതപസ്യതന്നെ ആയിത്തീരുന്നു.

## ശരിയായ 'റോസ'

'റോസ'യെപ്പററി ഹസ്രത്ത് മുഹമ്മദ് ഒരിടത്തു് ഇങ്ങിനെ അരുളിച്ചെയ്തിട്ടുണ്ടു്: 'റോസ' അനുഷ്ഠിക്കുന്നവർ അസത്യം ത്യജിച്ചിട്ടില്ലെങ്കിൽ അവർ ആഹാരം ത്യജിക്കുന്നതിന്നു ഈശ്വരൻെറ ദൃഷ്ട്യാ ഒരു മഹത്ത്വവുമില്ല. അവക്കു വിശപ്പും ദാഹവും സഹിക്കാമെന്നല്ലാതെ മററൊന്നും ലഭിക്കുന്നില്ല. അദ്ധരാത്രി ഉണന്നെഴുന്നേററു് നമസ്കരിക്കുന്നവരിൽ പലക്കും ലഭിക്കുന്നതു് ജാഗരണം മാത്രമാണു്.

റംസാൻ കാലത്തു് കമ്മാരരായ പല മുസ്ലീംകളും പകലൊക്കെ പള്ളിയിലിരുന്നു ഖുർആൻ പാരായണം ചെയ്യുകയും ഈശ്വരനെപ്പററി ചിന്തിക്കുകയും ചെയ്യുന്നു. ഈ മാസത്തിലാണു് നബി തിരുമേനിക്കു് ഖുർആൻ ശരീഫ് ലഭിച്ചതു്; അദ്ദേഹത്തിൻെറ ഹൃദയത്തിൽ ഖുർആൻ ശരിഫ് അവതരിച്ചതു്. അതിനാൽ, മുസ്ലീംകളുടെ ദൃഷ്ട്യാ ഈ മാസത്തിന്നു പ്രത്യേകം പ്രാധാന്യമുണ്ടു്. ഓരോ ദിവസവും അസ്തമയാനന്തരമുള്ള നമസ്കാരത്തിന്നു മുമ്പായി എന്തെങ്കിലും ഭക്ഷണം കഴിക്കണം എന്നൊരു നിയമമുണ്ടു്. അതിനാൽ, റംസാൻ കാലത്തു് ഏതൊരു വീട്ടിൽ നിന്നും പലതരം പഴങ്ങഠം, പലഹാരങ്ങഠം, ഉപവാസസമാപ്തിക്കുപററിയ മററു ഭക്ഷണപദാത്ഥങ്ങഠം എന്നിവ പള്ളിയിലേക്കു കൊടുത്തയക്കുന്നു. അതിൽനിന്നൊരുഭാഗം 'റോസ' അനുഷ്ഠിക്കുന്നവർ അനുഭവിച്ചു് ബാക്കി സാധനങ്ങഠം സാധുക്കഠംക്കും (ദരിദ്രന്മാക്കും) ഫക്കീർമാക്കും പങ്കിട്ടുകൊടുക്കുന്നു.

## ചരിത്രം

'റംസാൻ ഈദ്', 'ബക്രീദ്'—ഈ രണ്ടുത്സവങ്ങളും മുസ്ലീംകഠം ക്രിസ്ത്യാനികളിൽനിന്നു സ്വീകരിച്ചതാണെന്നു ചില പാശ്ചാത്യപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. (ക്രിസ്ത്യാനികഠം

അവ യഹൂദരിൽനിന്നു സ്വീകരിച്ചു.) യേശുക്രിസ്തുവിനെ ക്രിസ്ത്യാനികൾ ദൈവപുത്രനായിക്കരുതുന്നു. മുസ്ലീംകൾ കരുതുന്നതു് അങ്ങിനെയല്ല, പ്രത്യുത അനേകം പ്രവാചകരിൽ ഒരാളായിട്ടാണു്. ഖുർ ആൻ ശരീഫിൽ 'സൂറത്തുൽ മായദ്ത്ത്'' എന്നു അഞ്ചാംസൂരത്തിലേ 114-ാം ആയത്തിൽ (വാക്യത്തിൽ) ഇങ്ങിനെ പറഞ്ഞിട്ടുണ്ടു്:—

''ഖാല ഈസബ്നൊ മർയമ അല്ലാഹുമ്മ റബ്ബനാ അൻസിൽ അലൈനാ മായദാ തമ മിനസ്സമായെ തക്കുനാ ലനാ ഈദൽ ലെ അവ്വലേനാ വ ആഖരേനാ വ ആയതൻ മിനക് വർജ്ജുകനാ വ അന്ത ഖൈറൂർ റാസികീൻ.''

അർത്ഥം: ശ്രീമതി മറിയത്തിൻെറ മകൻ യേശു പറഞ്ഞിരുന്നു: ഓ, അല്ലാഹു! ഞങ്ങളുടെ രക്ഷാകർത്താവേ! നീ ഞങ്ങളുടെ മേൽ (ഞങ്ങൾക്കുവേണ്ടി) പരിശുദ്ധമായ ആഹാരം ആകാശത്തുനിന്നിറക്കി (അയച്ചു) തരിക. അങ്ങിനെ ഇറങ്ങുന്ന ആഹാരം ഞങ്ങളുടെ മുമ്പും പിമ്പുമുള്ളവൎക്കു ഈദ് ആയിത്തീരട്ടെ. ഇതു നിന്നിൽനിന്നും ഞങ്ങൾക്കുള്ള ഒരടയാളം (ചിഹ്നം)ആയിത്തീരും. നീ ഞങ്ങൾക്കു ഭക്ഷണം തരിക, നീ ഉത്തമനായ ഭക്ഷണദാതാവാണു്.

ഇങ്ങിനെ അന്നു് 'ഈദ'' ഉത്സവത്തിൻെറ അസ്തിവാരമിട്ടു. മുസ്ലീംകളും ഇതു സ്വീകരിച്ചു. ഖുർആൻ ശരീഫിൽ മററാരിടത്തും 'ഈദി'നെപ്പററി പറഞ്ഞുകാണുന്നില്ല.

## ഉത്സവപരിപാടി

ഈദുൽഫിതർ ദിവസം ദാനം-ധർമ്മം-സാമൂഹ്യനമസ്കാരം പുതിയ (കോടി) വസ്ത്രം ധരിക്കൽ, വിഭവസമൃദ്ധമായ സദ്യ,

ഇഷ്ടമിത്രങ്ങളെ ചെന്നുകാണൽ_ഇതൊക്കെയാണ് മുഖ്യമായ പരിപാടികൾ. ഉപവാസകാലത്ത് വ്യക്തിഗതമായ ചാരിത്ര ശുദ്ധിക്കും, ശാരീരികവും മാനസികവുമായ തപസ്യക്കും സവി ശേഷമഹത്ത്വമുണ്ട്. കോപിക്കുക, കക്കുക, കളവുപറയുക, വികാരാധീനനാവുക എന്നുവെച്ചാൽ ഏതെങ്കിലും പ്രകാരത്തിൽ സാധുത്വത്തിനു ഭംഗം നേരിടുക_എന്നിവയെല്ലാം നിഷിദ്ധ മാണ്. അങ്ങിനെ വല്ലതും സംഭവിച്ചാൽ ആ ദിവസത്തെ 'റോസ' (ഉപവാസം) 'കസാ' (വ്യർത്ഥം) ആയിത്തീരുന്നു. അതി നാൽ, വ്യക്തിഗതമായ ഇത്തരം ദോഷങ്ങളിൽനിന്നു മുക്തനാ വാൻ 'റോസ' അനുഷ്ഠിക്കുന്ന ഓരോ വ്യക്തിയും പരിശ്രമിക്കുന്നു.

'ഈദ്' ദിവസം ആദ്യമായി എല്ലാവരും ദേഹശുദ്ധിവരു ത്തുന്നു, കുളിച്ച് നല്ലവസ്ത്രം ധരിക്കുന്നു. പിന്നെ തങ്ങളുടെ ആദായത്തിൽ നാല്പതിലൊരുഭാഗം ധാന്യം, വസ്ത്രം, പണം എന്നിവയുടെ രൂപത്തിൽ ദരിദ്രന്മാക്കും ഫക്കീർ മാക്കും ദാനം ചെയ്യുന്നു. ഇങ്ങിനെ കൊല്ലംതോറും ദാനം (ഖൈരാത്ത്) ചെയ്യുന്നതിനാൽ അപരിഗ്രഹവൃത്തിയുളവായി ത്തീരുന്നു. സമുദായത്തിൽ സാമ്പത്തികവിഷമം വരാനിടയില്ലാ താവുന്നു. ഖൈരാത്തിന്നുശേഷം എല്ലാവരും വിശേഷപ്പെട്ട കോടിവസ്ത്രം ധരിച്ച് നഗരത്തിന്നപ്പുറത്തുള്ള 'ഈദ്ഗാഹ്' ലേക്ക് (ഈദ് ദിവസം നമസ്കരിക്കാൻ സമ്മേളിക്കുന്ന സ്ഥലം) പോകുന്നു. രാവിലെ ഏതാണ്ട് പത്തുമണിക്കാണ് ഈ സാമൂഹ്യ നമസ്കാരം. ഇതിന്നുമുമ്പായി അല്പംവല്ലതും തിന്നണമെന്നൊരു നിയമമുണ്ട്. അതനുസരിച്ച് ജനങ്ങൾ കുറച്ചെന്തെങ്കിലും ഭക്ഷി ച്ചിട്ടേ പുറത്തേക്കിറങ്ങൂ. ഈദ് ദിവസത്തെ നമസ്കാരം കാണേ ണ്ടൊരു കാഴ്ചയാണ്. നിരവധി മുസ്ലീംകൾ ഒരുമിച്ചു മുട്ടുകുത്തു കയും ഇരിക്കുകയും ചെയ്യുന്നു. ഇത് സംഘടനയുടേയും അച്ചട

ക്കത്തിൻേറയും അടയാളമാണ്. നമസ്കാരത്തിന്നുശേഷം സഞ്ചാലകനായ പേശ്ഇമാം (=മുഖ്യ ആചാര്യൻ) ഖുത്ബ വായിക്കുന്നു. എന്നുവെച്ചാൽ ആദ്ധ്യാത്മികവും സാമുദായികവും കൌടുംബികവുമായ കൎത്തവ്യങ്ങൾ ഉപദേശിക്കുന്നു. പിന്നെ അവിടെ സമ്മേളിച്ചവരെല്ലാം ഒരുമിച്ച് തങ്ങളുടെ പാപം നശിക്കട്ടെ, രോഗങ്ങളകന്നുപോകട്ടെ, കാലംതോറും വേണ്ടപോലെ മഴപെയ്യട്ടെ, ധാരാളം ധാന്യം വിളയട്ടെ, കടത്തിൽനിന്നു മോചനം ലഭിക്കട്ടെ, നിൎഭാഗ്യവലയത്തിൽനിന്നു വിട്ടുപോരാൻ സാധിക്കട്ടെ എന്നൊക്കെ പ്രാൎത്ഥിക്കുന്നു. ഇതിനെ 'മുനാജാത്ത്' എന്നു പറയുന്നു. ഇതിന്നുശേഷം പേശ്ഇമാം 'ആമീൻ' (=തഥാസ്തു) എന്നു പറയുന്നു. അതോടുകൂടി ആ പരിപാടി അവസാനിച്ചു.

പിന്നെ എല്ലാവരും അന്യോന്യം ആലിംഗനം ചെയ്യുകയും 'ഈദ് മുബാരക്' (ഇദ് അങ്ങേയ്ക്കു മംഗളകരമാവട്ടെ) എന്നു ആശംസിക്കയും ചെയ്യുന്നു. ഈ അവസരത്തിൽ ധനികൻ ദരിദ്രൻ, ശത്രുമിത്രം, പരിചിതൻ അപരിചിതൻ എന്നിത്യാദി ഒരു ഭേദവും കാണിക്കയില്ല. സമുദായമാകെ ഒന്നാണ്, അവിഭാജ്യമാണ്, അതിലേ എല്ലാ അംഗങ്ങളും പരസ്പരം സഹോദരങ്ങളാണ് എന്ന ബോധം മനസ്സിലുളവാകത്തക്കവിധത്തിലാണ് ഈ ദിവസത്തെ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുള്ളതു്.

മിസ്റ * ദേശത്തും മററും റംസാൻ ഈദിന്നും ബക്രീദിന്നും ജനങ്ങൾ തങ്ങളുടെ ബന്ധുക്കളെ അടക്കംചെയ്ത കബറുകളുടെ സമീപത്തുചെന്നു് 'ഫാത്തിഹ' വായിക്കാറുണ്ടത്രെ.

ഹസ്രത്ത് മുഹമ്മദ് സ്വയം ചെയ്തിരുന്നതോ ആരോടെങ്കിലും ചെയ്യാൻ പറഞ്ഞിരുന്നതോ ആയ കാര്യം അനുകരണീയ

---

* മിസ്റദേശം: ആഫ്രിക്കയുടെ വടക്കുകിഴക്കുഭാഗത്തു് സമുദ്രതീരത്തു സ്ഥിതിചെയ്യുന്ന ഒരു സുപ്രസിദ്ധരാജ്യം (വിവ).

മാണെന്നു മുസ്ലീംകഠം കരുതുന്നു. അദ്ദേഹം ഈദ് ദിവസം ഈത്തപ്പഴം തിന്നിരുന്നു എന്നു ചില ഗ്രന്ഥങ്ങളിൽ കാണുന്നുണ്ട്. അതിനാൽ, മുസ്ലീംകഠംക്കിടയിലും ആ ദിവസം ഈത്തപ്പഴം പാൽ മുതലായവ കഴിക്കുന്ന ഒരു പതിവ് നടപ്പായി. എന്നാൽ, ഇന്ത്യയിലേയും പാക്കിസ്ഥാനിലേയും ബർമ്മയിലേയും മുസ്ലീംകഠം കുഴച്ചമാവ് പാലിൽ വേവിച്ചതു് ('സിവഇൗ') തിന്നാറുണ്ട്. എന്നാൽ, 'സിവഇൗ' തിന്നണമെന്നു് ഒരു ഗ്രന്ഥത്തിലും പറഞ്ഞു കാണുന്നില്ല. ഹിന്ദുക്കളോടുള്ള സംമ്പക്കം ഹേതുവായി ഇവിടത്തെ മുസ്ലീംകഠംക്കിടയിൽ ഈ സമ്പ്രദായം ഉളവായതാണെന്നും പിന്നീടതിന്നൊരു ധാമ്മികച്ഛായ ലഭിച്ചതാണെന്നും കരുതാം.

KOTTAYAM PUBLIC LIBRARY
KOTTAYAM

# 7. ബക്രീദ് (ഈദ്-ഉൽ-അസ്ഹാ)

## ഏററവും വലിയ ഉത്സവം

ബക്രീദ് മുസ്ലീംകളുടെ ഏററവും വലിയ—ഏററവും പവിത്രമായ— ഉത്സവമാണ്. ഇതു് റംസാൻ ഈദിനേക്കാൾ വലുതാണെന്നു കരുതപ്പെടുന്നു. അതിനാൽ, ഇതിനെ 'ഈദ്_ഏ—കബീർ' എന്നു പറയുന്നു. കഴിഞ്ഞ അധ്യായത്തിൽ പറഞ്ഞതുപോലെ 'ഈദ്'ശബ്ദം അറബിയിലെ 'ഊദ്' അഥവാ 'ഔദ്' എന്ന ശബ്ദത്തിൽനിന്നുണ്ടായതാണ്. അതിൻെറ അത്ഥം മടങ്ങുക, തിരിച്ചുവരിക, വീണ്ടും വരിക എന്നെല്ലാമാണ്. ഈ ഉത്സവം കൊല്ലംതോറും വരുന്നതുകൊണ്ടു് ഇതിന്നു് ഈ പേരു വന്നു. 'ഈദ്' ശബ്ദത്തിന്നു് സന്തോഷം, പ്രസന്നത എന്നീ അത്ഥങ്ങളുണ്ടു്. പലരും ബക്രീദിന്നു 'ബക്ര' (=ആടു്)യോടു് സംബന്ധമുണ്ടു്, ആടിനെ ബലികഴിക്കുന്ന 'ഈദ്' ആയതിനാൽ, ഇതിനെ 'ബക്രീദ്' എന്നു പറയുന്നു എന്നു ധരിച്ചിട്ടുണ്ടു്. എന്നാൽ, ഈ ധാരണ തെററാണ്. വാസ്തവത്തിൽ ബക്ര (ബഖറത്ത്) ശബ്ദം അറബിയിലുള്ളതാണ്. അതിൻെറ അത്ഥം പശു അല്ലെങ്കിൽ കാള എന്നാണ്. ദൈവത്തിൻെറ പേരിൽ പശുവിനേയോ കാളയേയോ ബലികഴിക്കുന്ന ദിവസം ബക്രീദ് ആകുന്നു.

## മററുപേരുകഠം

ഭാരതത്തിലെ മുസ്ലീംകഠം 'ബക്രീദ്'' ദിവസം 'അല്ലാഹു'വി ൻെറപേരിൽ പശുവിനേയോ കാളയേയോ, ബലികഴിക്കുന്നുണ്ട്. അതിനാൽ ഇവിടെ അതിൻെറ പേരു് ബക്രീദ് എന്നായി. എന്നാൽ, ഇതിൻെറ ശരിയായ പേരല്ല. ഭാരതത്തിന്നു പുറത്തു് ബക്രീദ് ശബ്ദത്തിന്നു പ്രചാരമില്ല. അറബിയിൽ ഇതിൻെറ പേരു് 'ഈദ്_ഉൽ_അസ്ഹാ' എന്നുവെച്ചാൽ 'കുർബാനി കീ ഈദ്'' (അസ്ഹാ=കുർ ബാനി; ബലി) എന്നാണ്. ഇതുതന്നെ ചില ദിക്കിൽ 'ഈദ്ദസ്സുഹാ' എന്നു എഴുതുകയും പറയുകയും ചെയ്യുന്നുണ്ട്. കുർബാനി (ബലിയർപ്പിക്കൽ)യോടു് ബന്ധപ്പെട്ടതാകയാൽ ഇതിനെ 'ഈദ്–എ–കുർബാൻ' എന്നും പറയുന്നു. ഈ ഈദ് കുർബാനിക്കുള്ളതാണ്, എന്നാൽ, ധർമ്മഗ്രന്ഥങ്ങളിലെവിടേയും ഏതു മൃഗത്തെ അഥവാ സാധനത്തെ ബലിയർപ്പിക്കണമെന്നു എഴുതിക്കാണുന്നില്ല. ഭാരതത്തിൽ പശുവിനേയും കാളയേയും ബലിയർപ്പിക്കുന്നു. അതിനാൽ, ഇവിടെ ഇതിന്നു് ബക്രീദ് എന്ന പേരുവന്നു. അറേബ്യയിൽ ഈ ദിവസം ഒട്ടകത്തെയാണ് ബലിയർപ്പിക്കുന്നതു്. അവിടെ ഇതിനെ 'യൌമുന്നഹർ' (യൌമ്=ദിവസം; അന്നഹർ=ഒട്ടകബലി) എന്നു പറയുന്നു ഇതിന്നുപുറമെ മിസ്രുദേശം തുർക്കിസ്ഥാൻ എന്നിവിടങ്ങളിൽ ഇതിൻെറ പേർ 'ഈദ്–എ–ബൈരുമ്'' (=ആനന്ദോത്സവം) എന്നാണ്. അവിടങ്ങളിൽ പശു അഥവാ കാളക്കു പകരം ചെമ്മരിയാടിനെയാണ് ബലിയർപ്പിക്കുന്നതു്. ഇങ്ങിനെ ഈ ഉത്സവത്തിന്നു് ഓരോ പ്രദേശത്തു് ഓരോ പേരാണുള്ളതു്, ഓരോ ദിക്കിലും ഓരോ മൃഗത്തെയാണ് ബലിയർപ്പിക്കുന്നതു് എന്നു താത്പര്യം. ഖുർആൻ ശരീഫിൽ ഇതിലൊന്നിൻേറയും പേരു വന്നിട്ടില്ല എന്ന വസ്തുതയും നാം ഓർക്കണം.

## ഇതിഹാസം

ഈ ഉത്സവം ഇസ്ലാമിന്റെ ആവിർഭാവത്തിന്നുശേഷം ഉണ്ടായതല്ല, അതിന്നുമുമ്പേ ഉള്ളതാണ്. ഇസ്ലാമിൽ അതെങ്ങിനെ കടന്നുകൂടി എന്നതിനെപ്പററി രണ്ടു ഭിന്നാഭിപ്രായങ്ങൾ പ്രചാരത്തിലുണ്ടു്. പാശ്ചാത്യ ചരിത്രകാരന്മാരുടെ അഭിപ്രായം ഇതാണ്: ഹസ്രത്ത് മുഹമ്മദ്നബി മക്കയിൽനിന്നു പലായനം ചെയ്തു് മദീനയിലെത്തിയപ്പോൾ അവിടത്തെ യഹൂദന്മാർ 'ദുൽഹിജ്ജത്ത്' എന്ന 12-ാംമാസം പത്താംതിയ്യതി പ്രായശ്ചിത്തമെന്നനിലയിൽ നിരാഹാരവ്രതം അനുഷ്ഠിക്കുന്നതു കണ്ടു. അതിനെപ്പററി അന്വേഷിച്ചപ്പോൾ അദ്ദേഹത്തിന്നു മനസ്സിലായതിതാണ്: മിസ്ര ദേശത്തെ 'ഫിര ഔൺ' എന്നു പേരായ ദുഷ്ടചക്രവർത്തിയുടെ പിടിയിൽനിന്നു മോശയും ഇസ്രായിൽക്കാരും രക്ഷപ്പെട്ടതിനെ അനുസ്മരിച്ചാണ് ഈ ഉത്സവം കൊണ്ടാടുന്നതു്. ആ ഉത്സവത്തിന്നു യഹൂദർ നല്കിയിരുന്ന പേരു് 'വല്ഹാംദൻ' എന്നാണ്. മുഹമ്മദ്നബി ഹസ്രത്ത് മൂസ (മോശ)യുടെമേൽ യഹൂദരേക്കാളധികം അധികാരമുള്ളതു് നമുക്കാണെന്നരുളിച്ചെയ്തു. അദ്ദേഹം യഹൂദരോടൊപ്പം അനശനം അനുഷ്ഠിച്ചു. തന്റെ അനുയായികളോടു് അങ്ങിനെ ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്തു. പക്ഷേ, പിന്നീടു് യഹൂദരോടു് യോജിച്ചുപോകാൻ മുസ്ലീംകൾക്കു സാധിച്ചില്ല. അതിനാൽ ഹസ്രത്ത് മുഹമ്മദ് നബി ഉപവാസത്തിന്നു പകരം ബലിയർപ്പിക്കുന്ന സമ്പ്രദായം നടപ്പാക്കി. ഇങ്ങിനെയാണ് 'ഈദ്-ഉൽ-അസ്ഹ' എന്ന ഉത്സവമാരംഭിച്ചതു്.

## ബലിദാനം

എന്നാൽ, മുസ്ലീംചരിത്രകാരന്മാർ പാശ്ചാത്യരുടെ പ്രസ്തുത അഭിപ്രായത്തോടു യോജിക്കുന്നില്ല. അവർ പറയുന്നതു് ഹസ്രത്ത്

ഇബ്രാഹിംൻെറ കാലം തൊട്ടേ ഇതു നടന്നുവരുന്നുണ്ടെന്നാണ്. ഇബ്രാഹിംനബിയെ മുസ്ലീംകൾ തങ്ങളുടെ പ്രധാന പ്രവാചക രിലൊരാളായി കരുതുന്നുണ്ട്. അദ്ദേഹത്തിന്നു "ഖലീലുല്ലാഹ്" എന്നുവെച്ചാൽ ഈശ്വരൻെറ മിത്രം എന്ന പദവിയുണ്ട്. അദ്ദേ ഹമാണ് മക്കയിൽ 'കഅ്ബ' നിർമ്മിച്ചതെന്നു വിശ്വസിക്കപ്പെ ടുന്നു. ഒരിക്കൽ ഹസ്രത്ത് ഇബ്രാഹിം ഒരു സ്വപ്നം കണ്ടു:— ദൈവം അദ്ദേഹത്തോടരുൾചെയ്തു; "നിൻെറ പ്രിയപുത്രനെ ബലിതരിക". അതനുസരിച്ച് അദ്ദേഹം തൻെറ മകനെ മക്ക യ്ക്കടുത്തുള്ള 'പരിശുദ്ധ ബലിസ്ഥലം' എന്നറിയപ്പെടുന്ന സ്ഥല ത്തേക്കു കൊണ്ടുപോയി. അവിടെ ചെന്നു് മകനോടു തൻെറ ഉദ്ദേശ്യം പറഞ്ഞു. പിതൃഭക്തനായ പുത്രൻ അച്ഛൻെറ ആഗ്രഹം സന്തോഷപൂർവ്വം സ്വീകരിച്ചു. ഹസ്രത്ത് ഇബ്രാഹിം വാളെടു ത്തു് വെട്ടാനൊരുങ്ങിയപ്പോൾ കുട്ടി പറഞ്ഞു: "അച്ഛാ, ഞാൻ നിലത്തു കമിഴ്ന്നുകിടക്കാം, നിങ്ങൾ ഒരു തുണിയെടുത്തു് നിങ്ങ ളുടെ കണ്ണടച്ചുകെട്ടണം. എന്നാൽ, ബലികഴിക്കുന്ന അവസര ത്തിൽ അങ്ങയുടെ ദൃഷ്ടി എൻെറ മേൽ പതിയുകയില്ല. നമ്മുടെ രണ്ടുപേരുടേയും മനസ്സ് ചലിക്കയുമില്ല".

മകൻെറ വാക്കുകേട്ട് ഇബ്രാഹിം നബിക്കു വളരെ സന്തോ ഷം തോന്നി. അദ്ദേഹം തൻെറ കണ്ണടച്ചുകെട്ടി മകൻെറ കഴു ത്തിൽ കത്തിവെച്ചു. പക്ഷേ ദൈവത്തിൻെറ കല്പനപ്രകാരം ജിബ്രീൽ എന്ന ദൈവദൂതൻ പെട്ടെന്നു കൈ കടന്നുപിടിച്ചു. അവിടെ ഒരു കല്ലാടിനെ കൊണ്ടുവന്നു നിർത്തി. എന്നിട്ട് ഇബ്രാ ഹിംനബിയോട്, മകനു പകരം ആ ആടിനെ ബലിനല്കാനാ ണ് ദൈവകല്പന എന്നു പറഞ്ഞു. അതനുസരിച്ച് അദ്ദേഹം ആ ആടിനെ ബലികഴിച്ചു. അന്നുമുതൽ ആ ദിവസം ആടി നെ അല്ലെങ്കിൽ മറേറതെങ്കിലും ഒരു മൃഗത്തെ ബലിയർപ്പിക്കുന്ന പതിവുണ്ടായി.

## യഹൂദരുടെ ഉത്സവം

ഈ പുത്രൻ ഏതായിരുന്നു എന്നതിനെപ്പററി രണ്ടഭിപ്രായമുണ്ട്. ഇബ്രാഹിംനബിക്ക രണ്ടു പുത്രന്മാരുണ്ടായിരുന്നു. അതിൽ ഒരു പുത്രൻെറ പേർ ഹസ്രത്ത് ഇസ്മായിൽ എന്നായിരുന്നു. അദ്ദേഹം ഇബ്രാഹിം നബിയുടെ ദാസി, 'ബീബി ഹാജാര'യുടെ ഉദരത്തിൽ പിറന്നവനാണ്; മററെ പുത്രൻ ഹസ്രത്ത് ഇസ്ഹാഖ് ഇബ്രാഹിം നബിയുടെ ധർമ്മപത്നി, 'ബീബിസാറ'യുടെ ഉദരത്തിൽനിന്നും. പിതാവു ഇസ്മായിലിനെയാണ് ബലിയർപ്പിക്കാൻ കൊണ്ടുപോയതു് എന്നാണ് മുസ്ലീംകഠം വിശ്വസിക്കുന്നതു്. എന്നാൽ, ഇബ്രാഹിം, നബി തങ്ങളുടെ പൂജ്യപ്രവാചകനാണെന്നു കരുതുന്ന ക്രിസ്ത്യാനികളും യഹൂദരും അതിനോടു യോജിക്കുന്നില്ല. ഹസ്രത്ത് ഇസ്ഹാഖിനെയാണ് പിതാവു ബലിയർപ്പിക്കാൻ കൊണ്ടുപോയതെന്നാണ് അവരുടെ വിശ്വാസം. ഏതായാലും ഈ ഉത്സവം ഇസ്ലാംമതത്തിൻെറ ആവിർഭാവത്തിന്നു മുമ്പുതന്നെ ഉണ്ടായിരുന്നു എന്നതു തീച്ച്യയാണ്.

യഹൂദരുടെ ധർമ്മം (മതം) ഇസ്ലാമിൽനിന്നു വ്യത്യസ്തമാണെന്നു കരുതുന്നതായാൽ മുസ്ലീംകഠം ഈ ഉത്സവം യഹൂദരിൽനിന്നു സ്വീകരിച്ചതാണെന്നു പറയേണ്ടിവരും. എന്നാൽ, 'ദീനേ ഇസ്ലാം' ഹസ്രത്ത് ആദം മുതൽ പ്രചരിച്ചുതുടങ്ങി, മുഹമ്മദ് നബി അതിലെ ഒടുവിലത്തെ റസൂൽ-പ്രവാചകനാണ്, അതിനാൽ, അദ്ദേഹത്തിന്നു മുമ്പുള്ള എല്ലാ പ്രവാചകന്മാരും ഇസ്ലാമിൻെറ പ്രവാചകന്മാരായിരുന്നു എന്നാണ് മുസ്ലീംകളുടെ ധാരണ. ആ അഭിപ്രായം സ്വീകരിക്കുന്നതായാൽ നമുക്ക ബക്രീദ് മുസ്ലീംകളുടെ ഉത്സവംതന്നെയാണെന്നു പറയാൻ കഴിയും.

## ബലിദാനത്തിൻെറ മഹിമ

ഖുർആൻ ശരീഫിൽ ഒരിടത്തും ഈ ഉത്സവത്തെപ്പററി പറഞ്ഞുകാണുന്നില്ല; എന്നാൽ, ഇബ്രാഹിം നബിയെപ്പററിയും

അദ്ദേഹത്തിൻെറ മക്കളെപ്പററിയും പറഞ്ഞിട്ടുണ്ടു്. അതും ബലിദാനത്തോടനുബന്ധിച്ചിട്ടല്ല. പക്ഷേ, സാമാന്യേന ബലിദാനത്തിൻെറ മഹിമ ഖുർആൻ ശരീഫിൽ പലേടത്തും കാണാവുന്നതാണു്. അവടെയൊന്നും പശുവിനെ അഥവാ കാളയെ തന്നെ ബലിയപ്പിക്കണമെന്നു പറഞ്ഞിട്ടില്ല. ഒട്ടകം എരുമ പോത്തു് കാള പശു ആട്ടു് ചെമ്മരിയാട്ടു് എന്നിങ്ങിനെ ആഹാരത്തിന്നു ദൈവം നിഷേധിച്ചിട്ടില്ലാത്ത ഏതു മൃഗത്തേയും ബലിയപ്പിക്കാമെന്നു സ്പഷ്ടമായി പറഞ്ഞിട്ടുണ്ടു്. ഉദാഹരണം:

'വലി കുല്ലി ഉമ്മതിൻ ജ അൽനാമൻ സകൻ ലിയദ് കുറു ഇസ്മൽ ലാഹി അലാ മാറ സഖഹ്ഹും മിൻ ബഹീമത്തിൽ അൻ ആമി'

(ഖുർ ആൻസൂറ: ഹജ്ജ: രുകു 5. ആയത്തു് 22)

അൎത്ഥം: (ഓരോ സമുദായത്തിന്നും നാം (അല്ലാഹു) ബലിദാനം നിയോഗിച്ചിട്ടുണ്ടു്. നാം മനുഷ്യനു നല്കിയ നാല്ക്കാലികളെ കൊന്നുതിന്നുമ്പോഠം ജനങ്ങഠം അല്ലാഹുവിൻെറ പേരിൽ അങ്ങിനെ ചെയ്യാൻവേണ്ടിയാണു് ഇങ്ങിനെ നിയോഗിച്ചിരിക്കുന്നതു്.)

ബലിദാനം എന്തായിരിക്കണം എങ്ങിനെ ആയിരിക്കണം എന്നതിനെപ്പററിയുള്ള ഹിദായത്തു് (ആദേശം) ഇതാണു്:

"ഓരോ ഏഴുപേൎക്കു് ഒരു കോലാട്ടു്, ഒരു ചെമ്മരിയാട്ടു് അല്ലെങ്കിൽ ഒരു പശു എന്ന കണക്കിൽ ബലിയപ്പിക്കണം. ബലിക്കുള്ള മൃഗം കണ്ണോ കാതോ പൊട്ടിയതോ കാലൊടിഞ്ഞതോ വളരെ മെലിഞ്ഞതോ ആവരുതു്."

കേവലം ബലിദാനംകൊണ്ടു് ഒരു പുണ്യവും കിട്ടുന്നില്ല. എന്നാൽ വിഗ്രഹാരാധനയിൽ വിശ്വസിക്കുന്നവൎക്കു വിഗ്രഹം

 33202

ഭഗവാൻെറ അഥവാ മതത്തിൻെറ ഒരു പ്രതീകമാണ്. അതുപോലെ ഈ ബലിദാനവും മനുഷ്യൻെറ വിശ്വാസത്തിൻേറയും ഭക്തിയുടേയും പ്രതീകമാണ്. ഖുർആൻ ശരീഫിലെ ഹജ്ജ് എന്ന സൂറയിൽ അഞ്ചാമത്തെ 'റുക്കു' മൂന്നാം ആയത്തിൽ പറയുന്നു: "ലൻയനാലല്ലാഹ ലുഹൂമുഹാ വലാദിമാ ഉഹാ വലാക്കിൻ യനാലുഹുത്തഖ് വാ മിൻകും" (അർത്ഥം: ബലിദാനത്തിലെ മാംസമോ രക്തമോ ഒരിക്കലും ദൈവത്തിങ്കലെത്തുകയില്ല. മറിച്ചു നിങ്ങളുടെ ഭക്തിമാത്രം എത്തുന്നു.)

## ഹജ്ജ്സമയത്തെ ബലി

അറേബ്യയിലെ മക്കാ നഗരത്തിൽ ഹസ്രത്ത് ഇബ്രാഹിം നബി ആദ്യം ബലിയർപ്പിച്ച 'മിനാ' എന്ന സ്ഥലത്തുതന്നെ ഇന്നു ഹജ്ജിന്നു പോകുന്ന ഹാജികൾ എന്തെങ്കിലും ബലിയർപ്പിക്കുന്നു. ഹജ്ജ് എന്നതു് അറബിഭാഷയിലെ ഒരു ശബ്ദമാണ്. അതിൻെറ അർത്ഥം 'ഉദ്ദേശിക്കുക' അഥവാ 'ഏതെങ്കിലുമൊരാളുടെ അടുക്കൽ പലവുരു പോയിവരിക' എന്നാണ്. ഇതിൽ നിന്നു് ഒരു പ്രത്യേക അവസരത്തിൽ മക്കയ്ക്കു പോവുക, അവിടത്തെ പരിശുദ്ധ പള്ളിയിൽ 'കഅബ'യിൽ—നിശ്ചിതകർമ്മങ്ങളോടുകൂടി ഈശ്വരനെ പ്രാർത്ഥിക്കുക, ഉപാസനചെയ്യുക എന്നതിനെ ഹജ്ജ് എന്നു പറയാൻ തുടങ്ങി. ഇങ്ങിനെ ഹജ്ജിന്നു പോയിവന്ന ആളെ 'ഹാജി' എന്നു പറയുന്നു. കാശിയാത്ര ചെയ്തുവന്ന ഹിന്ദുക്കളെപ്പോലെ ഈ ഹാജിമാരും പുണ്യവാന്മാരാണെന്നു കരുതപ്പെടുന്നു.

ഹജ്ജ് സംബന്ധിച്ച കർമ്മങ്ങളിൽ ബലിദാനം മഹത്തായ ഒരു ഭാഗമാണെന്നു കരുതപ്പെടുന്നു. അതിനാൽ, അക്കാലത്തു് അവിടെ അനേകായിരം മൃഗങ്ങൾ വധിക്കപ്പെടുന്നു. അതിൻെറയെല്ലാം മാംസം തിന്നുക സാദ്ധ്യമല്ല. അതിനാൽ, ബലിയർപ്പിച്ച മൃഗങ്ങളെ വലിയ വലിയ കുഴികളിലിട്ടുമൂടുന്നു. ഹജ്ജിൻെറ

സമയത്തു് വല്ലവൎക്കും ബലിയപ്പിക്കാൻ ഒരു മൃഗത്തേയും കിട്ടിയില്ല എന്നു വിചാരിക്കുക, അവൎക്കായി ഖുർആൻ ശരീഫിൽ ഇങ്ങിനെ പറഞ്ഞിട്ടുണ്ടു്: "ആയാറം അവിടെ ഇരുന്നു് മൂന്നു ദിവസം ഉപവാസം അനുഷ്ഠിക്കണം. പിന്നെ വീട്ടിൽ മടങ്ങിയെത്തിയശേഷം ഏഴ് ദിവസവും"

'ഫമൻ ലം യജിദ് ഫസിയാമുസലാസത്തി അയ്യാമിൻ ഫിൽഹജ്ജ് വസബ് അത്തുൽ
ഇതാ രജഅ്തും' (ഖുർആൻ സൂറ: ബകർ റകു 24 ആയത്തു് 28)

(അൎത്ഥം: ബലിയപ്പിക്കാനൊന്നും കിട്ടാത്തവർ ഹജ്ജിന്റെ കാലത്തുതന്നെ 3 ദിവസവും പിന്നെ (വീട്ടിൽ) മടങ്ങിച്ചെന്ന ശേഷം ഏഴ ദിവസവും ഉപവാസമനുഷ്ഠിക്കണം.)

ഹജ്ജിന്നുപോകാൻ കഴിയാത്തവൎക്കും ബലിദാനം പുണ്യകരമായിക്കരുതുന്നുണ്ടു്. അതിനാൽ, ഹിന്ദുസ്ഥാനത്തിൽ ബലിദാനത്തിന്നു സവിശേഷമായ മഹത്ത്വമുണ്ടു്.

## പണക്കാൎക്കുള്ള ആജ്ഞ

ഭാരതത്തിലെ പല മുസ്ലീം എഴുത്തുകാരുടേയും അഭിപ്രായത്തിൽ കുർബാനി (ദിവ്യബലി) എല്ലാ മുസ്ലീംകൾക്കുമുള്ള ഒരാജ്ഞയല്ല; അതു പണക്കാൎക്കു പ്രത്യേകമുള്ള ആജ്ഞയാണു്. അവർ പണക്കാരെന്നതിന്നു നല്കിയിട്ടുള്ള അൎത്ഥം ഇതാണു്:- ഇരിക്കാൻ വീടു്, ധരിക്കാൻ വസ്ത്രം, വീട്ടിലെ അത്യാവശ്യവസ്തുക്കൾക്കു പുറമെ ഏഴര തോല സ്വൎണ്ണം അഥവാ അമ്പത്തിരണ്ടര തോല വെള്ളി എന്നിവ കൈവശമുള്ളവർ.

ചില മുസ്ലീം എഴുത്തുകാർ ഇങ്ങിനേയും എഴുതിവെച്ചിട്ടുണ്ടു്: ഒരു കോലാടിനേയോ ചെമ്മരിയാടിനേയോ ബലി നല്കി

യാൽ അതിൻെറ പുണ്യം ഒരു വ്യക്തിക്കേ കിട്ടൂ; ഒരു പശുവിനേയോ ഒട്ടകത്തേയോ ബലിനല്കുന്നതായാൽ ഏഴുപേക്കു പുണ്യം കിട്ടും. എന്നാൽ, ഇതിന്നൊന്നും ഖുർആൻ ശരീഫിൽ യാതൊരാധാരവും കാണുന്നില്ല. ഒരുപക്ഷേ, ഈ അഭിപ്രായത്തിൻെറ പ്രചാരം ഹേതുവായിട്ടാവാം ഭാരതത്തിൽ ബക്രീദ്ദിവസം ഗോക്കളെ വധിക്കുന്നതും അതിനെ നിമിത്തമാക്കി ഹിന്ദു-മുസ്ലീം വഴക്കുണ്ടാവുന്നതും. ഇപ്പോൾ ജനങ്ങൾക്കു കൂടുതൽ വിവേകം ഉളവായിട്ടുള്ളതിനാൽ ഈ കാര്യത്തിൽ ഹിന്ദുക്കൾക്കും മുസ്ലീംകൾക്കും ശാന്തമായിരുന്നു് വീണ്ടും ചിന്തിക്കാൻ സാധിക്കുന്നതാണു്.

## കാര്യപരിപാടി

ഹിജറ വഷം ദിൽഹിജ്ജ് മാസം 10-ാംനു- മുസ്ലീംകളുള്ള ദിക്കിലെല്ലാം വിശിഷ്യ ഹജ്ജിൻെറ അവസരത്തിൽ മക്കയിലും 'ബക്രീദ്' വളരെ ആഭാടപൂവ്വം ആഘോഷിക്കുന്നു. ഇതിൻെറ രൂപം മുഖ്യമായും മൌലികമായും ധാമ്മികമാണു്, ഗംഭീരവുമാണു്. അതേസമയം റംസാൻ ഈദ്പോലെ ഇതും ഒരാനന്ദോത്സവമായിട്ടുണ്ടു്.

ഈ ദിവസം രാവിലെ എല്ലാ മുസ്ലീംകളും കുളിച്ചു് വൃത്തിയായി പുതുവസ്ത്രം ധരിച്ചു് നഗരത്തിന്നു പുറത്തുള്ള വലിയ ഈദ്ഗൃഹത്തിൽ വന്നുചേരുന്നു. അവിടെ എല്ലാവരും വരിയായി നില്ക്കുന്നു. അപ്പോൾ 'പേശ് ഇമാം' അവരുടെ മുമ്പിൽ വന്നുനിന്നു് നമസ്കരിക്കുന്നതിൽ നേതൃത്വം നൽകുന്നു. ഈ സാമൂഹ്യനമസ്കാരം വളരെ പ്രഭാവപൂണ്ണവും ആകഷ്കവുമായ ഒരു കാഴ്ചയാണു്. നമസ്കാരം കഴിഞ്ഞാലുടനെ പേശ്ഇമാം അവിടത്തെ 'മിമ്പ'റിൽ കയറിനിന്നു് ഒരു പ്രസംഗം നടത്തുന്നു. അതിനെ 'ഖുത്ബ' എന്നു പറയും. ഇതിൽ സാധാരണമായി ദൈവത്തിൻെറ മഹിമയെ വണ്ണിക്കുകയാണു് ചെയ്യുക.

ഖുത്ബ അവസാനിച്ചാൽ ജനങ്ങൾ അന്യോന്യം ഹസ്തദാനം ചെയ്തു് 'ഈദ് മുബാരക്' എന്നു പറയുന്നു. പിന്നെ എല്ലാവരും വീട്ടിലേക്കു മടങ്ങുന്നു. വീട്ടിലെ കാരണവർ തൻെറ നിലയ്ക്കനുസരിച്ചു് ഒരാടിനേയോ പശുവിനേയോ കാളയേയോ ഒട്ടകത്തേയോ—ധർമ്മവിഹിതമായ ഒരു മൃഗത്തെ – ബലിയർപ്പിക്കുന്നു. എന്നുവെച്ചാൽ അറുക്കുന്നു. ഇങ്ങിനെ ബലികഴിച്ച മൃഗത്തിൻെറ മാംസം മൂന്നാക്കി പങ്കിടുന്നു. ഒരു പങ്കു് ബന്ധുക്കൾക്കും ഒരു പങ്കു് ദരിദ്രർക്കും കൊടുത്തശേഷം മൂന്നാമത്തേ പങ്കു് പ്രസാദമെന്ന നിലയിൽ വീട്ടുകാർക്കായിവെയ്ക്കുന്നു. പിന്നെ റംസാൻ ഈദിലെന്നപോലെ വിഭവസമൃദ്ധമായ സദ്യ, സുഹൃത് സമ്മേളനം മുതലായ കാര്യപരിപാടികളുണ്ടായിരിക്കും.

# സംസ്കാരങ്ങൾ.

## 8. ജനനം (ജാതകർമ്മം)

### അറബി സംസ്കാരത്തിൻെറ പ്രഭാവം

ഇസ്ലാംമതം ആവിർഭവിച്ചതു് അറബിസ്ഥാനിലാണു്. അതിനാൽ, മുസ്ലീംകളുടെ സംസ്കാരങ്ങളിൽ അറബി സംസ്കാരത്തിൻെറ പ്രഭാവം കാണുന്നതു് സ്വാഭാവികമാണു്. എന്നാൽ, ഹിന്ദുസ്ഥാനിൽ വന്നതിന്നുശേഷം ഈ മതം ഹിന്ദുമതത്തിൽനിന്നു പലതും എടുത്തിട്ടുണ്ടു്. അവയിൽ ചിലതു് മൂലധർമ്മത്തിന്നു വിരുദ്ധവുമായിരിക്കും. അതും സംഭവ്യമാണു്. ഇതുപോലെ തന്നെ ഹിന്ദുക്കളുടെ ബാഹ്യസംസ്കാരങ്ങളിൽ ഇതരസംസ്കാരങ്ങളുടെ മുദ്രയും കാണാവുന്നതാണു്. ഇവിടെ ഈ ബാഹ്യകാര്യങ്ങളെപ്പററിയൊന്നും ചർച്ചചെയ്യുന്നില്ല. അഞ്ചു മൌലികസംസ്കാരങ്ങളുടെ വിതരണം നല്കാൻ മാത്രമേ ഉദ്ദേശിക്കുന്നുള്ളു. ആ സംസ്കാരങ്ങൾ ഇവയാണു്: (1) ജനനം (ജാതകർമ്മം), (2) ഖിത്താൻ

(സുന്നത്), (3) ബിസ്മില്ലാ (വിദ്യാരംഭം), (4) നിക്കാഹ് (വിവാഹം), (5) വഫാത് (മൃത്യു). ഈ എല്ലാ സംസ്കാരങ്ങളിലും ഭഗവത്സ്മരണക്ക് പ്രധാനസ്ഥാനമുണ്ട്.

## ജാതകർമ്മം

കുട്ടി ജനിച്ച ഉടനേ പൊക്കിൾകൊടി മുറിച്ച് അതിനെ കുളിപ്പിക്കുന്നു. പിന്നെ നല്ല വൃത്തിയുള്ള വസ്ത്രംകൊണ്ട് പുതപ്പിച്ച് പുറത്തിരിക്കുന്ന പുരുഷന്മാരുടെ അടുക്കലേക്കു കൊണ്ടുവരുന്നു. അവിടെ ഗ്രാമത്തിലെ പ്രധാന മൌലവി അല്ലെങ്കിൽ മറ്റേതെങ്കിലുമൊരു മാന്യൻ കുട്ടിയുടെ വലത്തേ ചെവിയിൽ 'അസാൻ' മന്ത്രവും ഇടത്തേ ചെവിയിൽ 'ഇഖാമത്ത്' മന്ത്രവും ചൊല്ലിക്കൊടുക്കുന്നു. 'അസൻ' അഥവാ 'ബാംഗ്' എന്നതിന്റെ അർത്ഥം ഓതിക്കൊടുക്കുക, ചെവിയിൽ വിവരമെത്തിക്കുക; നമസ്കാരത്തിന്നുള്ള വിളി; നമസ്കാരത്തിന്റെ സൂചന നല്കാനായി ഉച്ചത്തിൽ വിളിച്ചുപറയുന്ന ശബ്ദം എന്നെല്ലാമാണ്. ഈ അറബിമന്ത്രത്തിലെ ശബ്ദങ്ങൾ ഇപ്രകാരമാണ്:

"അല്ലാഹു അക്ബർ. അല്ലാഹു അക്ബർ. അല്ലാഹു അക്ബർ. അല്ലാഹു അക്ബർ.

അശ്ഹദു അൻ ലാ ഇലാഹ് ഇല്ലല്ലാഹ് അശ്ഹദു അൻ ലാ ഇലാഹ് ഇല്ലല്ലാഹ്

അശ്ഹദു അൻ മുഹമ്മദൻ റസൂലല്ലാഹ്. അശ്ഹദു അൻ മുഹമ്മദൻ റസൂലല്ലാഹ്

ഹയ്യാ അലസ്സലാത്ത്. ഹയ്യാ അലസ്സലാത്ത്.

ഹയ്യാ അലാ അൽ ഫലാഹ്. ഹയ്യാ അലാ അൽ ഫലാഹ്.

അല്ലാഹു അക്ബർ. അല്ലാഹു അക്ബർ. ലാ ഇലാഹ് ഇല്ലല്ലാഹ്."

KOTTAYAM PUBLIC LIBRARY KOTTAYAM

(അർത്ഥം: ഈശ്വരൻ സർവ്വശ്രേഷ്ഠനാണ്. ഈശ്വരൻ സർവ്വശ്രേഷ്ഠനാണ്. ഈശ്വരൻ സർവ്വശ്രേഷ്ഠനാണ്. ഈശ്വരൻ സർവ്വശ്രേഷ്ഠനാണ്. ആ ഒരീശ്വരനൊഴികെ പൂജനീയനായി ആരുമില്ല. അതിന്നു ഞാൻ സാക്ഷിയാണ്. ആ ഈശ്വരനൊഴികെ പൂജനീയനായി ആരുമില്ല. അതിന്നു ഞാൻ സാക്ഷിയാണ്. ഈശ്വരന്റെ 'റസൂൽ' എന്നുവെച്ചാൽ പ്രേഷിതൻ (=അയച്ചവൻ) ആകുന്നു മുഹമ്മദെന്നു് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഈശ്വരന്റെ റസൂലാണ് മുഹമ്മദെന്നു് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. പ്രാർത്ഥനയ്ക്കുവരു, പ്രാർത്ഥനയ്ക്കു വരു. വിജയത്തിലേയ്ക്കു വരു, വിജയത്തിലേയ്ക്കു വരു. ഈശ്വരൻ എല്ലാററിലും വലുതാണ്. ഈശ്വരനൊഴികെ ആരുംതന്നെ ആരാധനയ്ക്കു യോഗ്യനല്ല.)

ഇകാമത്ത് അഥവാ ഇഖാമത്ത് എന്നതിന്റെ അർത്ഥം സ്ഥിരം, വസിക്കുക (കാക്കുക), നമസ്കാരത്തിന്നായി നില്ക്കുക അഥവാ സന്നിഹിതനാവുക എന്നാണ്. 'അദാൻ' മന്ത്രത്തിൽ "ഖദ് ഖാമത്തിസ്സലാത്ത്" (ഇനി പ്രാർത്ഥന തീർച്ചയായും ആരംഭിക്കും. Verily the prayers are now ready) എന്ന വാക്യം കൂട്ടിച്ചേർത്താൽ 'ഇഖാമത്ത്' മന്ത്രമായി. ഒരു വ്യത്യാസം മാത്രമുണ്ട്. 'അദാൻ'മന്ത്രം ചൊല്ലുന്നതു് 'മു അദ്ദിൻ' എന്നുവെച്ചാൽ നമസ്കാരത്തിന്നു ആളുകളെ വിളിക്കുന്ന വ്യക്തിയാണ്. ഇഖാമത്ത് ചൊല്ലുന്നതു് ഇമാമിന്റെ പിന്നിൽനില്ക്കുന്ന 'മുക്തദീ' (അനുയായി)യാണ്. ഇമാം എന്നുവെച്ചാൽ നേതാവ്, സാധാരണക്കാരനനുകരിക്കുന്ന വ്യക്തിഎന്നർത്ഥം. മിക്കപ്പോഴും 'മു അദ്ദിൻ' തന്നെയാണ് ഇമാമിന്റെ പിന്നിൽ നില്ക്കുക. എന്തുകൊണ്ടെന്നാൽ, അവിടെ നമസ്കരിക്കാൻ മററാരും ഉണ്ടായിരിക്കയില്ല.

## ധാർമ്മികപാരമ്പര്യം

കുട്ടിയുടെ കാതിൽ അദാൻ മന്ത്രമോ ഇഖാമത്ത് മന്ത്രമോ ഓതിക്കൊടുക്കുന്ന സമ്പ്രദായം ഹസ്രത്ത് മുഹമ്മദ്നബി ആരംഭിച്ചതാണ്. തന്റെ ഏതെങ്കിലും ബന്ധുവിന്റേയോ അനു

യായിയുടേയോ വീട്ടിൽ ഒരു ശിശു ജനിച്ചു എന്നറിഞ്ഞാലുടനേ നബി തിരുമേനി അങ്ങോട്ടുചെന്നു് ആ ശിശുവിൻെറ കാതിൽ ഈ മന്ത്രങ്ങൾ ഓതികൊടുത്തിരുന്നുവത്രെ. തൻെറ ദൌഹിത്ര നായ ഹസ്രത്ത് ഇമാംഹസ്സൻെറ കാതിൽ നബി തിരുമേനി തന്നെ ഈ മന്ത്രങ്ങളോതിക്കൊടുത്തിട്ടുണ്ടു്. ഈ സംസ്കാരം മുഖേന മുസ്ലീം ശിശുക്കൾക്കു് 'വഹ്ദത്ത്' എന്ന ഏക ദൈവവിശ്വാ സത്തിൻെറ ദീക്ഷ നല്കപ്പെടുന്നു. ഇതിന്നു മൌലവിതന്നെ സന്നി ഹിതനാവണമെന്നു നിർബ്ബന്ധമില്ല. മന്ത്രമറിയാവുന്ന ഏതു വ്യക്തിക്കും ഇതു നിർവ്വഹിക്കാവുന്നതാണു്.

ഈ കാര്യപരിപാടിക്കുശേഷം ദാനധർമ്മാദികൾ ചെയ്യുന്നു. കുട്ടിയുടെ ദീർഘായുസ്സിന്നും സുഖസമാധാനങ്ങൾക്കുമായി 'ഫാ ത്തിഹ' വായിക്കുന്നു. (ഫാത്തിഹ എന്തെന്നു അവസാനത്തെ അധ്യായത്തിൽ വിവരിക്കുന്നതാണു്.) ഈ അവസരത്തിൽ ബന്ധുക്കളും അയൽവാസികളും കുട്ടിക്കു പാരിതോഷികങ്ങൾ നല്കുകയും കുട്ടിയെ ആശീർവ്വദിക്കുകയും ചെയ്യുന്നു.

## അഖീഖത്തും നാമകരണവും

കുട്ടിജനിച്ചു് ഏഴാംദിവസം കുട്ടിയുടെ ശിരോമുണ്ഡനവും നാമകരണവും നടത്തുന്നു. ഇതിനെ അഖീഖത്തു് എന്നു പറയുന്നു. ആദ്യമായി ക്ഷുരകനെക്കൊണ്ടു ശിശുവിൻെറ തലയിലെ രോമ ങ്ങൾ നീക്കംചെയ്യിക്കുന്നു. അതിൻെറ തൂക്കത്തോളം വെള്ളി ദരിദ്രൎക്കു ദാനംചെയ്യുന്നു. വെള്ളി വിതരണംചെയ്യുക സാധ്യമ ല്ലാത്തതിനാൽ ആ വെള്ളിയുടെ വിലക്കുള്ള ധാന്യമോ മററോ വിതരണം ചെയ്താൽ മതി.

ഈ കർമ്മംചെയ്യുന്ന ദിവസം അഥവാ കുട്ടിജനിച്ചു് ഒരാഴ്ച കുള്ളിൽ ആ കുട്ടിക്കുവേണ്ടി ഒരാടിനെ ബലികഴിക്കുന്നു. ഇതിന്നും 'അഖീഖത്ത്' എന്നുതന്നെ പറയുന്നു. ഒരുപക്ഷേ, ഹസ്രത്ത്

ഇബ്രാഹിമിൻെറ ബലിദാനത്തിൻെറ സ്മരണയെന്ന നിലയി ലാവാം ഈ ബലികഴിക്കുന്നതു്. ശിശു ആണാണെങ്കിൽ രണ്ടാടു കളേയും പെണ്ണാണെങ്കിൽ ഒരാടിനേയും ദൈവത്തിൻെറ പേരിൽ ബലിയപ്പിക്കുന്നു. ബലിയാടിൻെറ പ്രായം ഒരു കൊല്ലത്തിൽ കുറയരുതു്; അതിന്നു് ഒരു രോഗവും ഉണ്ടായിരിക്കരുതു്. ബലി യപ്പിച്ചശേഷം ആടിൻെറ മാംസം പ്രസാദമെന്ന നിലയിൽ ബന്ധുമിത്രാദികളുടെ വീടുകളിലേക്കു കൊടുത്തയക്കുന്നു.

ഈ 'അഖീഖത്ത്' എന്ന സംസ്കാരം കുട്ടി ജനിച്ചു് ഏഴാം ദിവസം നടത്താൻ സാധിച്ചാൽ നന്നു്. എന്നാൽ, സംഗതി വശാൽ അതിന്നു സാധിച്ചില്ലെങ്കിൽ ഏഴുവയസ്സിലകത്തു് ഏതു ദിവസവും നടത്താവുന്നതാണു്. ഇതും ഹസ്രത്ത് മുഹമ്മദ് സ്വയം നടപ്പാക്കിയതാണു്. അതിനാൽ, ഇതിന്നു പ്രത്യേകം മഹത്ത്വമുണ്ടെന്നു കരുതപ്പെടുന്നു. ഇസ്ലാമിൽ അപരിഗ്രഹവ്രത ത്തിന്നു് അതിയായ പ്രാധാന്യമുള്ളതിനാൽ ദാന-ധമ്മാദികളെ പ്പററി പലദിക്കിലും പ്രസ്താവിച്ചിട്ടുണ്ടു്. അതു കുട്ടിയുടെ ജനന ത്തോടൊപ്പം ആരംഭിക്കുന്നു.

## ശിശുവിൻെറ പേര്

ഇതേദിവസം കുട്ടിയുടെ നാമകരണവും നടത്തുന്നു. കുട്ടി യുടെ പേരു് എങ്ങിനെയുള്ളതാവണം എന്നതിനെപ്പററി ശരീ അത്ത് (ഇസ്ലാം ധമ്മശാസ്ത്രം) ഒരു നിബന്ധനയും വെച്ചിട്ടില്ല. എന്നാൽ, ഹസ്രത്ത് മുഹമ്മദ് തൻെറ ജീവിതകാലത്തു തൻേറ യോ മററുള്ളവരുടേയോ കുട്ടികൾക്കു നല്കിയിരുന്ന പേരു് തങ്ങ ളുടെ കുട്ടികൾക്കു നല്കാനാണു് സാധാരണമായി മുസ്ലീംകളിഷ്ട പ്പെടുന്നതു്. ഉദാഹരണം: ഹസ്സൻ, ഹുസ്സൈൻ, അലി മുതലാ യവ. ഇതുപോലെതന്നെ 'അബ്ദ്' എന്നുവെച്ചാൽ സേവകൻ; ഭക്തൻ; ഗുലാം എന്നുവെച്ചാൽ ദാസൻ, അബീദ് എന്നുവെ ച്ചാൽ ഉപാസകൻ എന്നീ ശബ്ദങ്ങളെ അല്ലാഹ് ഖുദാ എന്നി

ത്യാദി ഈശ്വരവാചകശബ്ദങ്ങളോട് കൂട്ടിച്ചേർത്തുണ്ടാക്കുന്ന പേരുകളും മുസ്ലീംകൾ സ്വീകരിക്കാറുണ്ട്. ഉദാഹരണം: അബ്ദുല്ലാ, അബ്ദുറഹ്മാൻ, അബ്ദുൾഗഫാർ മുതലായവ. പെൺകുട്ടികൾക്ക ഹസ്രത്ത് മുഹമ്മദിൻെറ ബീബിമാരുടേയും പുത്രിമാരുടേയും—ഫാത്തിമ ആയിഷാ, രുക്കിയാ മുതലായവ— പേരുകളിടാൻ ധാർമ്മികവൃത്തിയുള്ള പിതാക്കന്മാർ ഇഷ്ടപ്പെടുന്നു. ഭാരതത്തിൽ പലരും പ്രാദേശികപ്രഭാവം ഹേതുവായി ബാപൂ, ദാദ്ദ, ധോംധൂ, ഝഗ്ഡൂലാൽ ബാബാലാൽ എന്നീ ഭാരതീയ നാമങ്ങളും നല്കാറുണ്ട്. എന്നാൽ, ധാർമ്മികവൃത്തിയുള്ളവർ ഇതു് ഇഷ്ടപ്പെടുന്നില്ല. ഇവിടെ ഒരു കാര്യം എടുത്തുപറയേണ്ടിയിരിക്കുന്നു: ഹിന്ദുക്കൾ ഈശ്വരൻ, ഭഗവാൻ, പരമേശ്വരൻ എന്നിത്യാദി പേരുകളിടാറുണ്ട്. എന്നാൽ, ക്രിസ്ത്യാനികൾ കേവലം ഗോഡ് (God) എന്നോ മുസ്ലീംകൾ കേവലം ഖുദാ (ദൈവം) അല്ലാഹ് എന്നോ പേരിടുകയില്ല. പതിനാലാംദിവസം കുട്ടിയുടെ അശുദ്ധി നീങ്ങുന്നു; അന്നു് കുട്ടിക്കു് പരിശുദ്ധിവരുന്നു. പിന്നെ കുട്ടിയെ വീട്ടിലെല്ലാടത്തും കൊണ്ടുപോകാം. അന്നുതന്നെ കുട്ടിയെ തൊട്ടിലിൽ കിടത്തുക എന്ന കർമ്മവും നടത്തുന്നു.

ഇവിടെ ഒരു കാര്യം ഓർമ്മവെക്കണം. മുസ്ലീം സംസ്കാരങ്ങളിൽ കാണുന്ന എല്ലാം ഖുർആനിൽ പറഞ്ഞിട്ടുള്ളവയാണെന്നു ധരിക്കരുതു്. മിക്കതും പരമ്പരയാ നടന്നുവന്നവയാണ്. അവയുടെമേൽ അതതു പ്രദേശങ്ങളിലെ ആചാരങ്ങളുടെ പ്രഭാവം പതിഞ്ഞിട്ടുമുണ്ട്. ഇസ്ലാംമതസ്ഥാപകനായ ഹസ്രത്ത് മുഹമ്മദ് ചില സംസ്കാരങ്ങൾ പഴയ അറബി പാരമ്പര്യത്തിൽ നിന്നെടുത്തിട്ടുണ്ട്; ചിലതൊക്കെ സ്വയം ആവിഷ്കരിച്ചിട്ടുമുണ്ട്. ജാതകർമ്മത്തിൽ 'അഖീഖത്ത്' ഒന്നു മാത്രമാണ് ധാർമ്മികസംസ്കാരം. എന്നാൽ, അതിന്നും ഖുർആൻ ശരീഫിൽ അടിസ്ഥാനമില്ല.

# 9. ഖിത്താൻ ബിസ്മില്ലാഹ്

## ഖിത്താൻ അഥവാ സുന്നത്

ആൺകുട്ടികളുടെ ജനനേന്ദ്രിയത്തിൻെറ അഗ്രഭാഗത്തെ ചർമ്മം ഛേദിക്കുക എന്നൊരു സംസ്കാരം മുസ്ലീംകൾക്കിടയിൽ നടപ്പുണ്ട്. അതിനെ 'ഖിത്താൻ' (Circumcision) 'സുന്നത്' അഥവാ 'മുസൽമാനി' എന്നു പറയുന്നു. വാസ്തവത്തിൽ സുന്നത് എന്ന ശബ്ദത്തിൻെറ അർത്ഥം നിയമം, മാർഗ്ഗം, സമ്പ്രദായം, നടപ്പ്, പ്രവാചകപ്രഭുചെയ്ത പ്രവർത്തി എന്നെല്ലാമാണ്. എന്നാൽ, ഖിത്താൻ ഒരു നിർബ്ബന്ധസംസ്കാരമാണ്. ഇസ്ലാം ധർമ്മത്തിൻെറ ദീക്ഷ (സുന്നത്) പൂർണ്ണമാവുന്നതിന്നു് അതവശ്യം നിറവേററണം. അതിനാൽ, ഖിത്താൻ, സുന്നത് എന്നിവ സമാനാർത്ഥശബ്ദങ്ങളായിത്തീർന്നിട്ടുണ്ട്. ഈ സംസ്കാരത്തിന്നും ഖുറാൻ ശരീഫിൽ യാതൊരാധാരവും കാണുന്നില്ല. ധാർമ്മികഗ്രന്ഥങ്ങളിൽ ഹസ്രത്ത് മുഹമ്മദും അദ്ദേഹത്തിന്നു മുമ്പുണ്ടായ 16 പ്രവാചകന്മാരും— സകരിയ്യാ, ശീസ്, ഇദ്‌രീസ്, യൂസുഫ്, ഹംജാലാ, ഈസാ (യേശുക്രിസ്തു), മൂസാ, ആദം, നൂഹ, ശുഐബ, സാമ, ലൂത്ത്, സാലിഹ്, സുലേമാൻ, യഹിയാ, ഹൂദ് എന്നിവരെല്ലാം— ഖിത്താൻ കഴിച്ചനിലയിലാണ് ജനിച്ചതു് എന്നു പറഞ്ഞിട്ടുണ്ട്. അവർക്കിതു ചെയ്യേണ്ടിവന്നിട്ടില്ലത്രെ!! അതിൽനിന്നു ഈ സമ്പ്രദായം ഇസ്ലാമിന്നു മുമ്പുതന്നെ എന്നുവെച്ചാൽ, ഹസ്രത്ത് ഇബ്രാ

ഹിമിൻെറ കാലത്തുതന്നെ അറബിസ്ഥാനിൽ നടപ്പുണ്ടായിരുന്നു. എന്നനുമാനിക്കാം.

സാധാരണമായി കുട്ടിക്കു ഏഴുവയസ്സു തികഞ്ഞശേഷം 12 വയസ്സു തികയുന്നതിനു മുമ്പായാണ് ഈ കമ്മം നടത്തുന്നതു്. എന്നാൽ, ജനിച്ച് ഏഴുദിവസം കഴിഞ്ഞാൽ പിന്നെ ഏതു ദിവസവും ഇതു നടത്താവുന്നതാണ്. അതിനാൽ, അഖീഖത്ത്, ഖിത്താൻ എന്നിവ ഒരേസമയത്തു നടത്താറുണ്ട്. ഹിന്ദുക്കളുടെ ഉപനയനംപോലെ വളരെ ആഘോഷപൂർവ്വം ധാരാളം പണം ചെലവാക്കിനടത്തുന്ന ഒരു സംസ്കാരമാണിതു്.

ആരോഗ്യദൃഷ്ട്യാ ലാഭദായകമായ ഒരു സംസ്കാരമാണ് 'ഖിത്താൻ' എന്നു ഡാക്ടർമാരഭിപ്രായപ്പെടുന്നുണ്ട്. ശുചിത്വപരമായിനോക്കിയാൽ ഇതു തീർച്ചയായും നല്ലതാണ്.

## 'ബിസ്മില്ലാഹ്'

ഖിത്താനുശേഷം നടത്തേണ്ട സംസ്കാരം 'ബിസ്മില്ലാഹ്' എന്നുവെച്ചാൽ 'വിദ്യാരംഭം' ആകുന്നു. ഇതും ധാമ്മികമല്ല. പക്ഷേ ഇതു വളരെകാലമായി പരമ്പരയാ നടന്നുവരുന്ന, അനിവാര്യമായ ഒരു സംസ്കാരമാണ്. 'ബിസ്മില്ലാഹ്' എന്നതിൻെറ അത്ഥം ദൈവത്തിൻെറ പേരിൽ (ബി + ഇസ്മ + അല്ലാഹ്=In the name of God) എന്നാണ്. ഖുർആൻ ശരീഫിൻേറയും അതിലെ ഓരോ അധ്യായത്തിൻേറയും ആരംഭത്തിൽവരുന്ന ഒരു വാക്യം ഇതാണ്.

## "ബിസ്മില്ലാഹിറ് റഹ്മാനിറ് റഹീം"

(അത്ഥം: വളരെ ദയാലുവും കൃപാലുവും ആയ ഈശ്വരൻെറ നാമത്തോടുകൂടി ഞാൻ ആരംഭിക്കുന്നു) ആഹാരംകഴിക്കാൻ തുടങ്ങുമ്പോഴും, ഏതെങ്കിലും പുതിയകാര്യം തുടങ്ങുമ്പോഴും, പുസ്തകം വായിക്കാൻ തുടങ്ങുമ്പോഴും, ഒരു പുതിയ വസ്ത്രം ധരിക്കാൻ തുടങ്ങുമ്പോഴുംപോലും ഈവാക്യം ഉച്ചരിക്കുന്നു അഥവാ എഴുതുന്നു.

നാലുകൊല്ലം നാലുമാസം നാലുദിവസം പ്രായമായാൽ ഒരു മുസ്ലീം ശിശുവിൻെറ വിദ്യാഭ്യാസം തുടങ്ങുകയായി. പഠിപ്പാരംഭിക്കുന്നതു് "ബിസ്മില്ലാഹിറ് റഹ്മാനിറ് റഹീം" എന്ന വാക്യത്തോടുകൂടിയാണു്; ഹിന്ദുക്കൾ "ഹരിശ്രീ ഗണപതയെ നമഃ" എന്നു പറയുന്നതുപോലെ കുട്ടി തൻെറ അച്ഛൻെറ അഥവാ രക്ഷിതാവിൻെറകൂടെ പുതിയ ഉടുപ്പുകൾ ധരിച്ചു് പള്ളിയിലേക്കോ 'മദ്റസ'യിലേയ്ക്കോ പോകുന്നു. അവിടെ ധർമ്മപുസ്തകം തുറന്നു് അതിൽനിന്നു മേലെഴുതിയ വാക്യം കുട്ടിയെക്കൊണ്ടു് ചൊല്ലിക്കുന്നു. ഖുർആൻ ശരീഫിലെ ചില മന്ത്രങ്ങളും ചൊല്ലിക്കും. പിന്നെ ഗുരുനാഥനും അതിഥികൾക്കും മധുരപലഹാരം കൊടുക്കുന്നു. ഇങ്ങിനെയാണു് കുട്ടിയുടെ മുറപ്രകാരമുള്ള പഠിപ്പാരംഭിക്കുന്നതു്.

ഇസ്ലാമിൽ ജ്ഞാനപ്രാപ്തിക്കു് അഥവാ വിദ്യാഭ്യാസത്തിന്നു് മറ്റത്തമമായ സ്ഥാനമുണ്ടു്. ഹദീസ് (നബി തിരുമേനിയുടെ തിരുമൊഴികൾ) ഗ്രന്ഥങ്ങളിൽ ഇങ്ങിനെ ഒരു വാക്യമുണ്ടു്. "തലബുൽ ഇൽമി ഫറ ഇത്തുൽ ആലാ കുല്ലി മുസ്ലീമിൻ വ മുസ്ലീമാ" അർത്ഥം: ഇൽമ് (=വിദ്യ) സമ്പാദിക്കുന്നതു് ഏതു മുസ്ലീം സ്ത്രീയുടേയും പുരുഷൻേറയും കർത്തവ്യമാണു്. ഇതിന്നടിയിലുള്ള വിചാരം ഇതാണു്: ഏതൊരു മുസ്ലീമിന്നും ചുരുങ്ങിയതു ഖുർആൻ വായിക്കാൻ കഴിയണം. അങ്ങിനെ ആധ്യാത്മീകോന്നതി സ്വയം സാധിക്കണം.

കുട്ടി ഖുർആൻ ശരീഫ് മുഴവനും വായിച്ചാൽ അതവൻെറ ജീവിതത്തിലേ മഹത്തരമായ ഒരു കാര്യമായി പരിഗണിക്കപ്പെടും. അപ്പോൾ കുട്ടി ഗുരുവിനോടുള്ള ബഹുമാനസൂചകമായി മധുരപലഹാരം കോടിവസ്ത്രം ദക്ഷിണയുടെ നിലയിൽ കുറച്ചു രൂപ എന്നിവ കൊടുക്കുന്നു. ഗുരുവിനോടുള്ള ആദരവും ഗുരുശുശ്രൂഷയും പൌരസ്ത്യസംസ്കാരത്തിൻെറ ഒരു സവിശേഷാംഗമായിക്കരുതാവുന്നതാണു്.

# 10. നിക്കാഹ് (വിവാഹം)

## സാമൂഹ്യസ്വരൂപം

മുസ്ലീംകൾക്കിടയിൽ വ്വിവാഹത്തിന്നു രണ്ടു് ശബ്ദങ്ങൾ പ്രചാരത്തിലുണ്ടു്: ഒന്നു്, 'നിക്കാഹ്'; രണ്ടു്, 'ശാദി'. 'നിക്കാഹ്' അറബി ശബ്ദമാണു്. അതിൻെറ മൌലികാർത്ഥം ശാരീരികസംബന്ധം അഥവാ സംഭോഗം എന്നാണു്. 'ശാദി' പാർസിശബ്ദമാണു്. അർത്ഥം, സന്തോഷം അഥവാ ആനന്ദോത്സവം എന്നും. സന്തോഷപ്രദമായ ഒരു സംസ്കാരമാകയാൽ വിവാഹത്തിന്നു് ഈ പാർസിശബ്ദം പിന്നീടു് പ്രചരിച്ചതാവാം.

മുസ്ലീംകളുടെ വിവാഹവിധിക്ക ധാർമ്മികമായും സാമുദായികമായും മഹത്ത്വമുണ്ടു്. ഒരുപ്രകാരത്തിൽ അതിൻെറ സ്വരൂപം സാമുദായികമായ—പരസ്പരം ചെയ്യുന്ന—ഒരു കരാറിൻേറതാണു്. അതിൽ കാസി (=ന്യായാധിപൻ) അഥവാ മൌലവി സന്നിഹിതനായേ കഴിയൂ എന്നില്ല. കാസി ഇല്ലാതെതന്നെ വധുവിൻെറ സമ്മതത്തോടുകൂടി വധുവിൻെറ രക്ഷിതാവിന്നു് രണ്ടു സാക്ഷികളുടെ മുമ്പാകെ വരനുമായി വിവാഹക്കരാറു ചെയ്യാവുന്നതാണു്.

## സ്ത്രീയുടെ സ്വാതന്ത്ര്യവും സമത്വവും

വിവാഹകാര്യത്തിൽ മുസ്ലീം സ്ത്രീകൾക്കുള്ള സ്വാതന്ത്ര്യവും സമത്വവും നമ്മുടെ ശ്രദ്ധയെ സവിശേഷം ആകർഷിക്കുന്നുണ്ട്. നബി തിരുമേനിയുടെ കാലത്തിന്നുമുമ്പ് അറബിസ്ഥാനിൽ സ്ത്രീകളുടെ സ്ഥിതി കേവലം അടിമകളുടേതിന്നു തുല്യമായിരുന്നു. അഥവാ അതിലും ദയനീയമായിരുന്നു എന്നുപറയാം. പുത്രിയുടെ ജനനം ഒരു മഹാവിപത്തായിട്ടാണ് ഏതൊരു പിതാവും പരിഗണിച്ചിരുന്നത്. ചിലർ പെൺകുട്ടി പിറന്നാലുടനെ അതിനെ കൊന്നിരുന്നു. സ്ത്രീയെ ഈ അധഃപതിച്ച സ്ഥിതിയിൽനിന്നു കരയേററുകയെന്ന മഹത്കൃത്യം നബീതിരുമേനി ചെയ്തതിൻെറ ചില ചിഹ്നങ്ങൾ മുസ്ലീംകളുടെ വിവാഹത്തിൽ കാണാവുന്നതാണ്. ഇസ്ലാമിൽ സ്ത്രീക്കും പുരുഷനും ഏറെക്കുറെ തുല്യമായ സ്ഥാനമാണുള്ളത്. വിവാഹകാര്യത്തിൽ പുരുഷൻേറതുപോലെ സ്ത്രീയുടേയും സമ്മതം അവശ്യം ആവശ്യമാണ്. വിവാഹാവസരത്തിൽ കാസിമന്ത്രം വായിക്കുന്നതിന്നുമുമ്പായി ഒരു വക്കീലിൻേറയും രണ്ടു സാക്ഷികളുടേയും മുഖേന വധുവിൻെറ സമ്മതം വാങ്ങുന്നു. കാസി ആദ്യം വരനോടും പിന്നെ വധുവിനോടും മൂന്നുവട്ടം ചോദിക്കുന്നു. "ഈ വിവാഹം നിങ്ങൾക്കിരുവക്കും സമ്മതമല്ലേ?" വല്ല വൈമനസ്യവുമുണ്ടെങ്കിൽ അതു് തുറന്നു പറഞ്ഞു് വധുവിന്നു് അതിൽനിന്നൊഴിവാകാം. ഇതു പ്രായപൂത്തിവന്ന സ്ത്രീകളുടെ കാര്യമായി, പ്രായപൂത്തി വന്നിട്ടില്ലെങ്കിൽ വധുവിൻെറ അച്ഛൻേറയോ ജ്യേഷ്ഠൻേറയോ രക്ഷിതാവിൻേറയോ സമ്മതം വാങ്ങേണ്ടതാണ്. എന്നാൽ, പിന്നീടു് പ്രായപൂത്തിവന്നശേഷം അവൾക്കു വേണമെങ്കിൽ വിവാഹമോചനം ലഭിക്കുന്നതാണ്.

## വധുവിന്നു കിട്ടുന്ന മഹ്ർ

സ്ത്രീക്കു സാമ്പത്തികസുരക്ഷിതത്വം നല്കാനായി പുരുഷൻ (വരൻ) തൻെറ ബീബിക്കായി കുറച്ചു പണം കൊടുക്കണമെന്നു

വെച്ചിട്ടുണ്ട്. ഇങ്ങിനെ വരൻ വധുവിന്നു കൊടുക്കാൻ നിശ്ച യിക്കുന്ന പണത്തിന്നു 'മഹ്ർ' എന്നുപറയുന്നു. ഇതിന്നു 'സദഖ്', 'നഹലാ', 'ഉക്ര' എന്നീ പേരുകളും നടപ്പുണ്ട്. ഈ സംഖ്യ നിർണ്ണയിക്കുന്നതു വരൻെറ സാമ്പത്തികസ്ഥിതിനോക്കിയാണ്. പലപ്പോഴും പുരുഷൻ തൻെറ ഒരുകൊല്ലത്തെ ശമ്പളം (ആദായം) മഹ്ർ എന്ന നിലയിൽ കൊടുക്കുന്നു. പഴയ സമ്പ്രദായക്കാർ 120 ദിർഹം അഥവാ 20 തോല വെള്ളിയുടെ വിലയ്ക്കുള്ള പണ മാണ് കൊടുക്കുക. ഇതിനെ 'മഹ്റെ ഫാത്തിമ' എന്നു പറ യുന്നു. കാരണം നബീ തിരുമേനിയുടെ പുത്രി ഫാത്തിമ ബീ ബിക്കു അവരുടെ വരൻ ഹസ്രത്ത് അലി ഈ സംഖ്യയാണത്രേ കൊടുത്തതു്. ധനവാന്മാർ മഹ്റെ ഫാത്തിമ കൊടുത്തതിന്നു ശേഷം തങ്ങളുടെ കഴിവനുസരിച്ച് പിന്നേയും പണം കൊടു ക്കുന്നു. ഈ സംഖ്യയിൽ വധുവിന്നു പൂർണ്ണമായ അധികാരമുണ്ട്; അതവളുടെ സ്വകാര്യസ്വത്താണ്. അതു തനിക്കിഷ്ടമുള്ള ഏതാൾക്കും - സ്വന്തം മാതാപിതാക്കൾക്കുപോലും — കൊടുക്കാ നവൾക്കു സ്വാതന്ത്ര്യമുണ്ട്. ആദ്യം നിശ്ചയിച്ച മഹ്റ് കൊടു ക്കാനുപേക്ഷവരുത്തിയ ഭർത്താവിൻെറ പേരിൽ ഭാര്യക്കു കോട തിയിൽ അന്യായം ബോധിപ്പിക്കാവുന്നതാണ്. പല ദരിദ്ര ന്മാരും സ്വന്തം പത്നിമാരോട് മഹ്റ് ഒഴിവാക്കിവാങ്ങാറുണ്ട്. ഈ മഹ്റ് സാധാരണമായി നാലുതരത്തിലുണ്ട്. (1) 'മഹ്റെ—ശറഈ' എന്നുവെച്ചാൽ ഇസ്ലാം ധർമ്മശാസ്ത്രപ്രകാരം വരൻെറ കഴിവനുസരിച്ചുള്ളതു്. (2) 'മഹ്റെ—വുറൂദ്' എന്നുവെച്ചാൽ വധുവിൻെറ പിതാവിൻെറ കുലത്തിൽ നടപ്പുള്ളതും കൊടുത്തു വരുന്നതും. (3) 'മഹ്റെ-മു അസ്സിൽ' എന്നുവെച്ചാൽ വിവാഹച്ചട ങ്ങിനോടൊപ്പം ശാരീരികസംബന്ധത്തിന്നുമുമ്പായി (ഖിലത്) കൊടുക്കുന്നതു്. (4) 'മഹ്റെ-മു അജ്ജല' എന്നുവെച്ചാൽ പെ ട്ടെന്നു കൊടുത്തുതീർക്കാൻ കഴിയാത്തതു് — വരൻെറ മരണാനന്ത രമോ വിവാഹമോചനത്തിന്നു ശേഷമോ കൊടുക്കുന്നതു്.

ഭാരതത്തിൽ ഹിന്ദുക്കളെ അനുകരിച്ച് മുസ്ലീംകൾക്കിടയിലും അവിടവിടെ സ്ത്രീധനം കൊടുക്കുന്ന സമ്പ്രദായം തുടങ്ങിയിട്ടുണ്ട്. എന്നുവെച്ചാൽ, നല്ല ജാമാതാവിനെ കിട്ടാനായി വധുവിൻെറ പിതാവ് ധാരാളം പണം ചെലവാക്കുന്നുണ്ട്, റൊക്കം പണമായും സാധനങ്ങളുടെ രൂപത്തിലും കൊടുക്കാറുണ്ട്. എന്നാൽ, അതിന്നു മതത്തിനോടു ഒരു ബന്ധവുമില്ല.

## സാക്ഷികൾ

മുസ്ലീംകൾക്കിടയിൽ പർദ്ദയുള്ളതുകൊണ്ട് വധുവിന്നു സ്വയമായി തൻെറ സ്വീകൃതിനല്കുക സാധ്യമല്ല. അതിനാൽ, അവളുടെ ഏതെങ്കിലും ബന്ധുവോ വിശ്വസ്തനായ മറേറതെങ്കിലും പുരുഷനോ വക്കീലിൻെറ നിലയിൽ പ്രവർത്തിക്കുന്നു. ആയാൾ അവളുടെ സമ്മതം വാങ്ങി വരനെ അറിയിക്കുന്നു. ത്തവസരത്തിൽ അവിടെ ചുരുങ്ങിയതു രണ്ടു സാക്ഷികളെങ്കിലും ഉണ്ടായിരിക്കണം. വിവാഹത്തിന്നു കാസിയുടെ സാന്നിധ്യം ഇല്ലെങ്കിലും കഴിച്ചുകൂട്ടാം; പക്ഷേ, ഈ സാക്ഷികൾ കൂടിയേ കഴിയൂ. സാധാരണമായി സാക്ഷികൾ പുരുഷന്മാരായിരിക്കും. അതു സാധ്യമല്ലാതെ വരുമ്പോൾ ഒരു പുരുഷനും രണ്ടു സ്ത്രീകളും സാക്ഷികളുടെ നിലയിൽ സന്നിഹിതരാവണം.

## വിവാഹവിധി

മുസ്ലീംകളും വധൂഗൃഹത്തിൽവെച്ചാണ് വിവാഹം നടത്തുന്നതു്. വരപക്ഷത്തിലുള്ളവർ ബന്ധുമിത്രാദികളോടുകൂടി അങ്ങോട്ടു ചെല്ലുന്നു. വരൻെറ പാർട്ടിയിൽ പുരുഷന്മാരേ ഉണ്ടാവൂ. വധൂഗൃഹത്തിലുള്ളവർ—ബന്ധുമിത്രാദികളോടുകൂടി ഇവരെ വളരെ ആഡംബരപൂർവ്വം സ്വീകരിക്കുന്നു. പിന്നെ 'നിക്കാഹ്' വായിക്കുക എന്ന പരിപാടിയാണ്. അതിന്നായി അടുത്തുള്ള മൌലവിയെ അഥവാ കാസിയെ ക്ഷണിക്കുന്നു. അദ്ദേഹം ആദ്യം

'ഖുത്ബ_എ_നിക്കാഹ്'' എന്നുവെച്ചാൽ വിവാഹ പ്രസംഗം വായിക്കുന്നു. അതു് അറബി ഭാഷയിലാണു്.

അതിന്നുശേഷം മൌലവി അല്ലെങ്കിൽ കാസി മഹ്റിൻെറ സംഖ്യ എത്രയാണെന്നന്വേഷിക്കുന്നു. പിന്നെ വരനോടു് ''ഈ മഹ്റ് നിശ്ചയിച്ചുകൊണ്ടു് നിങ്ങളിരുവരുടേയും വിവാഹം നടത്തുകയാണു്. നിങ്ങൾക്കതു സമ്മതംതന്നെയല്ലെ?'' എന്നു ചോദിക്കുന്നു. അപ്പോൾ വരൻ ''അതെ, അതെനിക്കു സമ്മതമാണു്''; എന്നു മൂന്നുപ്രാവശ്യം പറയുന്നു. പിന്നെ മൌലവി (കാസി) വധൂവരന്മാരെ ആശീർവ്വദിച്ചുകൊണ്ടു പറയുന്നു: ''ആദമും അവ്വായും, ഇബ്രാഹിമും സാറയും, യൂസുഫും സുലേഖയും, മൂസയും സഫൂരയും, ഹസ്രത്ത് മുഹമ്മദും ആയിശയും, ഹസ്രത്ത് അലിയും ഫാത്തിമയും എന്ന പോലെ — ആ ദമ്പതിമാരെപ്പോലെ — നിങ്ങളേയും ദൈവം സന്തുഷ്ടരാക്കിവെക്കട്ടെ.'' അവിടെ സന്നിഹിതരായമററുള്ളവരും കൈപൊക്കി അദ്ദേഹത്തിൻെറ ആശീർവ്വാദത്തിൽപങ്കുകൊള്ളുന്നു. ചിലേടത്തു ഈ അവസരത്തിൽ മൌലവി വധൂവരന്മാരെക്കൊണ്ടു് ഖുർആൻ ശരീഫിലെ ആറുകലിമകൾ (മന്ത്രങ്ങൾ) ചൊല്ലിക്കാറുണ്ടു്. അതിന്നുശേഷം ഈത്തപ്പഴം വിതരണം ചെയ്യുന്നു. ഈത്തപ്പഴമുണ്ടാവുന്നതു് അറേബിയയിലാണു്. അതിനാൽ, ഈ സമ്പ്രദായം മുഖേന അറേബിയയിലാണു് ഇസ്ലാം മതം ആരംഭിച്ചതെന്നു് നമ്മെ അനുസ്മരിപ്പിക്കുന്നു. ചടങ്ങുകളെല്ലാം അവസാനിച്ചാൽ കാസി തൻെറ കണക്കിൽ ആ വിവാഹവും എഴുതിവെക്കുന്നു. അതിനെ''കാസിയുടെ റജിസ്റ്റ്രു''എന്നാണു് പറയുക. ഹിന്ദുക്കളുടെ പുണ്യസ്ഥലങ്ങളിൽ പണ്ടകളുടെ പക്കലുള്ള പുസ്തകത്തിൽ അവിടെ വന്നുപോകുന്നവരുടെ വിവരം രേഖപ്പെടുത്തി വെക്കുന്നതുപോലെ കാസിയുടെ റജിസ്റ്റ്രിലും എത്രയോ കൊല്ലമായി നടന്ന എല്ലാ വിവാഹങ്ങളുടേയും വിവരം എഴുതിവെച്ചിട്ടുണ്ടാവും. അതിനാൽ, കല്യാണത്തിൻെറ നിയമപരമായ തെളിവെന്നനിലയിൽ ഈ റജിസ്റ്റ്രു ഉപയോഗിക്കാവുന്നതാണു്.

പിന്നെ വരന്റെ കൂടെ വന്നവൎക്ക് സദ്യ നല്കുന്നു. വധുവിന്റെ വീട്ടുകാർ വരന്നു വല്ലതും കൊടുക്കാനുദ്ദേശിക്കുന്നുണ്ടെങ്കിൽ അതെല്ലാം കൊടുത്തു് വധുവിനെ അവരുടെ ഒരുമിച്ചുതന്നെ വരന്റെ വീട്ടിലേയ്ക്കയയ്ക്കുന്നു.

അതിന്നുശേഷം പിറേറന്നോ അതിന്റെ പിറേറന്നോ വരന്റെ വീട്ടുകാർ ഒരു സദ്യകഴിക്കുന്നു. അതോടുകൂടി വിവാഹം സംബന്ധിച്ച എല്ലാ ചടങ്ങും അവസാനിച്ചു. ഇസ്ലാമിന്റെ ആജ്ഞയനുസരിച്ചു് വിവാഹവിധി വളരെ സരളവും ലഘുവുമാണു്. എന്നാലും, ഭാരതത്തിലെ ആചാരങ്ങളുടെ പ്രഭാവം പതിയുകനിമിത്തം മുസ്ലീംകൾക്കിടയിലും ഉഞ്ഞാൽ പൂശുക, നഗരപ്രദക്ഷിണം, നൃത്തനാട്യങ്ങൾ എന്നിവ കണ്ടുവരുന്നുണ്ടു്.

## നാലു ഭാര്യമാർ

ഒരു മുസ്ലീമിന്നു ഒരേ സമയം നാലു ഭാര്യമാരുണ്ടാവാം. ഈ സമ്പ്രദായം മനസ്സിലാക്കുന്നതിന്നു കുറച്ചു ചരിത്രം അറിഞ്ഞിരിക്കണം. ഇസ്ലാംമതം ആവിർഭവിക്കുന്നതിന്നു മുമ്പു് അറബ്സ്ഥാനിൽ സ്ത്രീകളുടെ അസ്തിത്വത്തിന്നു് ഒരു മൂല്യവുമുണ്ടായിരുന്നില്ല. അവൾക്കു സമുദായത്തിൽ പ്രതിഷ്ഠയോ ജീവിതത്തിൽ പുരുഷനു തുല്യമായ സ്ഥാനമോ ഉണ്ടായിരുന്നില്ല. ഇസ്ലാമാണു് അവൾക്കു പ്രതിഷ്ഠയും സമാനതയും നൽകാൻ ആദ്യമായി പരിശ്രമിച്ചതു്. അതിന്നുമുമ്പു് ഏതു പുരുഷന്നും എത്രയെങ്കിലും സ്ത്രീകളെ വിവാഹംകഴിക്കാം; അവരോടെല്ലാം അടിമകളോടെന്നപോലെ പെരുമാറുകയും ചെയ്യാം. ആ കാലത്താണു് ഇസ്ലാം ഒരു പുരുഷന്നു നാലിലധികം സ്ത്രീകളെ കല്യാണം കഴിച്ചുകൂടാ എന്ന നിബന്ധന നടപ്പാക്കിയതു്. എന്നാലും, ഒന്നിലധികം പത്നിമാരുള്ള മുസ്ലീംകളുടെ എണ്ണം ആയിരത്തിൽ ഒന്നോ രണ്ടോ ആയിരിക്കും. അതിന്നു കാരണവുമുണ്ടു്; ആഹാരം വസ്ത്രം പെരുമാററം സഹവാസം എന്നീ കാര്യങ്ങളിൽ ഭർത്താവു് തന്റെ എല്ലാ പത്നിമാ

രോടും തുല്യനിലയിൽ പെരുമാറണമെന്നു ഇസ്ലാം അനുശാസിക്കുന്നുണ്ട്. അങ്ങിനെ ചെയ്യാൻ ദുർല്ലഭം ചില പുരുഷന്മാൎക്കേ സാധിക്കു. ഈ കാൎയ്യം ഓൎമ്മവെക്കുന്നതായാൽ നാലു ഭാൎയ്യമാരെ വെക്കാനനുവദിച്ചതു് വിഷമതകളെ തരണംചെയ്യാനുള്ള ഒരുപായമായിട്ടു മാത്രമാണെന്നു മനസ്സിലാവും. സാധാരണമായി രണ്ടാമതൊരു കല്യാണം കഴിക്കുന്നതു് താഴെ പറയുന്ന പരിതഃസ്ഥിതികളിലാണ്: 1. പ്രഥമപത്നിയോടു് ചേൎച്ചയില്ലാതാവുക, അവരു ബന്ധുവീട്ടിൽ നിന്നാകയാൽ വിവാഹമോചനത്തിന്നു സാധിക്കാതാവുകയും ചെയ്യുക. 2. ആദ്യത്തെ പത്നിക്കു സന്താനോത്പാദനത്തിന്നു കഴിവില്ലെന്നു തെളിയുക. 3. പത്നി എപ്പോഴും രോഗിയായിരിക്കുക.

സന്താനമുണ്ടായില്ല എന്ന കാരണംകൊണ്ടു് പുനർവിവാഹം ചെയ്യുന്ന പുരുഷന്മാർ മുസ്ലീംകൾക്കിടയിൽ ദുർല്ലഭമാണ്. പുത്രനില്ലാതെ മരിക്കുന്ന ഗൃഹസ്ഥന്നു് സ്വൎഗ്ഗം ലഭിക്കുകയില്ല എന്നൊരു ധാരണ ഹിന്ദുക്കളിൽ കണ്ടുവരുന്നുണ്ടു്. ഈ ധാരണ മുസ്ലീംകൾക്കിടയിലില്ല. ഓരോ വ്യക്തിയും തൻെറ പാപത്തിൻെറയോ പുണ്യത്തിൻെറയോ ബലംകൊണ്ടു് നരകത്തിലേയ്ക്കോ സ്വൎഗ്ഗത്തിലേയ്ക്കോ പോകുന്നു എന്നാണവരുടെ വിശ്വാസം. അതിനാൽ, തൻെറ പത്നിക്കു സന്താനമുണ്ടാവാഞ്ഞാലും അവരോടൊപ്പം പ്രസന്നതാപൂൎവ്വം ജീവിക്കുന്ന എത്രയെങ്കിലും മുസ്ലീംകളെ കാണാവുന്നതാണ്.

## സഹോദരസന്തതികൾ തമ്മിൽ വിവാഹം

ഹിന്ദുക്കളെപ്പോലെ സഗോത്രവിവാഹം നിഷിദ്ധമാണെന്നുകരുതുന്നില്ല. മുസ്ലീംകൾ, അതിനാൽ, സഹോദരന്മാരുടെ മക്കൾ തമ്മിൽ വിവാഹം കഴിക്കുന്നതു് അവൎക്കിടയിൽ സാധാരണമാണ്. അടുത്ത ബന്ധുക്കൾ തമ്മിൽ വിവാഹം കഴിച്ചാൽ അവരുടെ സന്താനങ്ങൾക്കു മനോബലവും ബുദ്ധിബലവും

കുറയും, പലരും ഭ്രാന്തന്മാരാവാനിടയുണ്ട് എന്നു് പുതിയ കണ്ടുപിടുത്തങ്ങൾ തെളിയിച്ചിട്ടുണ്ട്. അതിനാൽ, അഭ്യസ്തവിദ്യരായ മുസ്ലീംകൾ അടുത്ത ബന്ധുക്കളെ വിവാഹംകഴിക്കാൻ വിസമ്മതം കാണിച്ചുതുടങ്ങിയിരിക്കുന്നു. മറെറാരു കാരണവുമുണ്ട്. അത്തരം ബന്ധത്തിൽനിന്നു കുടുംബഛിദ്രവും മത്സരവും വളരെയധികം ഉണ്ടാവുന്നു. ഏതായാലും ഇപ്പോൾ സഹോദരന്മാരുടെ മക്കൾ തമ്മിലുള്ള വിവാഹം വളരെ കുറഞ്ഞിരിക്കുന്നു. ഹിന്ദുക്കൾക്കിടയിലും അമ്മാമന്റെ മകളെ കല്യാണംകഴിക്കുന്ന ആ പഴയ സമ്പ്രദായം ഇപ്പോൾ ഇല്ലാതാവാൻ തുടങ്ങിയിട്ടുണ്ട്. ഒരു മുസ്ലീമിന്നു തന്റെ പത്നിയുടെ സഹോദരിയെ കല്യാണം കഴിക്കണമെങ്കിൽ ആദ്യമായി ആ പത്നിയുടെ വിവാഹബന്ധം വേർപെടുത്തണമെന്നൊരു നിയമമുണ്ട്. അതിനാൽ, സഹോദരിമാർ സപത്നികളാവില്ല എന്നൊരു മെച്ചം മുസൽമാന്മാർക്കുണ്ട്.

ക്രിസ്തുമതത്തിൽപെട്ട ഒരു വ്യക്തിയേയോ യഹൂദമതത്തിൽ പെട്ട ഒരു വ്യക്തിയേയോ വിവാഹം കഴിക്കണമെങ്കിൽ ഒരു മുസ്ലീമിന്നു തന്റെ മതം ഉപേക്ഷിക്കേണ്ടതില്ല. അതുപോലെ ആ ഇതരമതത്തിലെ വ്യക്തിക്കും തന്റെ ധർമ്മം തുടരാവുന്നതാണ്. അതിനാൽ, ഒരേവീട്ടിൽ വിഭിന്നധർമ്മം അനുസരിക്കുന്നവർക്ക് ഭാര്യാഭർത്താക്കന്മാരായി ജീവിക്കുക സാധ്യമാണ്.

## വിവാഹമോചനം

മുസ്ലീംകൾക്കിടയിൽ വിവാഹത്തെപ്പോലെ വിവാഹമോചനവും എളുപ്പത്തിൽ സാധിക്കാവുന്ന ഒരു കാര്യമാണ്. എന്നാലും, വിവാഹമോചനം വാങ്ങുന്നവരുടെ എണ്ണം വളരെ കുറവാണ്. പതിനായിരത്തിൽ ഒരാളോ മററോ ആണത്രെ അങ്ങിനെ ചെയ്യുന്നതു്.

ഇസ്ലാം മറെറാരുകാര്യവും സ്വീകരിച്ചിട്ടുണ്ട്. വിവാഹാനന്തരം എന്തെങ്കിലും കാരണവശാൽ ഭാര്യാഭർത്താക്കന്മാർക്കൊരു

മിച്ച് താമസിക്കാൻ സാധിക്കാതെവരുന്നതായാൽ അവക്ക് വെവ്വേറെ താമസിക്കാവുന്നതാണ്. എന്നാൽ, നിസ്സാരകാര്യങ്ങൾക്കായി വിവാഹമോചനം നേടുന്നപതിവ് ജനങ്ങൾക്കിടയിൽ ഉണ്ടാവരുതെന്നുകരുതി, ഗത്യന്തരമില്ലാത്ത ഘട്ടത്തിലേ വിവാഹബന്ധം വേർപെടുത്താവൂ എന്ന സംഗതി മുസ്ലീംകളുടെ ഹൃദയത്തിൽ സുദൃഢമാക്കാൻ ഇസ്ലാം പരിശ്രമിച്ചിട്ടുണ്ട്. വിവാഹമോചനം 'അബ്ഗാസുൽ മുബാഹാത്ത്'' എന്നുവെച്ചാൽ വിഹിതവും ഐച്ഛികവുമായ കാര്യങ്ങളിൽ ഏററവും ഹീത്തയാണ് (The thing which is lawful but disliked by God is divorce) എന്നു് ഹസ്രത്ത് മുഹമ്മദ് നബിതന്നെ അരുളിച്ചെയ്തിട്ടുണ്ട്. അതിനാൽ, പലപ്പോഴും ഭാര്യാഭർത്താക്കന്മാർ വേർപിരിഞ്ഞാലും അവർ ബന്ധം വേർപെടുത്തുകയില്ല; അവിവാഹിതരെപ്പോലെ ജീവിക്കും.

വിവാഹബന്ധം വേർപെടുത്തേണ്ടിവരുമ്പോൾ ഭാര്യയും ഭർത്താവും സാക്ഷികൾ മുഖേന അന്യോന്യം നോട്ടീസുകൊടുക്കുന്നു. സാക്ഷികളുടെ സാന്നിദ്ധ്യമില്ലാതെ വാക്കാലും നോട്ടീസുകൊടുക്കാവുന്നതാണ് ആദ്യം നോട്ടീസു കൊടുത്തശേഷം കുറച്ചു ദിവസം കാത്തിരിക്കും. അതിന്നിടയിൽ വിവാഹമോചനത്തിന്റെ കാരണം ദൂരീകരിക്കപ്പെട്ടാൽ നല്കിയ നോട്ടീസ് പിൻവലിക്കാവുന്നതാണ്. ഇല്ലെങ്കിൽ വീണ്ടും നോട്ടീസു നൽകുന്നു. പിന്നേയും കുറച്ചുദിവസം കാക്കുന്നു, വിവാഹമോചനം കൂടാതെ കഴിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നു. അതും സഫലമാവാഞ്ഞാൽ മൂന്നാമതും നോട്ടീസ് നൽകുന്നു. അതോടുകൂടി നിയമാനുസൃതമായ വിവാഹമോചനം ലഭിക്കുന്നു. ഇതിനുശേഷം 100 ദിവസംവരെ സ്ത്രീക്കു വിവാഹം പാടില്ല. ഈ കാലത്തിനെ 'ഇദ്ദത്ത്'' എന്നു പറയുന്നു. ഇതിന്നിടയിൽ കാസി അഥവാ ന്യായാധിപതി ഉഭയകക്ഷികളേയും പറഞ്ഞു മനസ്സിലാക്കി ഒരൊത്തുതീർപ്പുണ്ടാക്കാൻ പരിശ്രമിക്കുന്നു. നോട്ടീസ് നൽകിയ

തിന്നുശേഷം വിവാഹമോചനം ലഭിക്കുന്നതുവരെ ഭാര്യക്കും ഭർത്താവിന്നും ഒരുമിച്ചു വസിക്കാമെന്നതു് ഒരു സവിശേഷതയാണു്.

വിവാഹമോചനം പലപ്രകാരത്തിലുമുണ്ടു്. അവയിൽ മുഖ്യമായവ:

KOTTAYAM PUBLIC LIBRARY KOTTAYAM

1. 'തലാക്കേഖുലാ': ഇതുപ്രകാരം ഭർത്താവിനോടു് ബന്ധം വേർപെടുത്താനാഗ്രഹിക്കുന്ന സ്ത്രീ ആയാൾക്കു് എന്തെങ്കിലും ഉപഹാരം നല്കണം. സാധാരണമായി ഈ സ്ഥിതിയിൽ പത്നി തൻെറ മഹ്റ് മുഴുവനും ഭർത്താവിന്നു മടക്കിക്കൊടുക്കുന്നു. പക്ഷേ, ഭർത്താവിൻെറ സമ്മതത്തോടെ അതിലൊരുഭാഗം സ്ത്രീക്കു കൈവശംവെയ്ക്കാവുന്നതാണു്. ഈവിധത്തിൽ വിവാഹമോചനം ലഭിക്കുന്നതിന്നു ഭർത്താവിൻെറ സൌമനസ്യം ആവശ്യമാണു്. അല്ലെങ്കിൽ പിന്നെ സ്ത്രീക്കു കാസിയുടെ അദാലത്തിൽ (കോടതിയിൽ) തൻെറ സത്യാവസ്ഥ തെളിയിച്ചു് മോചനത്തിന്നു് അനുമതി വാങ്ങേണ്ടിവരും.

2. 'തലാക്ക്-എ-റജഈ': ഇതനുസരിച്ചു് ഒരു പുരുഷന്നു് വിവാഹബന്ധം വേർപെടുത്തിയശേഷം വീണ്ടും ആ സ്ത്രീയെ സ്വീകരിക്കണമെങ്കിൽ അതിന്നു് വിശേഷിച്ചൊരു ചടങ്ങും ആവശ്യമില്ല. രണ്ടാമതു വിവാഹബന്ധം വേർപെടുത്തിയശേഷം വീണ്ടും സ്വീകരിക്കണമെങ്കിലും ചടങ്ങൊന്നും വേണ്ട. പക്ഷേ, മൂന്നാമതും ബന്ധം വേർപെടുത്തിയാൽ അതു തലാക്-എ-മുഗല്ലസാ' ആവും.

3. 'തലാക്ക്-എ-ബാഇൻ': ഇതനുസരിച്ചു് പത്നിക്കു് രണ്ടുപ്രാവശ്യം വിവാഹമോചനം നല്കിയശേഷം ഇരുവരും വീണ്ടും ദമ്പതിമാരായി ജീവിക്കാനാഗ്രഹിക്കുകയാണെങ്കിൽ ആ പുരുഷന്നു് അവളെ വീണ്ടും യഥാവിധി വിവാഹംകഴിച്ചു് ഒരുമിച്ചു് താമസിപ്പിക്കാവുന്നതാണു്.

4. 'തലാക്ക്-എ-മുഗല്ലസാ': വിവാഹമോചനം വാങ്ങിയ ഒരു സ്ത്രീ മററൊരു പുരുഷനെ വിവാഹം കഴിച്ച് 'ഖില-ത്തേ സഹി' (സംഭോഗം) ചെയ്തു എന്നിരിക്കട്ടെ. പിന്നെ അവരം ആ ഭർത്താവുമായി വിവാഹബന്ധം വേർപെടുത്തുന്നതുവരെ ആദ്യത്തേ ഭർത്താവിന്നവളെ വിവാഹം കഴിച്ചുകൂടാ.

ഒരു പുരുഷൻ തൻെറ ഭാര്യക്ക വിവാഹമോചനം നൽകുക യാണെങ്കിൽ ആയാരം അവളുടെ മഹ്ററിൽ വല്ലതും കൊടുക്കാൻ ബാക്കിവെച്ചിട്ടുണ്ടെങ്കിൽ അതപ്പോരം കൊടുത്തുതീക്കണം.

'ഇദ്ദത്തി'ൻെറ കാലാവധി 100 ദിവസമാണെന്നു നിശ്ച യിച്ചിരിക്കുന്നതു് സ്ത്രീ ഗഭവതിയാണെങ്കിൽ അതു ശരിക്കും മന സ്സിലാവുന്നതിന്നുവേണ്ടിയാണു്. സ്ത്രീക്ക ഗഭമുണ്ടെങ്കിൽ പ്ര സവം കഴിയുന്നതുവരെ വിവാഹമോചനം കൊടുക്കാൻ സമ്മ തിക്കയില്ല.

ഇങ്ങിനെ വിവാഹമോചനം പലതരത്തിലുമുണ്ടു്. ഈ എല്ലാററിൻേറയും അടിയിൽ സ്ത്രീക്ക ന്യായംനല്കാനുള്ള ആഗ്രഹം പ്രകടമായികാണാവുന്നതാണു്. അതിൻെറ നിയമങ്ങളും ഉപനി യമങ്ങളുമെല്ലാം സ്ത്രീയുടെ അഭിമാനം, ഹിതം, രക്ഷ എന്നിവയെ ഓർത്തുകൊണ്ടു് നിമ്മിച്ചവയാണു്. വിവാഹമോചനത്തിന്നനു മതിയുള്ള സമുദായത്തിൽ വിധവാവിവാഹത്തിന്നും നിയമസാധു തയുണ്ടാവുമെന്നതു് സ്പഷ്ടമാണു്. മുസ്ലീംകരംക്കിടയിൽ ജാതി വ്യത്യാസം, ഭാഷാവ്യത്യാസം, ദേശവ്യത്യാസം എന്നിവ സംബ ന്ധിച്ചുള്ള മത്സരങ്ങരം വിവാഹത്തിന്നു തടസ്സമായിത്തീരാറില്ല. അതിനാൽ, അവക്കിടയിൽ ആൺകുട്ടികളുടേയും പെൺകുട്ടികളു ടേയും വിവാഹം വിഷമംകൂടാതെ നടത്താൻ സാധിക്കുന്നുണ്ടു്.

# 11. വഫാത് (ശേഷക്രിയ)

## ഈശ്വരസ്മരണ

ജനനമരണങ്ങളെസ്സംബന്ധിച്ച് ലോകത്തിലെങ്ങുമുള്ള ജനങ്ങളുടെ ഭാവനകൾ ഒരേമാതിരിയാണ്—അവർ ഏതുരാജ്യക്കാരായാലും വേണ്ടില്ല ഏതുമതക്കാരായാലും വേണ്ടില്ല. ഏതൊരാൾക്കും ജനനത്തിൽ സന്തോഷവും മരണത്തിൽ സന്താപവും തോന്നുന്നു. മരണകാലം സമീപിക്കുന്നതോടുകൂടി മനുഷ്യന്നു ദേവധർമ്മം സവിശേഷരൂപത്തിൽ ഓർമ്മവരാൻ തുടങ്ങുന്നു. ആയുഷ്കാലം മുഴുവനും ദുഷ്കർമ്മങ്ങൾ ചെയ്ത് പടച്ചവനോട്ട് ശത്രുത വെച്ചുകൊണ്ടിരിക്കുന്നവന്നും അപ്പോൾ ഈശ്വരസ്മരണയുണ്ടാവുന്നു. പിന്നെ പാപഭീരുക്കളായ സാധാരണമനുഷ്യർ അന്ത്യകാലത്ത് ഭഗവന്നാമം അനുസ്മരിക്കുന്നതായാൽ അതിലെന്താണാശ്ചര്യം? ഹിന്ദുക്കളെപ്പോലെ മുസ്ലീംകളും മരണസമയത്ത് ഭഗവന്നാമം അനുസ്മരിക്കുന്നു. ഇഹലോകത്തോട്ട് യാത്രപറഞ്ഞു പിരിയുമ്പോൾ ആ മനുഷ്യന്റെ കാതിൽ അവന്റെ ധർമ്മഗ്രന്ഥങ്ങളിലെ പവിത്രവചനങ്ങൾ പതിയണമെന്ന് അവരാഗ്രഹിക്കുന്നു. അതിനാൽ, ഏതൊരു മുസ്ലീമിന്റേയും അന്ത്യകാലത്ത് അവന്റെ തലയ്ക്കലിരുന്ന പരിശുദ്ധ ഖുർആനിലെ ചില ഭാഗങ്ങൾ വായിക്കുന്നു. ഹിന്ദുക്കൾ ആസന്നമരണനായ വ്യക്തിയുടെ വായിൽ

ഗംഗാജലമോ തുളസീതീർത്ഥമോ പകൎന്നുകൊടുക്കുന്നു. അതുപോലെ മുസ്ലീംകളും സാധിച്ചാൽ മക്കയിലേ 'സംസം' കിണററിലെ ജലം നൽകുന്നു. അതില്ലെങ്കിൽ പഞ്ചസാരവെള്ളമോ സൎബ്ബത്തോ പകൎന്നുകൊടുക്കുന്നു.

## സർവ്വത്ര സ്വച്ഛത

എന്നാൽ, മരണാനന്തരസംസ്കാരങ്ങൾ ഹിന്ദുക്കളുടേതിൽനിന്നു തീരേ വ്യത്യസ്തമാണ്. മുസ്ലീംകൾ പ്രാണൻ പോയ ഉടനേ മൃതശരീരത്തിൻെറ കൈകാലുകൾ നേരെ നിവൎത്തിവെച്ച് വസ്ത്രംകൊണ്ടു ശരീരമാകെ മൂടുന്നു. അതിന്നുശേഷം സൌകര്യംപോലെ അതിനെ കുളിപ്പിക്കുന്നു. അതൊരു പ്രധാനകൎമ്മമാണ്. അതിന്നു പ്രത്യേകം ആളുകളുണ്ട്—പുരുഷന്മാരും സ്ത്രീകളും. അവരെ 'മുട്ടാശോ' എന്നുവെച്ചാൽ മൃതസ്നാപകരെന്നു പറയുന്നു. അവരെ കിട്ടാതെവന്നാൽ സ്വന്തക്കാർ അഥവാ ബന്ധുക്കൾ ഇതു ചെയ്യുന്നു. നാലുഭാഗവും മറച്ചിട്ടുള്ള ഒരു സ്ഥലത്തുവെച്ചാണ് കുളിപ്പിക്കുക. ആദ്യമായി മൂടിയ തുണി നീക്കംചെയ്തു് ധാരാളം വെള്ളമൊഴിച്ച് ദേഹമാസകലം—എല്ലാഅംഗങ്ങളും—നല്ലപോലെ കഴുകുന്നു. ഈ സമയത്തു് തല കിഴക്കോട്ടും പാദം പടിഞ്ഞാട്ടും (മക്കയുടെ ഭാഗത്തേക്കു്) ആക്കിയിട്ടാണ് കിടത്തുക. കുളിപ്പിക്കാനുള്ള വെള്ളത്തിൽ മാതളനാരകത്തിൻേറയോ എലന്തയുടേയോ ഇല ഇടുന്നു. കാതു്, കണ്ണു്, മൂക്കു്, പല്ലു്, നഖങ്ങൾ തുടങ്ങിയ എല്ലാ അംഗങ്ങളിൽനിന്നും മാലിന്യം നീക്കംചെയ്യുന്നു. പരിഷ്കാരം വൎദ്ധിച്ചതോടുകൂടി സോപ്പു യഥേഷ്ടം ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ടു്. കുളിപ്പിക്കുന്ന സമയത്തു് 'മുർദ്ദാശോ' ഖുർആനിലെ 'കലിമത്തുശ്ശഹാദാ' എന്ന മന്ത്രം ഉച്ചരിച്ചുകൊണ്ടിരിക്കും. കുളിപ്പിക്കുമ്പോൾ ഒഴുകിപ്പോകുന്ന വെള്ളം കവച്ചുവെക്കുന്നതു് പാപമാണെന്നു കരുതപ്പെടുന്നതിനാൽ ഒരു കുഴിയുണ്ടാക്കി അതിൽ വെള്ളമെല്ലാം ശേഖരിക്കുന്നു.

കുളിപ്പിച്ചതിന്നുശേഷം ജലകണങ്ങളെല്ലാം വൃത്തിയായ വസ്ത്രംകൊണ്ടു് ഒപ്പിയെടുക്കുന്നു. പിന്നെ ശരീരത്തിൽ ചന്ദനം മുതലായ സുഗന്ധദ്രവ്യങ്ങൾ പൂശുന്നു; അവസാനം ശരീരം ശവത്തുണികൊണ്ടു പൊതിയുന്നു. ആ തുണി ശുഭ്രവർണ്ണത്തിലുള്ളതായിരിക്കും. പുരുഷന്മാരുടെ ശവത്തുണി മൂന്നു കഷണങ്ങളാണു്, സ്ത്രീകളുടേതു് അഞ്ചു കഷണങ്ങളും.

## ശവത്തുണി (കഫൻ)

പുരുഷന്മാരുടെ ശവത്തുണിയിൽ ഒരു കഷണം നാഭി തുടങ്ങി കാൽമുട്ടുവരെ അഥവാ നരിയാണിവരെ ഉണ്ടായിരിക്കും. അതിനെ 'ലുംഗീ' അഥവാ 'ഇസാർ' എന്നു പറയുന്നു. രണ്ടാമത്തേതു കഴുത്തു തുടങ്ങി മുട്ടുവരെ അഥ്വാ കണങ്കാൽവരെ എത്തുന്ന ഒരാവരണമാണു്, ഇതിനെ ,'ഖമീസ്', 'കുത്താ', അഥവാ 'അല്ഫാ' എന്നു പറയുന്നു. മൂന്നാമത്തേതു് ശിരസ്സുമുതൽ പാദംവരെ ശരീരമാസകലം ആവരണം ചെയ്യുന്നു. അതിനെ 'ലിഫാഫാ' എന്നു പറയുന്നു. സ്ത്രീകൾക്കു് മാർവിടവും ശിരസ്സും ആവരണം ചെയ്യുന്നതിന്നു് പ്രത്യേകം രണ്ടു കഷണങ്ങളുണ്ടായിരിക്കും. അവയ്ക്കു 'സീനാബന്ദ്' എന്നും 'ദവനീ' എന്നുമാണു് പേരു്. ഇവയെല്ലാംകൂടി ശവത്തുണി (കഫൻ) എന്നു പറയുന്നു.

ആദ്യമായി ഒരു പുതിയ പായയിൽ 'ലിഫാഫാ' വിരിക്കുന്നു. അതിന്മേൽ 'ലുംഗി', 'ഖമീസ്' (സ്ത്രീകൾക്കു സീനാബന്ദും) എന്നിവ വെയ്ക്കുന്നു. എല്ലാം കഴിഞ്ഞതിന്നുശേഷം ദവാനീ പ്രത്യേകമായി കെട്ടുന്നു. ശവത്തുണി യഥാക്രമം വെച്ച ശേഷം അതിന്മേൽ ശവം വെക്കുന്നു. പിന്നെ കണ്ണിൽ സുറമ എഴുതി ശവത്തുണികൊണ്ടു് വിധിയാംവണ്ണം ബന്ധിക്കുന്നു. ഈ സമയത്തും ഖുർആനിൽനിന്നു് മന്ത്രങ്ങളുച്ചരിക്കാറുണ്ടു്. മൂടി കെട്ടിയശേഷം അതിന്മേൽ കർപ്പൂരചൂർണ്ണം വിതറുകയും പനി

നീർ തളിക്കുകയും ചെയ്യുന്നു. പരേതൻെറ വിധവ അവിടെയു ണ്ടെങ്കിൽ ശവത്തുണി അല്പം നീക്കി മുഖം അവക്ക് കാണിച്ചു കൊടുക്കും.

പിന്നെ ആ ശവത്തെ വല്ല കട്ടിലിന്മേലോ പ്രത്യേകമുണ്ടാക്കിയ 'താബൂത്തി'ലോ (ശവം വെച്ചടച്ച് മണ്ണിൽ മറചെയ്യുന്ന പെട്ടി) 'ജനാസ'യിലോ (ശവമഞ്ചം) വെക്കുന്നു. ശവം ശ്മശാനത്തിലേക്കു കൊണ്ടുപോകുന്നതിന്നും അതായത് അന്ത്യയാത്രയ്ക്കും 'ജനാസാ' എന്നു പറയുന്നു. ഈ ശവമഞ്ചത്തിന്മേൽ ഒരു തുണി ഇടാറുണ്ട്. വലിയ നഗരങ്ങളിൽ ഇത്തരം പെട്ടികൾ എപ്പോഴും വില്പനക്കു വെച്ചിരിക്കും. ശവമഞ്ചം ചുമലിൽ എടുത്തുകൊണ്ടു പോകുന്നു. വഴിയിലൂടേ പോകുന്നവരും ഇടക്കിടെ മഞ്ചം തൊട്ടുകയും കുറച്ചു സമയമെങ്കിലും അതു ചുമലിൽ വെക്കുകയും ചെയ്യുന്നു. അതൊരു പുണ്യകർമ്മമായിട്ടാണ് മുസ്ലീംകൾ കരുതുന്നത്. അതിനാൽ, ഹിന്ദുക്കൾക്കെന്നപോലെ മുസ്ലീംകൾക്കു ശവം വഹിക്കാൻ ആളുകൾ കമ്മിയാവാറില്ല.

കബർസ്ഥാനത്തെത്തിയാൽ ശവമഞ്ചം താഴെവെച്ച് പരേതന്നുവേണ്ടി പ്രാർത്ഥന നടത്തുന്നു. അതിനെ 'നമാസേജനാസ്' എന്നു പറയുന്നു. അതിൽ പ്രധാനമായി ഈശ്വരൻെറ സ്തുതിയും ക്ഷമായാചനയുമാണുള്ളത്.

## കബർ

'നമാസേജനാസ'യുടെ പരിപാടി പൂർത്തിയായാൽ പരേതൻെറ ബന്ധുക്കൾ 'മടങ്ങിപ്പോകാനാഗ്രഹിക്കുന്നവക്ക് പോകാം' എന്നു വിളിച്ചുപറയുന്നു. ഇതിനെ 'ഇസ്നേആമ്' എന്നുവെച്ചാൽ സാമൂഹികാനുജ്ഞ എന്നു പറയുന്നു. അതനുസരിച്ച് ആവശ്യമുള്ളവരെല്ലാം തിരിച്ചുപോകുന്നു.

കബർ രണ്ടുപ്രകാരമുണ്ട്.

1. മരിച്ച ആളുടെ വലുപ്പത്തിൽ തെക്കുവടക്കായി വേണ്ടത്ര ആഴത്തിൽ ഒരു കുഴിയുണ്ടാക്കി അതിൽ മൃതശരീരത്തിൻെറ മുഖം മക്കയുടെ നേരെ വരത്തക്കവിധത്തിൽ 'കഫൻ'കൊണ്ടു പൊതിഞ്ഞ ശവം വെക്കുന്നു. പിന്നെ മരപ്പലകകളോ കല്ലുകളോകൊണ്ടു പൊതിഞ്ഞു് മണ്ണിട്ടു മൂടുകയും അതിനെ കബറിൻെറ ആകൃതിയിലാക്കുകയും ചെയ്യുന്നു.

2. പുരുഷൻെറ മാർവിടത്തോളം ആഴമുള്ള ഒരു കുഴിയുണ്ടാക്കി അതിൻെറ അടിയിൽ ഒരുഭാഗത്തു് ശവത്തിൻെറ വലുപ്പത്തിൽ ഒരു കുഴിയുണ്ടാക്കുന്നു. അതിനെ 'ലഹ്ദ്' അഥവാ 'ബഗലീ' എന്നു പറയുന്നു. മണ്ണെല്ലാം വൃത്തിയാക്കി അവിടെ തന്നെ ഇരുന്നു് ചിലർ ഖുർആനിൽനിന്നു 'സൂര-എ-യാസീൻ' എന്ന ഭാഗം ഓതുന്നു. ശവം 'ലഹദി'ൽവെച്ചു് അതു പച്ച ഇഷ്ടകകൊണ്ടടയ്ക്കുന്നു. അവസാനം മണ്ണിട്ടു കബറു് നിറയ്ക്കുന്നു.

ചിലർ കബറിൻെറ തലയ്ക്കലിരുന്നു് ഒരിക്കൽക്കൂടി 'സൂറത്ത്യാസീൻ' അഥവാ 'സൂറത്ത്തബാരക്' മുതലായവ ഓതുന്നു. കബറടക്കുമ്പോൾ ബന്ധുമിത്രാദികൾ അതിൽ ഓരോപിടി മണ്ണിടാറുണ്ടു്. അപ്പോൾ 'മിൻഹാ ഖലക്നാക്കു് വ ഫീഹാ നു ഈദുക്കു് വ മിൻഹാ നുഖ്രിജുകും താറതൻ ഉഖ്റാ' എന്ന മന്ത്രം ചൊല്ലും. (അർത്ഥം: നിന്നെ മണ്ണിൽനിന്നുണ്ടാക്കി നീ മണ്ണിൽ തന്നെ ചേരുകയാണു്. 'ഖിയാമത്തു്'നാളിൽ നിന്നെ മണ്ണിൽ നിന്നെഴുന്നേല്പിക്കുന്നതാണു്.)

കവറിൽ ചൂളക്കുവെച്ച ഇഷ്ടക, കല്ലു്, കുമ്മായം എന്നിവ ഉപയോഗിക്കുക, മീതെ എന്തെങ്കിലും രേഖപ്പെടുത്തുക, അഥവാ കെട്ടിടം പണിയുക എന്നിവയെല്ലാം ഇസ്ലാമിൽ നിഷിദ്ധമാണു്. കാലക്രമേണ ഇതിലെല്ലാം മാററംവന്നു. ഇഷ്ടകയും കുമ്മായവും ഉപയോഗിച്ചു് കബറുണ്ടാക്കുന്നതു് സർവ്വസാധാരണമായിത്തീർന്നു. ആഗ്രയിലെ 'താജ്മഹൽ', ബീജാപൂരിലെ 'ഗോൽഗുംബജ്'

എന്നിവ ഇതിന്നുദാഹരണമാണ്. കബറിന്മേൽ കെട്ടിടം നിർമ്മിക്കുന്നതു് അറംഗസീബിന്നു ഇഷ്ടമായിരുന്നില്ല. ഖുൽദാബാദിൽ ഔരംഗബാദ്_മഹാരാഷ്ട്ര) അറംഗസീബിൻെറ കബറിന്മേൽ മക്ബര (ശവകുടീരം) കെട്ടിയിട്ടില്ല. ആ 'കബർ' ശരിഅത് പ്രകാരം നടുവിൽ പച്ച ഇഷ്ടക വെച്ച് ചുററം ഉറപ്പായി പണിയിച്ചിരിക്കയാണ്.

## അനന്തരപരിപാടികൾ

കബർ സ്ഥാനത്തുനിന്നു മടങ്ങിയശേഷം 'ജനാസ'യോടൊപ്പം പോയവർക്കെല്ലാം സാധാരണ റൊട്ടിയും ദാല്യം(പരിപ്പുരസം) കൊടുക്കുന്നു. പിന്നെ മൂന്നു നേരത്തെ ഭക്ഷണം പരേതൻെറ വീട്ടുകാർക്കു അകന്നബന്ധുക്കൾ എത്തിച്ചുകൊടുക്കുന്നു. നാലാമത്തെ നേരം തുടങ്ങി മരിച്ചവീട്ടിൽത്തന്നെ ഭക്ഷണം പാകംചെയ്യാം.

ശവം സംസ്കരിച്ചതിൻെറ പിറേറന്നോ മൂന്നാം നാളോ ഖുർആൻ ശരീഫ് വായിക്കുന്നവരെ ക്ഷണിച്ചുവരുത്തി അതു മുഴവനും വായിപ്പിക്കുന്നു. അവർക്കു ഭക്ഷണവും പണവും കൊടുക്കും. അതിന്നുശേഷം 40 ദിവസംവരെ രണ്ടുനേരവും ഇല്ലെങ്കിൽ ഒരുനേരമെങ്കിലും പരേതൻെറ പേരിൽ സാധുക്കൾക്കു കൊടുക്കാനായി എന്തെങ്കിലും ഭക്ഷണസാധനങ്ങൾ പള്ളിയിലേക്കു കൊടുത്തയക്കുന്നു. ഈ അവധിക്കിടയിൽ ഓരോ 'ജുമ്മ അരാവു്' (വ്യാഴാഴ്ച) ദിവസവും തൻെറ സ്ഥിതിക്കനുസരിച്ച് സാധിക്കുന്നത്ര സാധുക്കളേയും അവശന്മാരേയും ക്ഷണിച്ചുവരുത്തി അവർക്കു ഭക്ഷണവും പഴം പലഹാരം എന്നിവയും കൊടുക്കുന്നു. 40-ാംദിവസം എല്ലാ ബന്ധുക്കളേയും സുഹൃജനങ്ങളേയും ക്ഷണിച്ചുവരുത്തി ഖുർആൻ ശരീഫ് ആദ്യവസാനം പാരായണം ചെയ്യിക്കുന്നു; എല്ലാവർക്കും സദ്യയും നല്കുന്നു; സാധുക്കൾക്കും അവശന്മാർക്കും വസ്ത്രം ചെരുപ്പ് പണം പാത്രം മററുപയോഗപ്രദമായ സാധന

ങ്ങൾ എന്നിവ ദാനം ചെയ്യുന്നു. പിന്നെ ആറുമാസം തികയുന്ന ദിവസവും ദാനാദിപുണ്യകർമ്മങ്ങൾ ചെയ്യുന്നതിന്നു ഇസ്ലാമിൽ പ്രത്യേകം മഹത്ത്വമുണ്ടു്.

KOTTAYAM PUBLIC LIBRARY KOTTAYAM

## അൽഫാത്തിഹ*

മരിച്ച വ്യക്തിയുടെ കബറിന്നടുത്തു് ചെന്നു് ആയാളുടെ ആത്മശാന്തിക്കായി മുസ്ലീംകൾ ചൊല്ലുന്ന അറബി മന്ത്രത്തിനു് 'അൽഫാത്തിഹ' (=ആരംഭം, ഉൽഘാടനം, The opening one) എന്നു പറയുന്നു. ഇതു് ഖുർആൻ ശരീഫിലെ ആദ്യത്തേ അധ്യായമാണു്. ഇതിൽ അല്ലാഹുവിൻെറ സ്തുതിയാണുള്ളതു്. അതിനാൽ, ഇതിനെ 'സൂറത്തുൽഹംദ്' എന്നുവെച്ചാൽ പ്രാർത്ഥന (സ്തുതി)യുടെ അധ്യായം എന്നു പറയുന്നു. ഇതു അത്യന്തം പവിത്രമാണെന്നു കരുതപ്പെടുന്നു. രോഗികൾ ആരോഗ്യം വീണ്ടു കിട്ടുന്നതിന്നായും അൽഫാത്തിഹ വായിക്കാറുണ്ടു്. ഹസ്രത്തു് മുഹമ്മദ്തന്നെ ഇതു് ഖുർആനിലെ സർവ്വോത്തമമായ സൂറത്തു് ആണെന്നരുളിച്ചെയ്തിട്ടുണ്ടു്. അതിനാലിതു് 'ഖുർ ആനൽ അസീം' 'ഉമ്മുൽ ഖുർ ആൻ' (=ശ്രേഷ്ഠ ഖുർ ആൻ, ഖുർ ആൻെറ ജനനി) എന്നീ പേരുകളിലും അറിയപ്പെടുന്നു. ഖുർ ആൻ എന്നതു് അറബി ശബ്ദമാണു്. അതിൻെറ ശബ്ദാർത്ഥം വായിക്കുക അഥവാ പഠിക്കുക എന്നാണു്. അൽഫാത്തിഹ താഴെ കൊടുക്കുന്നു.

"അൽ ഹംദു ലില്ലാഹി റബ്ബിൽ ആലമീൻ അറ്
റഹ്മാനിറ് റഹീം മാലികി യൌമിദ്ദീൻ
ഇയാക്കാ നഅ്ബുദു വ ഇയാക്കാ നസ്തഈൻ
ഇഹ്ദിനസ് സിരാതല് മുസ്തഖീം
സിറാത്തല് ലസീനാ അൻ അംത അലൈഹിം
ഗൈറിൽ മഗ്സൂബി അലൈഹിം വലദ്വാല്ലീൻ."

---

*അൽഫാത്തിഹ പാരായണം ചെയ്യണമെന്നു മതം അനുശാസിക്കുന്നില്ല. അതൊരാചാരം മാത്രമാണു്.

[കുറിപ്പ്: 'മഗ്സൂബി', 'വലദ്വാല്ലീൻ' എന്നീ പദങ്ങൾ 'മഗ്ജൂബി' എന്നും 'വലജ്ജല്ലീൻ' എന്നുമാണെഴുതുന്നത്. എന്നാൽ, അവയിലെ 'ജ' എന്നതിൻെറ ഉച്ചാരണം ഏതാണ്ട് ദ എന്നതുപോലെയാണ്.

വാക്യാന്തത്തിൽ വരുന്ന അകാരാന്ത ശബ്ദം സാകിൽ എന്നു വെച്ചാൽ ഹലന്തമാവുന്നു. അലമീന റഹീ മുതലായവ 'ആലമീൻ' 'റഹീം' എന്നുച്ചരിക്കണം.]

(അൎത്ഥം: എല്ലാസ്തുതിയും അല്ലാഹുവിന്നു്. അവൻ എല്ലാ ലോകങ്ങളുടേയും ഈശ്വരനാണ്. അവൻ അത്യന്തം ദയാലുവും കൃപാലുവുമാണ്. അവൻ ഖിയാമത്തു നാളിൻെറ സ്വാമിയാണ്, അല്ലയോ അല്ലാഹു ഞങ്ങൾ നിൻെറ ഉപാസന ചെയ്യുന്നു; നിന്നെ സഹായത്തിന്നായി വിളിക്കുകയും ചെയ്യുന്നു. നീ ഞങ്ങൾക്കുചിതമായ വഴി കാട്ടിത്തരണം. നിൻെറ കൃപാദൃഷ്ടി ആരിലാണോ പതിഞ്ഞിട്ടുള്ളതു് അവരുടെ മാൎഗ്ഗം ഞങ്ങൾക്കു കാണിച്ചുതരണം. നിൻെറ കോപത്തിന്നു പാത്രമായവരുടെ എന്നുവെച്ചാൽ പഥഭ്രഷ്ടരായവരുടെ വഴിക്കു ഞങ്ങളെ വിടരുതു്.)

ഈഫാത്തിഹയുടെ ആരംഭത്തിൽ ഇങ്ങിനെ ചൊല്ലാറുണ്ട്:

"അഉദുബില്ലാഹി മിനശ് ശൈത്വാനിറ് റജീം

ബിസ്മില്ലാഹിറ് റഹ്മാനിറ് റഹീം" (ആ പാപിയായ ചെകുത്താനിൽനിന്നു് ദയാലുവും കൃപാലുവുമായ ഈശ്വരൻെറ പേരിൽ ഞാൻ അഭയം ആഗ്രഹിക്കുന്നു.)

ഫാത്തിഹയെ തുടൎന്ന് ഓതുന്ന സൂറ:—

"ബിസ്മില്ലാഹിറ് റഹ്മാനിറ്റഹീം

ഖുൽ ഹുവല്ലാഹു അഹദ് അല്ലാഹു സ്സമദ്

ലം യലിദ് വലം യൂലദ് വലം യകുല്ലഹു കുഫുവൻ അഹദ്."

(കൃപാലുവും ദായലുവുമായ ആ ഈശ്വരൻെറ പേരിൽ ഇങ്ങിനെ പറയുക: അല്ലാഹ ഏകനാണ്, ആ പരമേശ്വരൻ ആദ്യന്തവിഹീനനാണ്, അവനാരേയും ജനിപ്പിച്ചിട്ടില്ല, ആരാലും ജനിപ്പിക്കപ്പെട്ടിട്ടുമില്ല. അവനു തുല്യമായി ആരുമില്ല.)

ഇത്രയും ഭാഗം ഗാന്ധിജി തൻെറ ആശ്രമപ്രാത്ഥനയിൽ ഉൾപ്പെടുത്തിയിരുന്നു.

ഇതു് മുസ്ലീംസമുദായത്തിൽ നടപ്പുള്ള പ്രധാന ആചാരങ്ങളുടെ ഒരു സംക്ഷിപ്തവിവരണമാണ്. ദേശവ്യത്യാസവും സാമൂഹ്യരീതിയും അനുസരിച്ചു് ഇവയിൽ അവിടവിടെ ചിലവ്യത്യാസങ്ങൾ കണ്ടേയ്ക്കാം. എന്നാൽ, എല്ലാററിന്നും അടിസ്ഥാനമായിരിക്കുന്നതു് ഈശ്വരസ്മരണയാണ്. ഇവയിൽ ഏതൊന്നും മുല്ലയുടേയോ മൌലവിയുടേയോ സഹായം കൂടാതെ നടത്താമെന്നതു് അവരുടെ ഒരു വിശേഷതയാണ്.

# 12. നമസ്കാരം.

## മററുചില കാര്യങ്ങൾ.

### അഞ്ചു മൌലികകാര്യങ്ങൾ

'ദീനേ ഇസ്ലാ'മിൻെറ (ഇസ്ലാംമതത്തിൻെറ അഞ്ചു മൌലിക കാര്യങ്ങൾ 1. 'കലിമത്തുത്തയ്യിബ'യുടെ അഥവാ 'കലിമത്തുശ്ശ ഹാദത്തി'ൻെറ ഉദ്ദേശ്യം ഹൃദയപൂർവ്വം വിശ്വസിക്കയും വാക്കാൽ സ്വീകരിക്കുകയും ചെയ്യുക. 2. നമസ്കരിക്കുക (നമാസ് പഢ്നാ) 3. സക്കാത്ത് കൊടുക്കുക. 4. റംസാൻകാലത്ത് റോസ (ഉപ വാസം) അനുഷ്ഠിക്കുക. 5. ഹജ്ജിന്നു പോവുക.

### രണ്ടു കലിമകൾ

ഇവയിൽ 'കലിമത്തുത്തയ്യിബ' ഇപ്രകാരമാണ്: "ലാ ഇലാഹ് ഇല്ലില്ലാഹ് മുഹമ്മദ്ദ്റ് റസൂലുല്ലാഹ്" (അല്ലാ ഹു ഒഴികെ ഇബാദത്തിനു് (ഉപാസനയ്ക്കു) യോഗ്യനായി ആരു മില്ല. ഹസ്രത്ത് മുഹമ്മദ് ദൈവത്തിൻെറ റസൂൽ (പ്രേഷിതൻ) ആകുന്നു; ദൈവം അയച്ചവനാകുന്നു.)

'കലീമ-എ-ശഹാദത്ത്' ഇപ്രകാരമാണ്: അശ്ഹദു അൻ ലാ ഇലാഹ ഇല്ലില്ലാഹ വ അശ്ഹദു അൻ മുഹ

മ്മദൻ അബ്ദുഹു വറ സൂലുഹു” (അല്ലാഹു ഒഴികെ ഉപാസനായോഗ്യനായി ആരുമില്ല എന്നതിന്നു ഞാൻ സാക്ഷിയാണ്. ഹസ്രത്ത് മുഹമ്മദ് അല്ലാഹുവിൻെറ അനുചരനും റസൂലും ആണ് എന്നതിന്നും ഞാൻ സാക്ഷിയാണ്.)

**സക്കാത്ത്**

അല്ലാഹുവിൻെറ ആജ്ഞയനുസരിച്ച് തൻെറ സ്വത്തിലൊരുഭാഗം അവശന്മാൎക്കും ഏഴകാംക്കും ദരിദ്രന്മാൎക്കും മററും വിതരണം ചെയ്യുന്നതിന്നാണ് 'സക്കാത്ത്'' എന്നു പറയുന്നതു്. ഇതു് എല്ലാ മുസ്ലീംകളുടേയും കൎത്തവ്യമാണ്. ഇതു് അസംഗ്രഹം (non-possession) എന്ന വ്രതത്തിൻെറ പദാൎത്ഥപാഠമാണെന്നു പറയാം. മുസ്ലീംകാം തങ്ങളുടെ വാൎഷികാദായത്തിൻെറ നാല്പതിലൊരുഭാഗം സക്കാത്ത് എന്ന നിലയിൽ സാധുക്കാംക്കു വിതരണം ചെയ്യണം. ഉപജീവനത്തിന്നു പാകമില്ലാത്തവർ, അടിമകാം, കടംകൊണ്ടു് കഷ്ടപ്പെടുന്നവർ—ഇവരെ ഇതിൽനിന്നൊഴിവാക്കിയിരിക്കുന്നു. ദരിദ്രരായ വിദ്യാൎത്ഥികാംക്കും പാഠശാലകാംക്കും ദരിദ്രരായ ബന്ധുക്കാംക്കും മററും സക്കാത്ത് കൊടുക്കാവുന്നതാണ്.

**റോസ**

പ്രഭാതത്തിൽ 'സാദിഖി'ന്നു മുമ്പ് (ഉന്മപ്രഭാതം) തുടങ്ങി സൂൎയ്യാസ്തമനംവരെ സ്വേച്ഛപ്രകാരം അന്നപാനങ്ങളുപേക്ഷിക്കുകയും കാമവാസനയിൽനിന്നു അലിപ്തനായിരിക്കുയും ചെയ്യുന്നതിന്നു റോസ എന്നു പറയുന്നു. ഇതിനെ ഹിന്ദുക്കളുടെ ശുദ്ധോപവാസത്തിനോടുപമിക്കാം. രണ്ടിൻേറയും ഉദ്ദേശ്യം ഒന്നുതന്നെ. ലൌകികകാൎയ്യങ്ങളിൽനിന്നു മനസ്സിനെ പിൻതിരിച്ച് അതിനെ ഈശ്വരചിന്തനത്തിൽ പ്രവൎത്തിപ്പിക്കുക. ഹിന്ദുക്കളുടെ ഉപവാസവ്രതം 36 മണിക്കൂറാണെങ്കിൽ റോസ 13, 14 മണിക്കൂർ മാത്ര

മാണ്. (ഏകാദശിവ്രതം അനുഷ്ഠിക്കുന്ന ആറം ദശമിദിവസം രാത്രി ആഹാരംകഴിച്ചാൽ പിന്നെ ദ്വാദശിദിവസം രാവിലെയാണ് ആഹാരംകഴിക്കുക. റോസയാകട്ടെ സൂര്യോദയത്തിന്നു അല്പംമുമ്പാരംഭിച്ച് അസ്തമയാനന്തരം അവസാനിപ്പിക്കുന്നു.) എന്നാലും വിധിപ്രകാരമനുഷ്ഠിക്കുന്ന റോസ സാധാരണ ഉപവാസവ്രതത്തേക്കാറം കഠിനമാണ്. റോസ അനുഷ്ഠിക്കുന്ന വ്യക്തിയാതൊന്നും അകത്തേക്കു കഴിക്കരുതു്. തൻെറ തുപ്പുനീരുപോലും ഇറക്കരുതു്. ബീഡി, സിഗററ്, പൊടി മുതലായവ നിഷിദ്ധമാണ്. പരദൂഷണം ദുർഭാഷണം എന്നിവയും ഒഴിച്ചുനിർത്തണം. റംസാൻ ഒരുമാസം മുഴുവനും ദിവസേന റോസ അനുഷ്ഠിക്കുകയെന്നതു് ഓരോ മുസ്ലീമിൻേറയും കർത്തവ്യമാണ്.

## ഹജ്ജ്

ഹിന്ദുക്കറം, കാശിരാമേശ്വരം ദ്വാരക എന്നീ സ്ഥലങ്ങളിലേക്കു യാത്രചെയ്യുന്നതു് പുണ്യപ്രദമാണെന്നു കരുതുന്നതുപോലെ ജീവിതത്തിലൊരിക്കലെങ്കിലും ഹജ്ജിന്നുപോയിവരാൻ സാധിച്ച മുസ്ലീമിനെ പുണ്യവാനായിക്കരുതുന്നു. മക്കയിലേക്കുള്ള ഈ യാത്രക്കു് ഹജ്ജ് എന്നു പറയുന്നു. ജീവിതത്തിലൊരിക്കലെങ്കിലും ഹജ്ജിന്നുപോകാൻ സാധിക്കണമെന്നു് ഓരോ മുസ്ലീമും ഹൃദയപൂർവ്വം ആഗ്രഹിക്കുന്നു. ഇങ്ങിനെ ഹജ്ജിന്നു പോയിവരുന്ന ആളെ ഹാജി എന്നു പറയുന്നു.

## നമസ്കാരം (നമാസ്) എന്താണ്?

പൂജനം, വന്ദനം, ദാസ്യം, ഭജനം, കീർത്തനം, നാമസ്മരണം, സാമൂഹ്യപ്രാർത്ഥന എന്നിങ്ങിനെ പലതരത്തിലും ഹിന്ദുക്കറം ഭക്തി പ്രദർശിപ്പിക്കുന്നു. അതുപോലെതന്നെ മുസ്ലീംകറംക്കു അനിവാര്യമായ ഒരു കർമ്മമാണ് നമസ്കാരം. അവർ വീട്ടിൽ അഥവാ പള്ളിയിൽ (മസ്ജിദ്) ദൈവത്തിൻെറ മുമ്പാകെ കൈകെട്ടി

നില്ക്കുന്നു, പരിശുദ്ധ 'ഖുർആൻ' പാരായണം ചെയ്യുന്നു, അല്ലാഹു വിനെ സ്തുതിക്കുന്നു, വണങ്ങുന്നു, ആദരിക്കുന്നു, അല്ലാഹുവിൻെറ മുമ്പിൽ കുനിഞ്ഞു് ശിരസ്സ് നിലത്തുവെച്ച് അല്ലാഹുവിൻെറ മഹിമയും തൻെറ ലാഘവവും നിസ്സാരതയും പ്രകടിപ്പിക്കുന്നു. ഈ എല്ലാററിനും കൂടിയാണു് നമാസ് എന്നു പറയുന്നതു്. സാധാരണമായി സ്ത്രീകൾ വീട്ടിൽവെച്ചാണു് നമസ്കരിക്കുക. പുരുഷന്മാർ പള്ളിയിലും. പള്ളിയിൽ എല്ലാവരും ഒരുമിച്ച് നമസ്കരിക്കുന്നതു് അത്യന്തം പുണ്യപ്രദമായി കരുതിവരുന്നു.

## ചില സവിശേഷതകൾ

നമസ്കാരത്തിന്നുമുമ്പായി കൈകാലുകളും മുഖവും വൃത്തി യായി കഴുകുന്നു. ഇതിനെ 'വസു' എന്നു പറയുന്നു. പിന്നെ പടിഞ്ഞാട്ടു തിരിഞ്ഞുനില്ക്കുന്നു. കാരണം 'ക അ്ബ' (ദൈവ മന്ദിരം) നമ്മുടെ നാടിൻെറ പടിഞ്ഞാറുഭാഗത്താണു്. ഒരു ദിവസം അഞ്ചുപ്രാവശ്യം നമസ്കരിക്കണം. ഇതിൽ ആദ്യത്തേ തിനെ 'ഫജർ കീ നമാസ്' എന്നു പറയുന്നു. അതു് ഉന്മപ്രഭാത ത്തിന്നുശേഷം സൂര്യോദയത്തിന്നുമുമ്പായി കഴിയണം. രണ്ടാമ ത്തേതു് 'സുഹറ്', അതു് മദ്ധ്യാഹ്നസമയത്തു് സൂര്യൻ ഉച്ചിയിൽ നിന്നു തെററിയതിന്നുശേഷമാണു്. മൂന്നാമത്തേതു് 'അസർ', സൂര്യനസ്തമിക്കുന്നതിന്നു സുമാർ ഒന്നര രണ്ടുമണിക്കൂർ മുമ്പു് (ഒരു സാധനത്തിൻെറ നിഴൽ അതിനോളമായതിന്നുശേഷം അസ്തമനം വരെ.) നാലാമത്തേതു് 'മഗ്‌രിബു' സൂര്യാസ്തമയത്തിന്നുശേഷം ആകാശത്തിൽനിന്നു സാന്ധ്യരാഗം മായുന്നതുവരെ. അഞ്ചാമ ത്തേതു് സാന്ധ്യരാഗം മാഞ്ഞതുമുതൽ ഉന്മപ്രഭാതംവരെ എപ്പോ ഴുമാവാം.

## 'അസാൻ' എന്താണു്?

നമസ്കാരത്തിന്നു് അല്പം മുമ്പു് ഒരാൾ എഴുന്നേററുനിന്നു് ചില മന്ത്രങ്ങൾ ഉച്ചത്തിൽ ചൊല്ലുന്നു. ഇതിനെ 'അസാൻ'

അഥവാ 'ബാംഗ' എന്നു പറയുന്നു. ഒരുപ്രകാരത്തിൽ ഇതു് ജനങ്ങളെ നമസ്കാരത്തിന്നു ക്ഷണിക്കുകയാണു്. ബാംഗവിളിക്കുന്ന ആളെ 'മുവസ്സിൻ' എന്നു പറയുന്നു. (അസാൻമന്ത്രം ഈ പുസ്തകത്തിൽ 8-ാം പ്രകരണം രണ്ടാം ഖണ്ഡികയിൽ കൊടുത്തിട്ടുണ്ടു്.)

## നമസ്കാര

നമസ്കാരത്തിന്നു വന്നവർ ഒരു പരിശുദ്ധസ്ഥലത്തു് വൃത്തിയായ വസ്ത്രംധരിച്ചു് പടിഞ്ഞാട്ടുതിരിഞ്ഞു് വരിയായിനില്ക്കുന്നു. ഇരുകൈകളും മേലോട്ടുയർത്തി 'അല്ലാഹു അക്ബർ' എന്നുപറഞ്ഞു കൈകൾ താഴ്ത്തി നെഞ്ചിന്നുതാഴെ വലത്തുകൈ ഇടത്തുകൈയിന്നു മുകളിലായിവെക്കുന്നു. ദൃഷ്ടി നിലത്തേയ്ക്കായിരിക്കും. ആ നിലയിൽ നിന്നുകൊണ്ടു് 'ബിസ്മില്ലാ ഹിറ് റഹ്മാനിർ റഹീം' എന്നുച്ചരിച്ചു് 'സൂറത്തുൽ ഹംദ്' അഥവാ 'അൽ ഫാത്തിഹാ' ചൊല്ലുന്നു. (ഈ മന്ത്രങ്ങൾ 'വഫാത്' എന്ന പ്രകരണത്തിൽ കൊടുത്തിട്ടുണ്ടു്.) അതിൻെറ അവസാനത്തിൽ പതുക്കെ ആമീൻ എന്നു് പറഞ്ഞു് വീണ്ടും സൂറത്ത് ഇഖ്‌ലാസ് അല്ലെങ്കിൽ ഓർമ്മവന്ന മറേറതെങ്കിലും സൂറത്ത് ചൊല്ലുന്നു. പിന്നെ 'അല്ലാഹു അക്ബർ' എന്നുപറഞ്ഞു് 'റുക്കൂഅ്' ചെയ്യുന്നു. 'റുക്കൂഅ്' എന്നതിൻെറ അത്ഥം കാൽമുട്ടുകളിൽ കൈവെച്ചു് കുമ്പിടുക എന്നാണു്. അങ്ങിനെ കുമ്പിടുമ്പോൾ ഉടൽ ഒട്ടും വളയരുതു്. (തലയും അരയും നേർവരയിലായിരിക്കണം.) കാൽമുട്ടുകൾ രണ്ടു കൈകൊണ്ടും പിടിക്കണം. അങ്ങിനെ നിന്നുകൊണ്ടു് 'സുബഹാനറബ്ബിയൽ അസീം' (എൻെറ മഹാനാഥനു സ്തുതി) എന്ന മന്ത്രം മൂന്നോ അഞ്ചോ പ്രാവശ്യം ചൊല്ലുന്നു. പിന്നെ 'തസ്മീഅ്' എന്നുവെച്ചാൽ 'സമി അല്ലാഹു ലിമൻ ഹമി ദഹു' (തനിക്കു സ്തുതി നല്കിയവൻെറ സ്തുതി ദൈവം കേൾക്കട്ടെ) എന്നുപറഞ്ഞു് നേരെ നിവൎന്നുനില്ക്കുന്നു. പിന്നെ തഹ്മീദ് എന്നുവെച്ചാൽ 'റബ്ബനാലക്കൽ ഹംദു്' (രക്ഷിതാവേ, നിനക്കു് എല്ലാ സ്തുതിയും) എന്നുച്ചരിച്ചു് വീണ്ടും 'തക്ബീർ' എന്നുവെച്ചാൽ 'അല്ലാഹു

അക്ബർ' (അല്ലാഹു എല്ലാവരേക്കാളും വലിയവനാണ്) എന്നു പറഞ്ഞു് 'സുജൂദ്' ചെയ്യുന്നു. ആദ്യം രണ്ടു കാൽമുട്ടുകളും പിന്നെ കൈപ്പടങ്ങളും നിലത്തുവെക്കുന്നു. പിന്നെ രണ്ടുകൈയിന്നും ഇടയിൽ മൂക്കും നെററിയും വെക്കുന്നു. സുജൂദ് എന്നതിൻെറ അൎത്ഥം നിലത്തുവെക്കുക എന്നാണ്. അങ്ങിനെ നമസ്കരിച്ചു കൊണ്ടു് 'തസ്ബീഹ്' എന്നുവെച്ചാൽ സുബ്ഹാൻ റബ്ബിയൽ ആലാ (=ഞാനെൻെറ അത്യുന്നതനായ നാഥനെ വന്ദിക്കുന്നു) എന്നു് മൂന്നോ അഞ്ചോ പ്രാവശ്യം ചൊല്ലുന്നു. പിന്നെ 'അല്ലാഹു അക്ബർ' എന്നുപറഞ്ഞു് എഴുന്നേററു് നേരെ നില്ക്കുന്നു. വീണ്ടും 'അല്ലാഹു അക്ബർ' എന്നുപറഞ്ഞു് രണ്ടാമത്തേ സുജൂദ് അതേ മാതിരി ആവൎത്തിച്ചു് 'അല്ലാഹു അക്ബർ' എന്നു പറഞ്ഞു് എഴുന്നേററു നില്ക്കുന്നു. എഴുന്നേല്ക്കുമ്പോൾ കൈ നിലത്തൂന്നുകയില്ല. രണ്ടു സുജൂദ്കളോടുകൂടി ഒരു 'റക്അത്ത്' പൂൎത്തിയായി. [നമസ്കാരത്തിൽ ഒരു 'ഖിയാം' (=നിവൎന്നുനില്ക്കുക) ഒരു 'റുകൂഅ്' (കുമ്പിടുക) രണ്ടു 'സുജൂദ്' (നെററി നിലത്തു തൊടുവിക്കുക) ഈ എല്ലാക്രിയകൾക്കും കൂടി ഒരു 'റക്അത്ത്' എന്നുപറയുന്നു.] ഇതുപോലെ തന്നെ രണ്ടാമത്തെ റക്അത്ത് പൂൎത്തിയാക്കുന്നു. രണ്ടാമത്തേ റക്അത്തിൽ സുജൂദുകൾക്കുശേഷം ഇരിക്കുമ്പോൾ തശ്ഹ്ഹുദ്മന്ത്രം ചൊല്ലുന്നു. അതിൻെറ അൎത്ഥം "എല്ലാവാങ്മയ (കൌലി) അൎച്ചനയും എല്ലാ ക്രിയാത്മക (ഫേലി) അൎച്ചനയും എല്ലാ ആൎത്ഥിക (മാലീ) അൎച്ചനയും അല്ലാഹുവിന്നുള്ളതാണ്. ഹേ, നബീ! അങ്ങയ്ക്കുസലാം; അല്ലാഹുവിൻെറ കൃപയും പ്രസാദവും നിനക്കു്!! അല്ലാഹുവിൻെറ യഥാൎത്ഥ ദാസരായ ഞങ്ങൾക്കു സമാധാനമുണ്ടാവട്ടെ. അല്ലാഹു ഒഴികെ ഉപാസ്യനായി ആരുമില്ലെന്നു ഞാൻ സാക്ഷിപറയുന്നു. ഹസ്രത്ത്മുഹമ്മദ് അല്ലാഹുവിൻെറ അശ്രിതനും പ്രവാചകനുമാണെന്നതിന്നു ഞാൻ സാക്ഷ്യം വഹിക്കുന്നു." ഇതിന്നുശേഷം 'ദുരൂദ് ശരീഫ്' എന്ന മന്ത്രം ചൊല്ലുന്നു. 'ദുരൂദ് ശരീഫ്' എന്നതിൻെറ അൎത്ഥം: "സ്തുതിയും സലാമും_വിശേഷിച്ചു് റസൂലിന്നു്" എന്നാണ്.

ആ മന്ത്രത്തിൻെറ അൎത്ഥം: "ഹേ അല്ലാഹ്ല ഹസ്രത്ത് മുഹമ്മദി ൻേറയും അദ്ദേഹത്തിൻെറ സന്താനങ്ങളുടേയും അനുയായികളു ടേയും ആ സമുദായത്തിൻെറയാകെ—മേൽ കൃപ പൊഴിയുക. നീ ഇബ്രാഹിമിനോടും അദ്ദേഹത്തിൻെറ സന്താനങ്ങളോടും എങ്ങിനെ കൃപ കാണിച്ചുവോ അതേമാതിരി കൃപ ഇവിടേയും കാണിക്കുക. നീ തീൎച്ചയായും എല്ലാ പ്രശംസക്കും പാത്രമാണ്. ഹേ അല്ലാഹ്ല, ഹസ്രത്ത് മുഹമ്മദിൻേറയും അദ്ദേഹത്തിൻെറ എല്ലാ സന്താനങ്ങളുടേയും മേൽ കാരുണ്യം പൊഴിക്കുക; നീ ഇബ്രാഹിമിൻേറയും മക്കളുടേയും മേൽ പൊഴിച്ചതുപോലെ തന്നെ. നീ തീൎച്ചയായും പ്രശംസാപാത്രമാണ്."

പിന്നെ പ്രാൎത്ഥന ചൊല്ലുന്നു. അതിൻെറ അൎത്ഥം:

"ഹേ അല്ലാഹ്ല, എൻെറ ജീവിതത്തിൽ ഞാൻ നിരവധി അപരാധം ചെയ്തിട്ടുണ്ടു്. നിനക്കല്ലാതെ മററാക്കും അവയെ പൊറുക്കുക സാധ്യമല്ല. നീ എല്ലാം പൊറുത്ത് എനിക്കു മാപ്പു തരണം. എന്നിൽ ദയ കാണിക്കു. നീ തീൎച്ചയായും മാപ്പുനല്കു ന്നവനാണ്. പരമദയാലുവുമാണ്."

പിന്നെ സലാം ചെയ്യുന്നു; അഭിവന്ദിക്കുന്നു. ആദ്യം വല ത്തുവശത്തും പിന്നെ ഇടത്തുവശത്തും. അപ്പോഠം യഥാക്രമം വലത്തോട്ടും ഇടത്തോട്ടും മുഖം തിരിക്കുന്നു. അതോടൊപ്പം "അസ്സലാമു അലൈക്കും വ റഹ്മത്തല്ലാഹ്" എന്നുവെച്ചാൽ നിങ്ങഠംക്കു സമാധാനമുണ്ടാവട്ടെ, അല്ലാഹുവിൻെറ കൃപയും ഉണ്ടാ വട്ടെ എന്നു പറയുന്നു. വലത്തോട്ടു സലാം ചെയ്യുമ്പോഠം വല ത്തുവശത്തുള്ള ദൈവദൂതന്മാരേയും അവിടെ നമസ്കരിക്കുന്നവരേ യും ഇടത്തോട്ടു സലാം ചെയ്യുമ്പോഠം അവിടെയുള്ള ദൈവദൂത ന്മാരേയും അവിടെ നമസ്കരിക്കുന്നവരേയും മനസാ സ്മരിക്കുന്നു. ഇങ്ങിനെ രണ്ടു "റക്ക്അത്തേ"ാടുകൂടിയ നമസ്കാരം പൂൎത്തിയായി. മൂന്നും നാലും 'റക്ക്അത്തോ'ടുകൂടിയ നമസ്കാരങ്ങളും ഉണ്ടു്. നമ

സ്കാരവിരാമത്തോടുകൂടിയ ഈ ആശീർവ്വാദത്തിന്നുശേഷം പിന്നേയും ചിലർ പ്രാർത്ഥന ചൊല്ലുന്നു. ആ പ്രാർത്ഥനയുടെ അർത്ഥം ഇതാണ്:

"ഹേ അല്ലാഹു. നീ മാത്രമാണ് ഞങ്ങളുടെ രക്ഷാകർത്താവ്. നിന്നിൽനിന്നുമാത്രമേ ഞങ്ങൾക്കു രക്ഷ ലഭിക്കൂ. നീ വളരെ കൃപാലുവാണ്. നീ പ്രതാപവാൻ–അദ്ഭുതശക്തിയുള്ളവൻ—ആകുന്നു."

അതിന്നുശേഷം കൈപൊക്കി പ്രാർത്ഥനചൊല്ലുന്നു. ഈ സമയത്ത് കൈ കഴുത്തിന്നുമീതെ കൊണ്ടുപോകയില്ല. ഈ പ്രാർത്ഥനാമന്ത്രത്തിൻെറ താത്പര്യമിതാണ്.

"ഹേ അല്ലാഹു, ഞങ്ങൾ നിന്നോട് സഹായം യാചിക്കുന്നു. മഗ്ഫിറത്ത് (മോക്ഷം) ആഗ്രഹിക്കുന്നു. നിന്നെ വിശ്വസിക്കയും ആശ്രയിക്കയും ചെയ്യുന്നു. നിന്നെ അത്യധികം പുകഴ്ത്തുന്നു. നിന്നോട് കൃതജ്ഞതപറയുന്നു. ഞങ്ങൾ ഒരിക്കലും കൃതഘ്നത കാണിക്കയില്ല. നിന്നെ ആദരിക്കാത്തവരെ ഞങ്ങൾ ബഹിഷ്കരിക്കും, ഞങ്ങളവരിൽനിന്നു വിട്ടുനില്ക്കും. അല്ലയോ അല്ലാഹു, ഞങ്ങൾ നിന്നെ ആരാധിക്കുന്നു. നിനക്കുവേണ്ടി നമസ്കരിക്കുന്നു. ഞങ്ങൾ, നിൻെറ അടുക്കലേയ്ക്കോടുന്നു, അവിടെ എത്താനായി പിടയുന്നു; നിൻെറ കാരുണ്യത്തെ പ്രതീക്ഷിച്ചുകൊണ്ടാണിരിക്കുന്നതു്. ഞങ്ങൾ നിൻെറ "അദാബി"നെ (പാപത്തിന്നുള്ള ശിക്ഷയെ) ഭയപ്പെടുന്നു. അവിശ്വാസികൾക്കു നിൻെറ "അദാബ്" അനുഭവിക്കേണ്ടിവരും തീർച്ച."

ഈ പ്രാർത്ഥന ചൊല്ലിയശേഷം കൈകൊണ്ടു് മുഖം തുടക്കുന്നു. പിന്നെ വിരലിൽ കണക്കുപിടിച്ച് "സുബ്ഹാ നല്ലാഹ്" എന്നും "അൽഹം ദുലില്ലാഹ്" എന്നും 33 പ്രാവശ്യം വീതവും "അല്ലാഹു അക്ബർ" എന്നു 34 പ്രാവശ്യവും ചൊല്ലുന്നു.

A.R.B.

# മുസ്ലീം മാസങ്ങൾ

മുസ്ലീംകളുടെ വഷ്ത്തിന്നും 12 മാസങ്ങൾതന്നെയാണ്. അവർ ചന്ദ്രദശ്നത്തെ ആധാരമാക്കിയാണ് കാലം കണക്കാക്കുന്നതു്. ശുക്ലപക്ഷത്തിൽ ആദ്യമായി ചന്ദ്രനെ ദശിക്കുന്നദിവസമാണ് മാസം ആരംഭിക്കുന്നതു്. അത്രയുമല്ല; അവരുടെ ദിവസവും ചന്ദ്രദശ്നം മുതല്ക്കാണ് അഥവാ സൂര്യാസ്തമനം മുതൽക്കാണാരംഭിക്കുന്നതു്. അതിനാൽ, സൌര രാത്രിയേക്കാൾ 24 മണിക്കൂർ മുമ്പായിരിക്കും അവരുടെ രാത്രി. ഉദാഹരണം: ഞായറാഴ്ച സന്ധ്യക്ക് 7 മണിക്ക് പ്രതിപദചന്ദ്രനെ കണ്ടാൽ അന്നു് ആ സമയം മുതൽ മുസ്ലീംകളുടെ തിങ്കളാഴ്ച ആരംഭിക്കുന്നു. മററുള്ളവരുടെ ഞായറാഴ്ച രാത്രി മുസ്ലീംകളുടെ തിങ്കളാഴ്ച രാത്രിയാണ്. തിങ്കളാഴ്ച പകൽ എല്ലാവക്കും ഒന്നുതന്നെ.

ക്രി. പി. 622 ജൂലായി 16-ാംനു- ഹസ്രത്ത് മുഹമ്മദ് മക്കയിൽനിന്നു മദീനയിലേക്കു പോയി. ഇതിനെ ഹിജ്റത്ത് എന്നു പറയുന്നു. അന്നുതൊട്ടാണ് മുസ്ലീംകളുടെ കൊല്ലം ആരംഭിക്കുന്നതു്. ഇതിനെ ഹിജ്റവഷം എന്നു പറയുന്നു.

ചാന്ദ്രമാസം അനുസരിച്ചാണ് കാലം കണക്കാക്കുന്നതെങ്കിലും 3 കൊല്ലം കൂടുമ്പോൾ ഒരു മാസം അധികം എടുക്കുന്ന

പതിവ് മുസ്ലീംകൾ സ്വീകരിച്ചിട്ടില്ല. അതിനാൽ, ഒരു പ്രത്യേക മുസ്ലീംമാസം കൊല്ലത്തിൽ ഏതുകാലത്താണ് വരികയെന്നു തീർത്തുപറയുക സാധ്യമല്ല. അവരുടെ കൊല്ലത്തിന്നു 354 ദിവസവും 9 മണിക്കൂറുമാണുള്ളത്. അതിനാൽ, അവരുടെ പുതുവർഷം കൊല്ലംതോറും ഏതാണ്ട് 11ദിവസം മുമ്പായിവരുന്നു.

അവരുടെ 12 മാസങ്ങളുടെ പേരും ഓരോ മാസത്തിലും വരുന്ന പ്രധാന ഉത്സവങ്ങളുടെ പേരും താഴെ കൊടുക്കുന്നു. മുഹറം, റജബ്, ദുൽഖഅദ്, ദുൽഹിജ്ജ എന്നീ മാസങ്ങൾ പവിത്രമാണത്രേ. ആ മാസങ്ങളിൽയുദ്ധം നിഷിദ്ധമാണ്.

| | മാസം | | ഉത്സവം |
|---|---|---|---|
| 1. | മുഹറം | : | മുഹറം |
| 2. | സഫർ | : | — |
| 3. | റബീഉൽ അവ്വൽ | : | മൌലൂദ്ശരീഫ്;ബാരാവഫാത |
| 4. | റബീഉൽ ആഖിർ (റബി ഉസ്സാനി) | | |
| 5. | ജമാദുൽ അവ്വൽ (ജാമാദുൽ ഊലാ) | | |
| 6. | ജാമാദുസ്സാനി (ജമാദുൽഉഖ്റാ) or (ജമാദുൽആഖിർ) | | |
| 7. | റജബ് | : | മി അറാജ് |
| 8. | ശഅ്ബാൻ | : | ശബരാത്ത് |
| 9. | റംസാൻ | : | ശബേകദ്ര് |
| 10. | അവ്വാൽ | : | റസാൻ ഈദ് |
| 11. | ദുൽഖ അദ് | : | — |
| 12. | ദുൽ ഹിജ്ജത്ത് | : | ബക്രീദ് |

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No M297 Acc. No. 33202

This book should be returned on or before the date last stamped below.

10 JUN 1999
22 NOV 2001
11 NOV 2003

If the book is not returned on due date a fine of 15 Ps. (~~Five~~) per day will be charged.

M297

33202

ജോഷി: ശ്രീപാദ്

മുസ്ലീംകളുടെ ഉത്സവങ്ങളും

സംസ്കാരങ്ങളും

KOTTAYAM P BLIC LIBRARY

Call No. M297 Acc. No 33202

Author [illegible]

Title മുസ്ലിംകളുടെ ഉത്സവങ്ങളും സംസ്കാരങ്ങളും